# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എറണാകുളം ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം

എറണാകുളം -682030

ഇ-മെയിൽ: dtpanchayathekm10@gmail.com

ഫോൺ : 0484-24222

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഇ.കെ.എം/ഡി.പി/ഇ2/60/23

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ
ഓഡിറ്റ് കാര്യാലയം
എറണാകുളം -682030
തീയ്യതി: 29/03/2023
ഇ-മെയിൽ:
dtpanchayathekm10@gmail.com
ഫോൺ: 0484-24222

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എറണാകുളം ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ/ഇ.കെ.എം/ഡി.പി/ഇ2/60/23 തീയ്യതി: 29/03/2023

## എറണാകുളം ജില്ലയിലെ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജയ സി.ആർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2021 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 28-10-2022 | 10-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീമതി ഷേർലി പീറ്റർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)(10.02.2023 വരെ)
2.ശ്രീ ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ (13.02.2023 മുതൽ)
3.ശ്രീമതി ഉമ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4.ശ്രീ ശ്രീജിത്ത് സി.ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ ഉല്ലാസ് തോമസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ അജി ഫ്രാൻസിസ് | സെക്രട്ടറി | 01-04-2021 | 30-11-2021 |
| ശ്രീ ജോബി തോമസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സുരേഷ് കുമാർ | അസി.എക്സി.എഞ്ചിനീയർ (കൃഷി) | 01-04-2021 | 31-03-2022 |
| ശ്രീമതി രാജി ജോസ്.എ | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) | 01-04-2021 | 31-03-2022 |
| ശ്രീ നൗഷർ ഖാൻ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്) | 01-04-2021 | 31-03-2022 |
| ശ്രീ ബിന്ദുമോൻ പി.പി | ഡെപ്യൂട്ടി ഡയറക്ടർ (ഡയറി) | 01-04-2021 | 31-03-2022 |
| ശ്രീമതി രഞ്ജിനി എസ് | ജില്ലാ മിഷൻ കോ ഓർഡിനേറ്റർ കുടുംബശ്രീ | 01-04-2021 | 31-03-2022 |
| ശ്രീമതി സൂസൻ ലീ | സൂപ്രണ്ട് , ജില്ലാ കൃഷി തോട്ടം നേര്യമംഗലം | 01-04-2021 | 31-03-2022 |
| ശ്രീ ഫിലിപ്പ്ജി റ്റി കണ്ണാട്ട് | ഫാം സൂപ്രണ്ട്, ഒക്കൽ കൃഷിതോട്ടം | 01-04-2021 | 31-03-2022 |
| ശ്രീമതി ആനി ആന്റണി | സൂപ്രണ്ട്, കോക്കനട്ട് നഴ്സറി വൈറ്റില | 01-04-2021 | 31-03-2022 |
| ശ്രീമതി ലിസിമോൾ ജെ വടക്കുട്ട് | സൂപ്രണ്ട് ,ആലുവ ഫാം | 01-04-2021 | 31-03-2022 |
| ശ്രീ ബൈജു | ഡിസിട്രിക്റ്റ് സോയിൽ കൺസർവേഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അലീറ്റ എൻ ജോൺ | മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് കുറുപ്പംപടി | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രീതി | റീജിയണൽ ആനിമൽ ഹസ്ബന്ററി സെന്റർ ആലുവാ | 01-04-2021 | 31-03-2022 |
| ഡോ.ഗോപകുമാർ എ | ഡെപ്യൂട്ടി ഡയറക്ടർ (ആനിമൽ ഹസ്ബന്ററി) | 01-04-2021 | 31-03-2022 |
| ഡോ റ്റി ഇന്ദിര | ചീഫ് വെറ്ററിനറി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ സൗമ്യ | വെറ്ററിനറി സർജൻ അങ്കമാലി | 01-04-2021 | 31-03-2022 |
| ഡോ അജിത് | സൂപ്രണ്ട് ( ഹോമിയോ ) | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ടീസാ ജോസ് | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം | 01-04-2021 | 31-03-2022 |
| ഡോ.പ്രസന്നകുമാരി കെ | സൂപ്രണ്ട്, ജില്ലാ ആശുപത്രി(അലോപ്പതി) | 01-04-2021 | 31-03-2022 |
| ഡോ ജയശ്രീ | ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) | 01-04-2021 | 31-03-2022 |
| ഡോ സോണിയ | ജില്ലാ മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ ലീനാ റാണി | ജില്ലാ മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീലത | എക്സിക്യൂട്ടീവ് എൻജിനിയർ, എൽഎസ്ജിഡി | 01-04-2021 | 31-03-2022 |
| ശ്രീമതി സുജ എ എം | അസി.എക്സിക്യൂട്ടീവ് എൻജിനിയർ (എൽഎസ്ജിഡി) | 01-04-2021 | 31-03-2022 |
| ശ്രീമതി ഹണി ജി അലക്സാണ്ടർ | ഡെപ്യൂട്ടി ഡയറക്ടർ(വിദ്യാഭ്യാസം) | 01-04-2021 | 31-03-2022 |
| ശ്രീമതി സന്ധ്യ | ഡിസ്ട്രിക്ട് ഡെവലപ്മെന്റ് ഓഫീസർ (പട്ടിക ജാതി) | 01-04-2021 | 31-03-2022 |
| ശ്രീ ഷംനാദ് | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സിന കെ ബി | ജില്ലാ പ്രോഗ്രാം ഓഫീസർ(ഐസിഡിഎസ്) | 01-04-2021 | 31-03-2022 |
| ശ്രീമതി അഷിത | പ്രോജക്ട് ഓഫീസർ(ഖാദി) | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീബ എസ് | മാനേജർ, (ജില്ലാ വ്യവസായകേന്ദ്രം) | 01-04-2021 | 31-03-2022 |
| ശ്രീ അനിൽ ഭാസ്കർ | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മൂവാറ്റുപുഴ | 01-04-2021 | 31-03-2022 |
| ശ്രീ ലിറ്റിൽ തോമസ് | ഹെഡ് മാസ്റ്റർ (മണീട്) | 01-04-2021 | 31-03-2022 |
| ശ്രീമതി ലക്ഷ്മി പ്രസാദ് | ജില്ലാ വനിതാ വെൽഫെയർ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.എൽസി.സി.വൈ | മെഡിക്കൽ ഓഫീസർ/ സൂപ്രണ്ട്, ജില്ലാ ആശുപത്രി (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രേംന മനോജ് ശങ്കർ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 7 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | 1-7 |
| 8 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-8 |
| 9 | സംസ്ഥാന വിത്തുദ്പാദന കേന്ദ്രം - ഒക്കൽ - വരവ്-ചെലവ് കണക്കുകളിലെ ചില ഇനങ്ങൾ വ്യക്തമല്ല. | 1-09 |
| 10 | കൃഷിഭവനുകൾ തുക ഒടുക്കുന്നില്ല. | 1-10 |
| 11 | കാഷ് ബുക്ക് - ബാങ്ക് ബുക്ക് ബാലൻസിൽ വ്യത്യാസം. | 1-11 |
| 12 | പാസ്സ് ബുക്കിലെയും കളക്ഷൻ രജിസ്റ്ററിലെയും തുകകളിൽ വ്യത്യാസം | 1-12 |
| 13 | ടെണ്ടർ ഫീ, ഇ.എം.ഡി, ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 1-13 |
| 14 | അപ്രന്റീസ് ആക്ട് പ്രകാരമുള്ള തുക പ്രതിപൂരണം ചെയ്തു ലഭിച്ചിട്ടില്ല - 72,000 രൂപ വരവ് നഷ്ടം | 1-14 |
| 15 | 13-ാം പഞ്ചവത്സര പദ്ധതി -വരവ്-ചെലവുകൾ-അവലോകനം | 1-15 |
| 16 | 15.25 കോടി രൂപ ഗ്രാന്റ് തുക ലാപ്സായി - 87 ലക്ഷം രൂപ സംയുക്ത പദ്ധതി തുക ട്രഷറി തിരിച്ചെടുത്തു. | 1-16 |
| 17 | ജില്ലാ പഞ്ചായത്ത് പരിധിയിൽ പൂർണ്ണ തോതിലുള്ള മണ്ണ് പരിശോധന നടക്കുന്നില്ല. | 1-17 |
| 18 | പരിശോധനയിൽ കണ്ടെത്തിയ അടിയന്തിരമായി പരിഗണിക്കേണ്ട വിഷയങ്ങൾ | 1-18 |
| 19 | സംയുക്ത പദ്ധതി നടത്തിപ്പിലെ അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല. | 1-19 |
| 20 | കുടുംബശ്രീ ഡ്രൈഫിഷ് യൂണിറ്റ് – പദ്ധതി പ്രവർത്തനസജ്ജമായിട്ടില്ല | 1-20 |
| 21 | ജി ഐ എഫ് ഡി ഇൻസ്റ്റിറ്റ്യൂട്ടുകളുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത. | 1-21 |
| 22 | കൈത്തറിക്കൊരു കൈത്താങ്ങ്-ദീർഘ വീക്ഷണമില്ലാത്ത പദ്ധതി രൂപീകരണം | 1-22 |
| 23 | ഫാമുകളുടെ പ്രവർത്തനം-ഉല്പാദന മാന്ദ്യം-നിയന്ത്രണസംവിധാനങ്ങൾ കാര്യക്ഷമമല്ല. | 1-23 |
| 24 | റീ സർക്കുലേറ്ററി അക്വാ കൾച്ചർ - നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി അവലോകനം നടത്തിയിട്ടില്ല | 1-24 |
| 25 | ആലുവ ജില്ലാ ആശുപത്രി-സെപ്റ്റിക്ക് ടാങ്ക് നർമ്മാണം-പ്രവൃത്തി പൂർത്തിയാവാതെ അവശേഷിക്കുന്നു. | 1-25 |
| 26 | കുടുംബശ്രീ ട്രെയിനിംഗ് സെന്റർ നിർമ്മാണം-കൃത്യമായ ലക്ഷ്യം വിഭാവനം ചെയ്യാതെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നു. | 1-26 |
| 27 | പാഴൂർ മോളം എസ് സി കോളനി കുടിവെള്ള പദ്ധതി പൂർത്തിയാകാതെ | 1-27 |

| | | |
|---|---|---|
| | അവശേഷിക്കുന്നു. | |
| 28 | കൂലിച്ചെലവിന് ആനുപാതികമായി ധനസഹായം വർദ്ധിക്കുന്നില്ല. | 1-28 |
| 29 | കേരഗ്രാമം - വിത്ത് തേങ്ങ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുക. | 1-29 |
| 30 | ഗുണഭോക്താക്കൾക്ക് പൂർണ്ണതോതിൽ മരുന്ന് നൽകാൻ കഴിയുന്നില്ല. | 1-30 |
| 31 | സ്റ്റോക്ക് രജിസ്റ്ററുകളിലെ അപാകതകൾ | 1-31 |
| 32 | ബില്ല്/വൗച്ചർ ഹാജരാക്കിയില്ല - | 1-32 |
| 33 | പുറമെ നിന്ന് അസംസ്കൃത വസ്തുക്കൾ വാങ്ങി ഉത്പന്നങ്ങളാക്കി കൃഷിത്തോട്ടത്തിൽ വിതരണം ചെയ്യുന്നു. | 1-33 |
| 34 | ക്ഷീരവർദ്ധിനി-ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- അവലോകന രേഖകൾ ഹാജരാക്കിയിട്ടില്ല | 1-34 |
| 35 | പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം, ആലുവ - സേവനങ്ങൾ ലഭ്യമാക്കുന്നില്ല. | 1-35 |
| 36 | ചെലവ് ചെയ്യാത്ത ഡെപ്പോസിറ്റ് തുക തിരികെ നൽകുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടില്ല. | 1-36 |
| 37 | മെച്ചപ്പെട്ട വിദ്യാഭ്യാസ പൂർത്തീകരണം - രേഖകൾ ഹാജരാക്കിയില്ല. | 1-37 |
| 38 | കൂട് മത്സ്യകൃഷി -രേഖകൾ ഹാജരാക്കിയില്ല. | 1-38 |
| 39 | വീട്ടുവളപ്പിലെ മത്സ്യകൃഷി (പടുതാ)-രേഖകൾ ഹാജരാക്കിയില്ല. | 1-39 |
| 40 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി- പണി പൂർത്തിയാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-40 |
| 41 | കുട്ടികൾക്കായുള്ള ജില്ലാ വെബ് പോർട്ടൽ - സംയുക്ത പദ്ധതി,പ്രവർത്തനങ്ങളിൽ വ്യക്തതയില്ല. | 1-41 |
| 42 | നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം-കർഷകർക്കും തൊഴിലാളികൾക്കും ട്രെയ്നിംഗ്-പദ്ധതി പൂർത്തിയായില്ല | 1-42 |
| 43 | ജില്ലാ കൃഷിത്തോട്ടം നേര്യമംഗലം-നടീൽ വസ്തുക്കളുടെ ഉത്പാദന പ്രൊജക്ടിലെ അപാകങ്ങൾ | 1-43 |
| 44 | ക്ഷീരമിത്രം -പാലിന് ഇൻസെന്റീവ് -വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല | 1-44 |
| 45 | ആലുവ ജില്ലാ ആശുപത്രിയിൽ ഓക്സിജൻ ജനറേറ്റർ പ്ലാന്റ് ഷെൽട്ടറിന് ഇലക്ട്രിഫിക്കേഷൻ -അളവുകളിൽ കൃത്യതയില്ല. | 1-45 |
| 46 | നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1-46 |
| 47 | ഡെപ്പോസിറ്റ് വേലകൾ - കരാർ ഉടമ്പടി പാലിക്കുന്നില്ല. | 1-47 |
| 48 | പദ്ധതി നടപ്പായില്ല-നിർവഹണ ഏജൻസിയിൽ നിന്ന് തുക തിരികെ ഈടാക്കേണ്ടതാണ്. | 1-48 |
| 49 | ക്ഷീരവർദ്ധിനി - പദ്ധതി ലക്ഷ്യം നേടുന്നില്ല. | 1-49 |
| 50 | ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) നിർവഹണം നടത്തിയ വിവിധ പദ്ധതികളുടെ രേഖകൾ ഹാജരാക്കിയില്ല. | 1-50 |
| 51 | ടെണ്ടർ നടപടി പ്രകാരം അംഗീകരിച്ച തുകയേക്കാൾ കൂടിയ തുക നൽകിയിരിക്കുന്നു. | 1-51 |

| | | |
|---|---|---|
| 52 | റിടെൻഷൻ ഇനത്തിൽ 23,352 രൂപ അധികം തിരിച്ച് നൽകി | 1-52 |
| 53 | മാലിന്യ നിർമ്മാർജ്ജനം ജൈവ വള യൂണിറ്റ്-പദ്ധതി ഫലപ്രദമായില്ല - ചെലവ് തുകയായ 20,33,701 രൂപ തടസ്സപ്പെടുത്തുന്നു. | 1-53 |
| 54 | ആധുനിക കോഫി കിയോസ്കുകൾ -ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല - 9,00,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-54 |
| 55 | ജീവ രഥം-പട്ടികജാതി യുവജനങ്ങൾക്ക് ഇ ഓട്ടോ- രേഖകൾ ഹാജരാക്കിയിട്ടില്ല -6,00,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-55 |
| 56 | തീര സമൃദ്ധി പദ്ധതി- ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല - 3,45,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-56 |
| 57 | എസ്.ടി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് - നിർവഹണത്തിൽ ക്രമക്കേട് - 3,30,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-57 |
| 58 | രേഖകളിൽ ക്രമക്കേട് - 2,36,334 രൂപ തടസ്സപ്പെടുത്തുന്നു. | 1-58 |
| 59 | പെണ്ണെഴുത്ത് നൂതന പദ്ധതി -64,587 രൂപ തടസ്സപ്പെടുത്തുന്നു. | 1-59 |
| | ഭാഗം **2** | |
| 1 | അപ്രന്റീസ് ആക്ട് പ്രകാരമുള്ള തുക പ്രതിപൂരണം ചെയ്തു ലഭിച്ചിട്ടില്ല - 72,000 രൂപ വരവ് നഷ്ടം | 2-1 |
| | ഭാഗം **3** | |
| 1 | കരാർ ലംഘിച്ച് പശുവിനെ വിറ്റു - 60,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | റിടെൻഷൻ ഇനത്തിൽ 23,352 രൂപ അധികം തിരികെ നൽകി. | 3-2 |
| 3 | ജി.എസ്.ടി ചേർത്ത തുകയിൽ വീണ്ടും ജി.എസ്.ടി ഈടാക്കി - 10,212 രൂപ അധികച്ചെലവ് | 3-3 |
| 4 | തുക കണക്കാക്കിയതിലെ അപാകത- 7,500 രൂപ അധികം നൽകി | 3-4 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | തുക നൽകാത്ത കൃഷി കാര്യാലയങ്ങൾ (ഖണ്ഡിക 1-10) |
| 4 | പാസ്ബുക്കിലും കളക്ഷൻ രജിസ്റ്ററിലും ലഭ്യമല്ലാത്ത ഓൺലൈൻ തുകകൾ (ഖ-1-12) |
| 5 | സംയുക്ത പദ്ധതികളുടെ വിവരം (ഖണ്ഡിക 1-19) |
| 6 | ലഭ്യമാക്കി മാസങ്ങൾ കഴിഞ്ഞിട്ടും ഉപയോഗിക്കാത്ത മരുന്നുകളുടെ വിവരം. (ഖണ്ഡിക 1-30) |
| 7 | ഭവന നിർമ്മാണം പൂർത്തിയാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ. (ഖ - 1-40) |
| 8 | കാരുണ്യ സ്പർശം -ഡയാലിസിസ് തുടർചികിത്സാ പദ്ധതി (സംയുക്തം)(ഖ.4-2) ഗ്രാമ പഞ്ചായത്ത് വിഹിതം- അടവാക്കൽ -ചെലവ് -വിവരങ്ങൾ |
| 9 | കുട്ടികൾക്കായുള്ള ജില്ല വെബ് പോർട്ടൽ -(സംയുക്തം) (ഖ.4-2) |
| 10 | സ്വന്തം- ഏർളി ഇൻവെൻഷൻ സെന്റേഴ്സ് പദ്ധതി (സംയുക്തം)(ഖ.4-2) ഗ്രാമ പഞ്ചായത്ത് വിഹിതം- അടവാക്കൽ -ചെലവ് -വിവരങ്ങൾ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ്

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 16.2.2021 തിയ്യതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം പാസ്സാക്കുകയുണ്ടായി. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് താഴെ കൊടുക്കുന്നു.

| | |
|---|---|
| മുൻബാക്കി | 9,78,96,182 |
| പ്രതീക്ഷിത വരവ് | 170,98,81,500 |
| ആകെ | 180,77,77,682 |
| പ്രതീക്ഷിത ചെലവ് | 176,82,77,223 |
| നീക്കി ബാക്കി | 3,95,00,459 |

പുതുക്കിയ ബജറ്റ് 10.3.2022 തിയ്യതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം പാസ്സാക്കി. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മുൻബാക്കി | 12,77,12,305 |
| പ്രതീക്ഷിത വരവ് | 172,61,04,245 |
| ആകെ | 185,38,16,550 |
| പ്രതീക്ഷിത ചെലവ് | 175,42,07,249 |
| നീക്കി ബാക്കി | 9,96,09,301 |

ബഡ്ജറ്റ് അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 (1) പ്രകാരം തയ്യാറാക്കുന്ന ബജറ്റിൽ സബ്സെക്ഷൻ (3) പ്രകാരം പ്രതീക്ഷിക്കുന്ന വരവുകൾ കൃത്യവും വിപുലവുമായിരിക്കണം. എന്നാൽ പ്രതീക്ഷിത വരവിലും ചെലവിലും വലിയ അന്തരം ബജറ്റും വാർഷീക ധനകാര്യ പത്രികയും തമ്മിൽ ഉണ്ട്. വിശാദാംശങ്ങൾ ചുവടെ.

| ബജറ്റ് വരവ് | യഥാർത്ഥ വരവ് | വ്യത്യാസം | ബജറ്റ് ചെലവ് | യഥാർത്ഥ ചെലവ് | വ്യത്യാസം |
|---|---|---|---|---|---|
| 180,77,77,682 | 134,03,65,922 | 46,74,11,760 | 176,82,77,223 | 123,89,86,998 | 52,92,90,225 |

സാമ്പത്തിക വർഷാവസാനത്തിൽ തയ്യാറാക്കുന്ന റിവൈസ്ഡ് ബജറ്റുമായും യഥാർത്ഥ വരവ് ചെലവ് കണക്കുകൾക്ക് വലിയ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ചുവടെ.

| ബജറ്റ് വരവ് (റിവൈസ്ഡ്) | യഥാർത്ഥ വരവ് | വ്യത്യാസം | ബജറ്റ് ചെലവ് (റിവൈസ്ഡ്) | യഥാർത്ഥ ചെലവ് | വ്യത്യാസം |
|---|---|---|---|---|---|
| 172,61,04,245 | 134,03,65,922 | 38,57,38,323 | 175,42,07,249 | 123,89,86,998 | 51,52,20,251 |

ജില്ലാ പഞ്ചായത്ത് തനത് വരുമാനത്തിൽ മുഖ്യ പങ്ക് വിവിധ ഫാമുകളിൽ നിന്നുള്ള വരുമാനമാണ്. 8 കോടി

രൂപ വരവ് ബജറ്റിൽ പ്രതീക്ഷിച്ചെങ്കിലും ഫാമുകളിൽ നിന്ന് ലഭിച്ചത് 2.44കോടി രൂപ മാത്രമാണ്. പ്രിയദർശിനി ഹാൾ വാടക വർദ്ധനവിലൂടെ 5 ലക്ഷം രൂപ വരുമാനം പ്രതീക്ഷിച്ചിരുന്നവെങ്കിലും 45,000 രൂപയാണ് വരവുണ്ടായത്. മറ്റ് വരവുകൾ എന്ന ശീർഷകത്തിൽ 1,75,00,000 രൂപ പ്രതീക്ഷിച്ചിരുന്നവെങ്കിലും ഈയിനത്തിൽ വരവൊന്നും തന്നെയില്ല.

പ്രൊജക്റ്റുകളുടെ, പ്രത്യേകിച്ചും മരാമത്ത് പ്രവൃത്തി പ്രൊജക്റ്റുകളുടെ വർദ്ധിച്ച തോതിലുള്ള റിവിഷനുകൾ ഇവ തൻവർഷം പൂർത്തീകരിക്കുന്ന അവസ്ഥ ഇല്ലാതാക്കുകയും ചെലവ് തുകകളിൽ ഗണ്യമായ കുറവ് വരുന്നതിന് കാരണമാവുകയും ചെയ്യുന്നു. സ്ഥല പരിശോധന ഇല്ലാതെ മരാമത്ത് മേഖലയിലെ പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതും, പ്രവൃത്തി സ്ഥലം കൈമാറുന്നതിലുള്ള തർക്കത്തെ തുടർന്നുള്ള കാലതാമസവും, എൻ.ഒ.സി ലഭ്യമാവേണ്ട പ്രവൃത്തി സ്ഥലങ്ങളുടെ കാര്യത്തിൽ അവ ലഭിക്കുന്നതിൽ വരുന്ന കാലതാമസവും പ്രവൃത്തികളുടെ നിർവ്വഹണം നീണ്ടുപോവുന്നതിന് കാരണമാവുകയും ചെലവ് തുകയിലെ ഗണ്യമായ അന്തരത്തിന് കാരണമാവുകയും ചെയ്യുന്നു. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31.07.2022 | 30.07.2022 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,69,76,131 |
| വരവ് | 132,33,89,791 |
| ആകെ | 134,03,65,922 |
| ചെലവ് | 123,89,86,998 |
| നീക്കിയിരിപ്പ് | 10,13,78,924 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക | അടുത്ത വർഷം കാരി ഓവർ ചെയ്ത് ലഭിക്കുന്ന തുക * | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്, ജനറൽ | 0 | 30,63,44,788 | 30,63,44,788 | 28,70,81,411 | 1,92,63,377 | 1,92,63,377 | 0 |
| വികസന ഫണ്ട്, എസ്.സി.പി | 0 | 15,44,11,547 | 15,44,11,547 | 12,46,79,358 | 2,97,32,189 | 2,97,32,189 | 0 |
| വികസന ഫണ്ട്, ടി.എസ്.പി | 0 | 66,50,159 | 66,50,159 | 63,85,474 | 2,64,685 | 2,64,685 | 0 |
| മെയിന്റനൻസ് ഫണ്ട്, റോഡ് | 0 | 61,04,53,012 | 61,04,53,012 | 36,21,83,681 | 24,82,69,331 | 12,20,90,602 | 12,61,78,729 |
| മെയിന്റനൻസ് ഫണ്ട്, നോൺ റോഡ് | 0 | 14,17,43,973 | 14,17,43,973 | 8,70,17,022 | 5,47,26,951 | 2,83,48,795 | 2,63,78,156 |
| കേന്ദ്ര | 0 | 5,57,19,862 | 5,57,19,862 | 2,55,96,266 | 3,01,23,596 | --- | --- |

| | | | | | | | |
|---|---|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്, ബാങ്ക് അക്കൗണ്ട്, സൗത്ത് ഇൻഡ്യൻ ബാങ്ക്)** | | | | | | | |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്, ട്രഷറി) *** | 0 | 1,72,28,727 | 1,72,28,727 | 81,74,256 | 90,54,471 | 90,54,471 | 0 |
| കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്, ബാങ്ക് അക്കൗണ്ട്, സൗത്ത് ഇൻഡ്യൻ ബാങ്ക്) | 0 | 8,10,97,000 | 8,10,97,000 | 2,54,29,081 | 5,56,67,919 | --- | --- |
| കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് , ട്രഷറി) *** | 0 | 4,95,59,693 | 4,95,59,693 | 2,90,64,915 | 2,04,94,778 | 2,04,94,778 | 0 |
| സർവ്വ ശിക്ഷ അഭിയാൻ | 9,52,214 | 22,993 | 9,75,207 | 0 | 9,75,207 | --- | --- |
| രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ | 0 | 32,51,782 | 32,51,782 | 32,00,000 | 51,782 | | |
| തനത് ഫണ്ട് (ട്രഷറി, LGTSB ) ***** | 30,52,856 | 26,39,69,069 | 26,70,21,925 | 26,53,02,182 | 17,19,743 | | |
| തനത് ഫണ്ട് (UBI)****** | 0 | 1,26,14,379 | 1,26,14,379 | 0 | 1,26,14,379 | | |
| തനത് ഫണ്ട് (കേരള ബാങ്ക്) | 35,972 | 0 | 35,972 | 0 | 35,972 | | |
| കൊവിഡ് കെയർ (യു.ബി.ഐ) | 0 | 4,49,591 | 4,49,591 | 0 | 4,49,591 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| ട്രഷറി (ന്യൂ സീരീസ്, ജോയിന്റ് വെഞ്ച്വർ) | 0 | 94,64,844 | 94,64,844 | 94,48,844 | 16,000 | | |

- * ധനകാര്യ (എസ്.എഫ്.സി.സെൽ -എ) വകുപ്പിന്റെ 15-07-2021 ലെ സ.ഉ(കൈ) നം.79/2021/ധന ഉത്തരവ് പ്രകാരം തൻവർഷത്തെ അലോട്ട്മെന്റിന്റെ പരമാവധി 20% തുകയാണ് കാരി ഓവറായി അടുത്ത വർഷം അനുവദിക്കുക.
- ** കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ്, ടൈഡ് എന്നീ ഗ്രാന്റുകൾക്ക് ഒരു ബാങ്ക് അക്കൗണ്ട് (സൗത്ത് ഇൻഡ്യൻ ബാങ്ക്) ആണ് ഉപയോഗിക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ പലിശ ഇനത്തിൽ ലഭിച്ച 16,55,862 രൂപ അൺടൈഡ് ഇനത്തിലെ വരവിൽ ചേർത്തിട്ടുണ്ട്.
- *** 2020-21 വർഷത്തെ കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് തുക ലഭ്യമായത് ട്രഷറി അക്കൗണ്ടിലായിരുന്നു. ആയതിന്റെ നീക്കിബാക്കി 31.03.2021 ൽ ട്രഷറി പിൻവലിച്ചത് 2021-22 ൽ ട്രഷറി അക്കൗണ്ടിൽ തന്നെയാണ് ലഭ്യമാക്കിയത്.
- ***** എ.സി.ആർ പ്രകാരമുള്ള വരവും ചെലവും കണക്കാക്കുമ്പോൾ കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് തുകയുടെ ബാങ്ക് അക്കൗണ്ടിലെ ബാലൻസ് തുക കാണേണ്ടത് 8,57,91,515 രൂപയാണ്. എന്നാൽ അക്കൗണ്ടിൽ ഉള്ളത് 8,65,43,239 രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെടേണ്ടതാണ്.
- ***** മുൻ വർഷത്തെ തനത് ഫണ്ട് ( ട്രഷറി), തനത് ഫണ്ട് ( ട്രഷറി, കൊവിഡ്) എന്നീ അക്കൗണ്ട് ക്ളോസ്സ് ചെയ്ത് ട്രഷറി (LGTSB) എന്ന ട്രഷറി അക്കൗണ്ട് തുടങ്ങി. ഓഡിറ്റ് വർഷത്തെ ജനറൽ പർപ്പസ് ഫണ്ട് വരവും ചെലവും ഈ അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുണ്ട്.
- ****** മുൻ വർഷത്തെ തനത് ഫണ്ട് (SBI), തനത് ഫണ്ട് (IDBI), SSA (UBI) എന്നീ ബാങ്ക് അക്കൗണ്ടുകൾ ക്ളോസ്സ് ചെയ്ത് തനത് ഫണ്ട് (UBI) എന്ന ബാങ്ക് അക്കൗണ്ട് തുടങ്ങി.
- 31.03.2022 ൽ ട്രഷറി (LGTSB) അക്കൗണ്ടിൽ നിന്ന് 19,84,74,753 രൂപ (19,61,61,565 + 23,13,188) ട്രഷറിയിലേക്ക് സർക്കാർ വകമാറ്റിയിട്ടുണ്ട്. ആയത് 06.04.2022 ൽ തിരികെ ലഭ്യമായിട്ടുണ്ട്.
- ട്രഷറി കൊവിഡ് അക്കൗണ്ട് ക്ലോസ്സ് ചെയ്ത് ബാലൻസ് തുകയായ 1,30,000 ട്രഷറി (LGTSB) യിൽ ഒടുക്കിയിരുന്നു. മേൽ തുക 21.03.2022 ൽ സർക്കാർ പിൻവലിച്ചു. ട്രഷറി (സംയുക്ത പദ്ധതി ) അക്കൗണ്ട് ക്ളോസ്സ് ചെയ്ത് ബാലൻസ് തുക ട്രഷറി (LGTSB) യിൽ ഒടുക്കിയിരുന്ന 52,27,752 രൂപയും, ഓഡിറ്റ് വർഷം ആരംഭിച്ച ട്രഷറി (ന്യൂ സീരീസ് ജോയിന്റ് വെഞ്ച്വർ) ലെ ബാലൻസ് തുകയായ 33,51,056 രൂപയും 31.03.2022 ൽ ട്രഷറി പിൻവലിച്ചു. ആയത് ഇതുവരെ തിരികെ ലഭിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1033 | 160,29,55,439 | 565 | 99,87,05,665 (62.30%) | 152 | 316 | 54.7 |

## 1-6 ആഭ്യന്തര നിയന്ത്രണം

1. ജേർണ്ണൽ എൻട്രി നടത്തുന്നതിന്റെ വിശദമായ നോട്ട്സ് സെക്ഷനിൽ സൂക്ഷിക്കുന്നില്ല. ഇത്തരത്തിൽ ജേർണ്ണൽ എൻട്രി നടത്തുന്നതിന് ആധാരമായ രേഖകളും ഹാജരാക്കാൻ ജില്ലാ പഞ്ചായത്തിന് കഴിഞ്ഞില്ല. എല്ലാ ജേർണ്ണൽ എൻട്രികളുടെയും നോട്സ് തയ്യാറാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.
2. കൃഷിത്തോട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടുകളുടെ റികൺസിലിയേഷൻ നടത്തുന്നില്ല. ജില്ലാ പഞ്ചായത്ത് അക്കൗണ്ടുകളോടൊപ്പം കൃഷിത്തോട്ടങ്ങളുടെയും ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റികൺസിലിയേഷൻ പരിശോധിക്കാൻ ജില്ലാ പഞ്ചായത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് പരിശോധനക്ക് ശേഷം ആയത് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-7 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.2022 മുതൽ 23.01.2023 വരെ | 2021-22 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.04.2022 മുതൽ 10.05.2022 വരെ | 2019-20,2020-21,2021-22 | 25.06.2022 |

## 1-8 വാർഷിക കണക്കുകളിലെ അപാകതകൾ

1. വിവിധ ഫാമുകൾക്ക് കൃഷി ഭവനുകളിൽ നിന്നും തുകകൾ ലഭ്യമാകാനുള്ളതായി പരിശോധനയിൽ വ്യക്തമായി. എന്നാൽ ആയത് കണക്കാക്കി Sundry Debtors എന്ന ഹെഡ്ഡിൽ ചേർത്ത് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല.

2. ബാലൻസ് ഷീറ്റ് ബി-3 പ്രകാരം ആകെ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ 117,09,32,418 രൂപയാണ്. മേൽ തുക ആകെ ഫിക്സഡ് അസറ്റ് + ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആകണം. എന്നാൽ 2021-22 ലെ ആകെ ഫിക്സഡ് അസറ്റ് + ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് = 117,67,49,402 രൂപയാണ്. (116,78,69,637 + 88,79,765). 58,16,984 രൂപയുടെ വ്യത്യാസം കാണുന്നു.

3. 320300199 എന്ന ഹെഡ്ഡിൽ 16.11.2021 ൽ 4,54,895 രൂപ Expense Adjusting To Prior Period എന്ന പേരിൽ ജേർണ്ണൽ എൻട്രി ചെയ്തതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

4. 320700204 എന്ന ഹെഡ്ഡിൽ 7,60,000 ബാലൻസ് ഉള്ളതായി ബാലൻസ് ഷീറ്റിൽ കാണുന്നു. എന്നാൽ ആയതിൽ 5,15,824 രൂപ പ്രൊജക്ട് 192/22 എന്ന പദ്ധതിക്ക് ബിൽ നം 1514/25.03.2022, 1515 /25.03.2022 എന്നിവ പ്രകാരം ചെലവായിട്ടുണ്ട്. എന്നാൽ ഇത് പ്രസ്തുത ഹെഡ്ഡിൽ നിന്ന് കുറവ് ചെയ്തിട്ടില്ല. കൂടാതെ മേൽ പദ്ധതി പ്രകാരം 14 ബ്ളോക്ക് പഞ്ചായത്തുകളിൽ നിന്ന് 50,000 രൂപ വീതം ആകെ 7,00,000 രൂപയാണ് ലഭിക്കേണ്ടത്. എന്നാൽ 7,60,000 രൂപ ലഭിച്ചതായി കാണുന്നു. വിശദീകരണം നൽകുക.

5. ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനായുള്ള ബാങ്ക് അക്കൗണ്ടിൽ 2021-22 വർഷം ലഭ്യമായ പലിശ 16,55,862 രൂപ റസീപ്റ്റ് & പെയ്മെന്റിൽ അൺടൈഡ് ഇനത്തിൽ വരവായിട്ടാണ് ചേർത്തിരിക്കുന്നത്.

6. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ടൈഡ്, അൺടൈഡ് ഇനങ്ങളിലെ വരവ് യഥാക്രമം 2,43,39,526 രൂപ, 1,16,96,210 രൂപ എന്നിങ്ങനെയാണ് കാണുന്നത്. എന്നാൽ രസീപ്റ്റ് & പെയ്മെന്റിൽ ഇത് യഥാക്രമം 8,10,97,000 രൂപ, 5,57,19,862 രൂപ എന്നിങ്ങനെയാണ് കാണുന്നത്.

7. വാർഷിക കണക്ക് പ്രകാരം സി.എഫ്.സി ഗ്രാന്റിനത്തിലെ ബാങ്ക് നീക്കിബാക്കി 8,65,43,239 രൂപയാണ്. ട്രഷറിയിലെ ചെലവ് കഴിച്ചുള്ള 31.03.2022 ലെ നീക്കിബാക്കി (സി.എഫ്.സി ബാലൻസ് തുക സർക്കാർ തൊട്ടടുത്ത വർഷം പൂർണ്ണമായും ലഭ്യമാക്കണം) ടൈഡ് ഇനത്തിൽ 2,04,94,778 രൂപയും അൺടൈഡ് ഇനത്തിൽ 90,54,471 രൂപയുമടക്കം ആകെ 2,95,49,249 രൂപയാണ്. ആകെ നീക്കിബാക്കി 11,60,92,488 രൂപയാണ്. ടൈഡ്, അൺടൈഡ് എന്നീ ഇനങ്ങളുടെ എ.സി.ആർ പ്രകാരമുള്ള നീക്കിബാക്കി യഥാക്രമം 7,61,62,697 രൂപ, 3,75,22,205 രൂപ എന്നിങ്ങനെയാണ്. ആകെ 11,36,84,902 രൂപയാണ്. 24,07,586 രൂപ വ്യത്യാസം കാണുന്നു. ആയതിൽ നിന്ന് പാസ്സ് ബുക്കിൽ അധികം ഉള്ളതും എ.സി.ആറിൽ ഇല്ലാത്തതുമായ പലിശ തുകയായ 16,55,862 രൂപ കുറച്ചാൽ 7,51,724 രൂപയുടെ വ്യത്യാസം കാണുന്നു. വിശദീകരണം നൽകുക.

8. എസ്.സി.പി, മെയിന്റനൻസ് ഫണ്ട് (റോഡ്) എന്നീ ഇനങ്ങളിൽ GO ( Rt ) 2617/22/fin/31.03.22 പ്രകാരം ലഭിച്ച 2,64,159 രൂപ, 48,012 രൂപ എന്നിവ സുലേഖ സ്റ്റേറ്റ്മെന്റിൽ അടങ്കലിൽ ചേർത്തിട്ടില്ല.

9. ബാലൻസ് ഷീറ്റ് ബി-15 സൺഡ്രി ഡെബ്റ്റേഴ്സ് (റിസീവബിൾസ്) എന്ന ഹെഡ്ഡിൽ അദർ റിസീവബിൾസ് (കറന്റ്) എന്ന ഇനത്തിൽ 28,82,800 രൂപ, അദർ റിസീവബിൾസ് (അരിയർ) എന്ന ഇനത്തിൽ 63,79,548 രൂപ എന്നിങ്ങനെ ചേർത്തിട്ടുണ്ട്. പ്രസ്തുത തുക ഇ-ടെണ്ടർ ഇനത്തിൽ ലഭ്യമാകാനുള്ള തുകയാണെന്ന് വ്യക്തമാക്കിയെങ്കിലും വിശദാംശങ്ങൾ ഹാജരാക്കിയില്ല.

10. ആർ.പി – 47 ലോൺസ്,അഡ്വാൻസസ്,ഡെപ്പോസിറ്റ് എന്ന ഹെഡ്ഡിൽ കേരള വാട്ടർ അതോറിറ്റിക്ക് തൻ

വർഷം നൽകിയ അഡ്വാൻസ് തുക 3,28,17,600 രൂപയാണെന്ന് ചേർത്തിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധനയിൽ 30 പദ്ധതികൾക്കായി തൻവർഷം 3,43,67,600 രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയതായി കാണുന്നു. 15,50,000 രൂപയുടെ വ്യത്യാസം കാണുന്നു.

1-09 സംസ്ഥാന വിത്തുദ്പാദന കേന്ദ്രം - ഒക്കൽ - വരവ്-ചെലവ് കണക്കുകളിലെ ചില ഇനങ്ങൾ വ്യക്തമല്ല.

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, ഒക്കൽ എന്ന സ്ഥാപനത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(A). സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ഓഡിറ്റ് വർഷം ലഭ്യമായ ചുവടെ ചേർത്തിരിക്കുന്ന തുകകൾ ഏതിനത്തിലാണെന്ന് വ്യക്തല്ല.

1. 09.04.2021 – 66,500

2. 10.06.2021 – 2,000

3. 14.06.2021 – 1,20,000

4. 15.06.2021 -7,760

5. 23.06.2021 – 2,800

6. 14.07.2021 – 7,500

8. 29.07.2021 – 21,000

9. 22.09.2021 – 25,000

10. 23.09.2021 – 2,100

11. 07.10.2021 – 2,100

12. 28.10.2021 – 10,000

13. 12.11.2021 – 25,000

14. 11.01.2022 – 2,500

15. 25.01.2022 – 92

16. 29.01.22 – 339

17. 31.01.2022 – 124

18. 31.01.2022 – 2,000

19. 31.01.2022 – 4,835

20. 16.02.2022 – 2,500

21. 24.03.2022 – 2,500

22. 30.03.2021 – 2,500

23. 30.03.2021 – 1,05,000

24. 30.03.2021 – 20,000

25. 31.03.2021 – 58,000

26. 31.03.2021 – 7,500

(B). സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്ന് ഓഡിറ്റ് വർഷം ചെലവായ ചുവടെ ചേർത്തിരിക്കുന്ന തുകകൾ ഏതിനത്തിലാണെന്ന് വ്യക്തമല്ല

1. 23.04.2021 – 89.25

2. 16.06.2021 – 13,127

3. 16.06.2021 – 25,555

4. 15.09.2021 -1,86,212

5. 22.09.2021 – 15,388

6. 03.11.2021 – 32,971

7. 19.01.2022 – 20,339

8. 31.01.2022 – 18,107

9. 17.03.2022 – 6,345

മേൽ ഇനങ്ങൾ കാഷ്ബുക്കിന്റെ വരവിലും ചെലവിലും രേഖപ്പെടുത്തിയിട്ടില്ല. ആയത് കണ്ടെത്തി തെളിവ് സഹിതം ഓഡിറ്റിൽ ഹാജരാക്കുക.

1-10 കൃഷിഭവനുകൾ തുക ഒടുക്കുന്നില്ല.

ഒക്കൽ വിത്തുത്പാദന കേന്ദ്രത്തിലെ ഇൻവോയ്സ് രജിസ്റ്റർ പ്രകാരം കാർഷിക വിളകൾ നൽകിയിട്ടും തൻ വർഷം തുക നൽകാത്ത അനവധി കൃഷി കാര്യാലയങ്ങളുണ്ടെന്ന് കാണുന്നു. വിവരം അനക്സ്ചർ – 3 ൽ ചേർത്തിട്ടുണ്ട്. പ്രസ്തുത വിവരം സൂചിപ്പിച്ച് നൽകിയ എൻക്വയറിക്ക് (നം.10/19.11.2022) നാളിത് വരെ മറുപടി നൽകിയിട്ടില്ല. കൃഷിഭവനുകളിൽ നിന്നും തുക ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.

1-11 കാഷ് ബുക്ക് - ബാങ്ക് ബുക്ക് ബാലൻസിൽ വ്യത്യാസം.

ആലുവ സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തിലെ കാഷ് ബുക്ക് തുക, പാസ്സ് ബുക്ക് തുക എന്നിവയിൽ വ്യത്യാസം കാണുന്നു. പ്രതിമാസ/വാർഷിക റികൺസിലിയേഷൻ നടക്കുന്നില്ല. വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് വർഷത്തിലെ ഓരോ മാസാവസാനത്തിലെയും കാഷ്ബുക്ക്, പാസ്ബുക്ക് തുകകൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | തിയതി | കാഷ്ബുക്ക് ബാലൻസ് | ബാങ്ക് ബാലൻസ് | വ്യത്യാസം |
|---|---|---|---|---|
| 1 | 30.04.2021 | 17,83,483 | 17,00,212 | +83,271 |
| 2 | 31.05.2021 | 17,56,783 | 16,81,242 | +75,541 |
| 3 | 30.06.2021 | 18,31,008 | 17,45,591 | +85,417 |
| 4 | 31.07.2021 | 15,55,677 | 15,21,594 | +34,083 |
| 5 | 31.08.2021 | 16,93,055 | 16,69,522 | +23,533 |
| 6 | 30.09.2021 | 16,27,327 | 16,08,544 | +18,783 |
| 7 | 31.10.2021 | 15,99,076 | 16,59,732 | (-) 60,656 |
| 8 | 30.11.2021 | 17,26,403 | 16,06,745 | +1,19,658 |
| 9 | 31.12.2021 | 18,64,666 | 16,65,574 | +1,99,092 |
| 10 | 31.01.2022 | 18,78,482 | 17,33,761 | +1,44,721 |
| 11 | 28.02.2022 | 17,00,973 | 16,10,303 | +90,670 |
| 12 | 31.03.2022 | 16,01,264 | 16,95,880* | (-) 94,616 |

*യഥാർത്ഥ ബാലൻസ് 23,86,484 രൂപ. ഇതിൽ 6,38,410 രൂപ ജില്ലാ പഞ്ചായത്ത് പ്രൊജക്ട് തുകയും 52,194 ജില്ലാ പഞ്ചായത്ത് നൽകിയ ദൈനം ദിന ചെലവുകൾക്കുള്ള തുകയുമാണ്. മാർച്ച് അവസാനം ലഭ്യമായ മേൽതുക പിൻവലിച്ചത് ഏപ്രിൽ ആദ്യമാണ്. ആയത് ഒഴിവാക്കിക്കൊണ്ടുള്ള തുകയാണ് മുകളിൽ ചേർത്തത്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/17.01.2023) നാളിതുവരെ മറുപടി നൽകിയില്ല. വ്യത്യാസം പരിഹരിച്ച് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-12 പാസ്സ് ബുക്കിലെയും കളക്ഷൻ രജിസ്റ്ററിലെയും തുകകളിൽ വ്യത്യാസം

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ആലുവ സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തിൽ നടത്തിയ പരിശോധനയിൽ വരവ് ഇനങ്ങളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കളക്ഷൻ രജിസ്റ്ററിൽ ചേർത്തിട്ടുള്ള ഓൺലൈൻ ഇടപാടുകളിലൂടെ ലഭിച്ച ചില വരവ് തുകകൾ പാസ്ബുക്കിൽ ലഭ്യമായതായി കാണുന്നില്ല. (വിശദവിവരങ്ങൾ അനുബന്ധം 4 ൽ ചേർത്തിട്ടുണ്ട്).

2) ഓൺലൈൻ ഇടപാടുകളിലൂടെ ലഭിച്ച ചില വരവുതുകകൾ പാസ്സ് ബുക്കിൽ കാണുന്നുണ്ട്. എന്നാൽ ആയത് കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് ജില്ലാ പഞ്ചായത്തിൽ ഒടുക്കിയതായി കാണുന്നില്ല. (വിശദവിവരങ്ങൾ അനുബന്ധം 4 ൽ ചേർത്തിട്ടുണ്ട്).

3) 21/1506 എന്ന രസീത് നമ്പരിൽ ലഭ്യമായ 400 രൂപ, 61/5457 എന്ന രസീത് നമ്പരിൽ ലഭ്യമായ 63 രൂപ, 62/5457 എന്ന രസീത് നമ്പരിൽ ലഭ്യമായ 70 രൂപ എന്നീ തുകകൾ ഫാമിന്റെ ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/17.01.2023) നാളിതുവരെ മറുപടി നൽകിയില്ല. മേൽ അപാകതകൾ പരിഹരിച്ച് തെളിവ് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

### 1-13 ടെണ്ടർ ഫീ, ഇ.എം.ഡി, ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല.

സൂപ്രണ്ട്/DMO (അലോപ്പതി), ജില്ലാ ആശുപത്രി, ആലുവ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളിൽ ടെണ്ടർ നടപടികളിൽ പങ്കെടുത്ത സ്ഥാപനങ്ങൾ നൽകിയ ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയില്ല.

1. പ്രൊജക്റ്റ് നം. 1131/22 – കാൻസർ വിമുക്ത എറണാകുളം - രണ്ടാം ഘട്ടം - റിയേജന്റ്സ് വാങ്ങൽ
2. പ്രൊജക്റ്റ് നം. 26/22 – ഡയാലിസിസ് സെന്ററിലേക്ക് റിയേജന്റ്സ് വാങ്ങൽ
3. പ്രൊജക്റ്റ് നം. 14/22 – ഹീമോഫീലിയ വിഭാഗത്തിൽ ലാബ് കെമിക്കൽ വാങ്ങൽ
4. പ്രൊജക്റ്റ് നം. 1450/22 – ലബോറട്ടറി റിയേജന്റ്സ് വാങ്ങൽ

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/16.01.2023) നാളിതുവരെ മറുപടി നൽകിയില്ല. സ്ഥാപനങ്ങളുടെ ടെണ്ടർ ഫീ, ഇ.എം.ഡി സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

### 1-14 അപ്രന്റീസ് ആക്ട് പ്രകാരമുള്ള തുക പ്രതിപൂരണം ചെയ്തു ലഭിച്ചിട്ടില്ല - 72,000 രൂപ വരവ് നഷ്ടം

അപ്രന്റീസ് ആക്ട് 1961, സെക്ഷൻ8(1), 11 എ പ്രകാരം ജില്ലാ പഞ്ചായത്തിൽ നിയമിതരായ അപ്രന്റീസ് ട്രെയിനികളുടെ സ്റ്റൈപ്പന്റ് തുകയുടെ 25% അല്ലെങ്കിൽ പരമാവധി ഒരാൾക്ക് 1,500 രൂപ എന്ന നിരക്കിൽ ആകെ 72,000 രൂപ കേന്ദ്ര സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്തു ലഭിക്കുവാനുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക-2-1 ൽ ചേർത്തിട്ടുണ്ട്.

### 1-15 13-ാം പഞ്ചവത്സര പദ്ധതി -വരവ്-ചെലവുകൾ-അവലോകനം

2017-2022 പഞ്ചവത്സര കാലയളവിൽ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ ഗ്രാന്റുകൾ അടക്കമുള്ള വരവ് തുകകളും അവയുടെ വിനിയോഗവും സംബന്ധിച്ച സംക്ഷിപ്ത വിവരം, ആയതിൽ നിന്നും ലഭ്യമായ നിഗമനങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

(എ). സർക്കാരിന്റെ ബജറ്റ് അപ്പൻഡിക്സ് - 4 പ്രകാരം ലഭ്യമാക്കേണ്ട ഗ്രാന്റ് തുകയും യഥാർത്ഥത്തിൽ ലഭ്യമായ ഗ്രാന്റ് തുകയും

A. പ്ളാൻ ഫണ്ട് - ജനറൽ

| വർഷം | ബജറ്റ് തുക (അപ്പൻഡിക്സ്-4) | യഥാർത്ഥത്തിൽ ലഭ്യമായ തുക |
|---|---|---|
| 2017-18 | 40,28,86,000 | 42,27,52,190 |
| 2018-19 | 46,87,43,000 | 47,12,06,956 |
| 2019-20 | 49,71,57,000 | 50,06,29,968 |
| 2020-21 | 45,85,88,000 | 41,82,67,869 |
| 2021-22 | 28,85,49,000 | 30,63,44,788 |
| ആകെ | 211,59,23,000 | 211,92,01,771 |

B. പ്ളാൻ ഫണ്ട് - SCP

| വർഷം | ബജറ്റ്തുക (അപ്പൻഡിക്സ്-4) | യഥാർത്ഥത്തിൽ ലഭ്യമായ തുക |
|---|---|---|
| 2017-18 | 14,94,98,000 | 16,13,71,999 |
| 2018-19 | 17,32,36,000 | 17,32,36,000 |
| 2019-20 | 17,57,26,000 | 17,57,26,000 |
| 2020-21 | 16,40,85,000 | 16,40,85,000 |
| 2021-22 | 15,41,73,000 | 15,44,11,547 |
| ആകെ | 81,67,18,000 | 82,88,30,546 |

C. പ്ളാൻ ഫണ്ട് - TSP

| വർഷം | ബജറ്റ് തുക (അപ്പൻഡിക്സ്-4) | യഥാർത്ഥത്തിൽ ലഭ്യമായ തുക |
|---|---|---|
| 2017-18 | 71,23,000 | 71,25,000 |
| 2018-19 | 92,65,000 | 92,65,000 |
| 2019-20 | 93,83,000 | 93,83,000 |
| 2020-21 | 89,15,000 | 89,15,000 |
| 2021-22 | 63,86,000 | 66,50,159 |
| ആകെ | 4,10,72,000 | 4,13,38,159 |

D. ജനറൽ പർപ്പസ് ഫണ്ട്

| വർഷം | ബജറ്റ് തുക (അപ്പൻഡിക്സ്-4) | യഥാർത്ഥത്തിൽ ലഭ്യമായ തുക |
|---|---|---|
| 2017-18 | 2,73,44,000 | 2,73,41,000 |
| 2018-19 | 3,06,22,000 | 3,06,07,583 |
| 2019-20 | 3,42,97,000 | 3,42,86,168 |
| 2020-21 | 3,84,13,000 | 3,84,13,000 |
| 2021-22 | 4,30,23,000 | 4,30,23,000 |
| ആകെ | 17,36,99,000 | 17,36,70,751 |

E. മെയിന്റനൻസ് ഗ്രാന്റ് -റോഡ്

| വർഷം | ബജറ്റ് തുക (അപ്പൻഡിക്സ്-4) | യഥാർത്ഥത്തിൽ ലഭ്യമായ തുക |
|---|---|---|
| 2017-18 | 47,85,04,000 | 51,18,60,950 |
| 2018-19 | 51,36,43,000 | 51,36,43,000 |
| 2019-20 | 60,06,93,000 | 60,06,93,000 |
| 2020-21 | 64,51,15,000 | 64,51,15,000 |
| 2021-22 | 61,04,53,012 | 61,04,53,012 |
| ആകെ | 284,84,08,012 | 288,17,64,962 |

F. മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്

| വർഷം | ബജറ്റ് തുക (അപ്പൻഡിക്സ്-4) | യഥാർത്ഥത്തിൽ ലഭ്യമായ തുക |
|---|---|---|
| 2017-18 | 7,53,06,000 | 8,20,00,464 |

| | | |
|---|---|---|
| 2018-19 | 8,08,27,000 | 8,08,27,000 |
| 2019-20 | 9,45,25,000 | 9,45,25,000 |
| 2020-21 | 10,15,15,000 | 10,04,88,243 |
| 2021-22 | 14,17,43,973 | 14,17,43,973 |
| ആകെ | 49,39,16,973 | 49,95,84,680 |

13ാം പഞ്ചവത്സര പദ്ധതിക്കാലത്ത് വികസന ഫണ്ടിനത്തിൽ സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ചതിനേക്കാൾ നേരിയ തോതിൽ കൂടുതൽ തുക ജില്ലാ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. 2020-21 ഒഴികെ മറ്റെല്ലാ വർഷവും കൂടുതൽ തുക ലഭിച്ചതായി കാണാവുന്നതാണ്. പ്ളാൻഫണ്ട് - എസ്.സി.പി, ടി.എസ്.പി, ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് റോഡ്, നോൺ റോഡ് എന്നീ ഇനങ്ങളിലും സമാനമായ സാഹചര്യമാണ്. അതായത് സർക്കാർ ഫണ്ടിന്റെ കുറവ് മൂലം ജില്ലാ പഞ്ചായത്തിന് പദ്ധതികൾ സാമ്പത്തിക വർഷത്തിനിടെ വെട്ടിക്കുറയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. എന്നാൽ ഓരോ ഫണ്ടിലും പ്രതിവർഷം ലഭിച്ച ആകെ തുകയിൽ കുറവ് കാണുന്നുണ്ട്. പ്ളാൻ ഫണ്ട് ജനറൽ ഇനത്തിൽ 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ ക്രമാനുഗതമായി തുക വർദ്ധിച്ചതായി കാണാം. എന്നാൽ 2020-21, 2021-22 വർഷങ്ങളിൽ ലഭ്യമായ തുക കുറഞ്ഞതായി കാണാം. 2019-20 ൽ ലഭ്യമായ 50,06,29,968 നെ അപേക്ഷിച്ച് 19,42,85,180 രൂപ (38.81%) കുറവാണ് 2021-22 ൽ ലഭ്യമായ തുക. SCP, TSP എന്നീ ഫണ്ടുകൾക്കും സമാന രീതിയിലുള്ള വിതരണമാണ് ജില്ലാ പഞ്ചായത്തിന് ലഭ്യമായത്. എന്നാൽ ജനറൽ പർപ്പസ് ഫണ്ടിനത്തിൽ കൃത്യമായ രീതിയിലുള്ള വർദ്ധനവ് ഉണ്ട്. മെയിന്റനൻസ് ഫണ്ട് റോഡിനത്തിൽ 2018-19 നെ അപേക്ഷിച്ച് 2019-20 ൽ വർദ്ധനവ് ഉണ്ടെങ്കിലും പിന്നീട് കാര്യമായ വർദ്ധനവ് ഉണ്ടായില്ല. എന്നാൽ നോൺ റോഡ് ഇനത്തിൽ 2020-21 നെ അപേക്ഷിച്ച് 4,12,55,730 രൂപയുടെ (41.06%) വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) - വികസന രേഖ പ്രകാരമുള്ള പ്രതീക്ഷിത തുക

13ാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ 28.04.2017 ൽ എറണാകുളം ജില്ലാ പഞ്ചായത്ത് ഒരു വികസന രേഖ പുറത്തിറക്കിയിരുന്നു. പ്രസ്തുത രേഖയിൽ ജില്ലാ പഞ്ചായത്തിന്റെ ധനസ്രോതസ്സായി കണക്കാക്കിയിരുന്നത് വികസനഫണ്ട് (ജനറൽ,SCP,TSP), മെയിന്റനൻസ് ഗ്രാന്റ് (റോഡ്, നോൺറോഡ്), കൃഷിത്തോട്ടങ്ങളിൽ നിന്നുള്ള വരുമാനം എന്നിവയാണ്. ഓരോ വർഷവും മുൻവർഷത്തേതിനെ അപേക്ഷിച്ച് ശരാശരി 10 ശതമാനം വർദ്ധനയാണ് ഓരോയിനത്തിലും പ്രതീക്ഷിച്ചിരുന്നത്. ഇതനുസരിച്ച് 2021-22 ൽ പ്രതീക്ഷിച്ചിരുന്ന ധനസ്രോതസ്സുകൾ ചുവടെ ചേർക്കുന്നു.

പ്ളാൻ - ജനറൽ - 59,52,66,458

പ്ളാൻ - SCP – 21,88,82,950

പ്ളാൻ - TSP – 1,04,31,713

മെയിന്റനൻസ് റോഡ് - 70,05,77,706

മെയിന്റനൻസ് - നോൺറോഡ് - 11,02,54,051

മേൽ ഡാറ്റയിൽ നോൺറോഡ് ഫണ്ട് ഒഴികെ മറ്റൊന്നും പ്രതീക്ഷിച്ച അളവിൽ ലഭിച്ചില്ല. പ്ളാൻ ഫണ്ട് - ജനറൽ ഏതാണ്ട് പകുതി മാത്രമാണ് ലഭിച്ചത്. ഇതെല്ലാം സർക്കാർ ഗ്രാന്റുകളായത് കൊണ്ട് ജില്ലാ പഞ്ചായത്ത് പ്രതീക്ഷിക്കുന്ന തരത്തിൽ ലഭിക്കണമെന്നില്ല. എന്നാൽ തനത് വരുമാനത്തിലെ പ്രധാനപ്പെട്ട ഇനമായ കൃഷിത്തോട്ടത്തിൽ നിന്നുള്ള വരുമാനവും പ്രതീക്ഷിച്ച നിലവാരത്തിലേക്കെത്തിയില്ല. 5 വർഷങ്ങളിലായി ജില്ലാ പഞ്ചായത്ത് വികസനരേഖയിൽ പ്രതീക്ഷിച്ചതും ലഭിച്ചതുമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വികസന രേഖ പ്രകാരം പ്രതീക്ഷിച്ചത് | യഥാർത്ഥത്തിൽ ലഭിച്ചത് | ശതമാനം |
|---|---|---|---|
| 2017-18 | 8,81,69,689 | 2,79,60,518 | 31.71 |
| 2018-19 | 9,69,86,658 | 1,53,62,408 | 15.84 |
| 2019-20 | 10,66,85,324 | 2,48,76,959 | 23.32 |
| 2020-21 | 11,73,53,856 | 2,35,96,545 | 20.11 |

| | | | |
|---|---|---|---|
| 2021-22 | 12,90,89,242 | 2,44,90,000 | 18.97 |

വികസന രേഖയിലെ പ്രതീക്ഷിത തുകയുടെ നാലിൽ ഒന്നോ അതിൽ താഴെയോ ആണ് ലഭിച്ചിരിക്കുന്നത്. മാത്രമല്ല 2017-18 ലെ വരവ് പോലും പിന്നീടുള്ള നാല് വർഷങ്ങളിലും ലഭിച്ചില്ല എന്നും കാണാവുന്നതാണ്.

2019-2022 വർഷങ്ങളിലെ പ്രധാനപ്പെട്ട കൃഷിത്തോട്ടങ്ങളിലെ വരുമാനം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | 2019-20 | 2020-21 | 2021-22 |
|---|---|---|---|
| സംസ്ഥാന വിത്തുത്പാദനകേന്ദ്രം, ഒക്കൽ | 1,06,66,718 | 57,66,290 | 75,86,028 |
| തെങ്ങിൻ തൈ ഉദ്പാദന കേന്ദ്രം, വൈറ്റില | 50,06,760 | 73,67,396 | 64,42,642 |
| സംസ്ഥാന കൃഷിത്തോട്ടം, നേര്യമംഗലം | 82,81,827 | 93,48,554 | 93,63,790 |

(സി). 2017-18 മുതൽ 2021-22 വരെയുള്ള ആകെ വരവുകൾ.
ജില്ലാ പഞ്ചായത്തിന് ലഭിച്ച ആകെ വരവുകൾ ഇനം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.

| | | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| തനത് ഫണ്ട് | Rent | 62,500 | 1,62,000 | 1,55,000 | 15,000 | 45,000 |
| | Fee & User Charges | 27,37,546 | 2,14,518 | 4,07,171 | 9,55,660 | 15,51,367 |
| | Income From Farms | 2,79,60,518 | 1,53,62,408 | 2,48,76,959 | 2,35,96,545 | 2,44,90,000 |
| | Sale & Hire Charges (Except Farm Income) | 19,23,995 | 89,70,981 | 42,78,004 | 40,05,167 | 30,95,744 |
| | Interest | 2,95,798 | 1,37,376 | 2,09,681 | 2,65,530 | 7,26,863 |
| | Other Income | 9,27,965 | 3,15,352 | 3,58,150 | 86,238 | 8,344 |
| | Investment | 15,60,355 | 1,69,92,438 | 1,69,62,272 | 0 | 0 |
| Total | | 3,54,68,677 | 4,21,55,073 | 4,72,47,237 | 2,89,24,140 | 2,99,17,318 |
| വിവിധ ഗ്രാന്റുകൾ | Grants (Plan,Maintenance,General Purpose, ) | 91,58,02,475 | 106,09,44,897 | 54,37,73,654 | 134,27,58,130 | 94,76,09,117 |
| | Grants For Specific Purpose | 5,47,38,296 | 4,68,79,369 | 43,66,314 | 8,96,55,796 | 14,71,63,150 |
| | Income From Transferred Institutions | 3,59,843 | 0 | 0 | 0 | 0 |
| | Earmarked Income | 0 | 42,52,292 | 2,37,500 | 0 | 7,00,000 |
| | Redumption | 0 | 33,75,000 | 0 | 0 | 18,52,82,400 |
| Total | | 97,09,00,614 | 111,54,51,558 | 54,83,77,468 | 143,24,13,926 | 128,07,54,667 |
| Liability | Liability | 17,60,522 | 13,15,292 | 73,87,884 | 12,33,247 | 1,06,65,819 |
| | Deposit | 4,84,85,963 | 2,18,38,825 | 2,21,95,387 | 82,12,225 | 20,51,987 |
| Total | | 5,02,46,485 | 2,31,54,117 | 2,95,83,271 | 94,45,472 | 1,27,17,806 |
| TOTAL | | 105,66,15,776 | 118,07,60,748 | 62,52,07,976 | 147,07,83,538 | 132,33,89,791 |

ജില്ലാ പഞ്ചായത്തിന്റെ ആകെ വരുമാനത്തിന്റെ 2 മുതൽ 3 ശതമാനം മാത്രമാണ് തനത് വരുമാനം

ലഭിക്കുന്നത്. തനത് വരുമാനത്തിന്റെ ഏതാണ്ട് 80 ശതമാനവും കൃഷിത്തോട്ടത്തിൽ നിന്നുള്ള വരവാണെന്ന് കാണാം.

(ഡി). ലഭ്യമായ ഗ്രാന്റുകളുടെ ഉപയോഗം

2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ വിവിധ ഗ്രാന്റുകളുടെ ഉപയോഗം ചുവടെ ചേർക്കുന്നു.

A. പ്ലാൻ ഫണ്ട് - ജനറൽ

| വർഷം | യഥാർത്ഥത്തിൽ ലഭ്യമായ തുക | യഥാർത്ഥ ചെലവ് | ശതമാനം |
|---|---|---|---|
| 2017-18 | 42,27,52,190 | 35,42,81,741 | 83.8 |
| 2018-19 | 47,12,06,956 | 40,32,35,122 | 85.57 |
| 2019-20 | 50,06,29,968 | 25,78,30,549 | 51.5 |
| 2020-21 | 41,82,67,869 | 38,31,12,911 | 91.6 |
| 2021-22 | 30,63,44,788 | 28,70,81,411 | 93.71 |
| ആകെ | 211,92,01,771 | 168,55,41,734 | 79.54 |

B. പ്ളാൻ ഫണ്ട് - SCP

| വർഷം | യഥാർത്ഥത്തിൽ ലഭ്യമായ തുക | യഥാർത്ഥ ചെലവ് | ശതമാനം |
|---|---|---|---|
| 2017-18 | 16,13,71,999 | 11,45,07,975 | 70.96 |
| 2018-19 | 17,32,36,000 | 16,96,50,778 | 97.93 |
| 2019-20 | 17,57,26,000 | 6,55,80,283 | 37.32 |
| 2020-21 | 16,40,85,000 | 16,17,98,682 | 98.61 |
| 2021-22 | 15,44,11,547 | 12,46,79,358 | 80.74 |
| ആകെ | 82,88,30,546 | 63,62,17,076 | 76.76 |

C. പ്ളാൻ ഫണ്ട് - TSP

| വർഷം | യഥാർത്ഥത്തിൽ ലഭ്യമായ തുക | യഥാർത്ഥ ചെലവ് | ശതമാനം |
|---|---|---|---|
| 2017-18 | 71,25,000 | 71,25,000 | 100 |
| 2018-19 | 92,65,000 | 81,72,560 | 88.21 |
| 2019-20 | 93,83,000 | 82,02,041 | 87.41 |
| 2020-21 | 89,15,000 | 83,86,683 | 94.07 |
| 2021-22 | 66,50,159 | 63,85,474 | 96.02 |
| ആകെ | 4,13,38,159 | 3,82,71,758 | 92.58 |

D. മെയിന്റനൻസ് ഗ്രാന്റ് -റോഡ്

| വർഷം | യഥാർത്ഥത്തിൽ ലഭ്യമായ തുക | യഥാർത്ഥ ചെലവ് | ശതമാനം |
|---|---|---|---|
| 2017-18 | 51,18,60,950 | 33,47,64,419 | 65.4 |
| 2018-19 | 51,36,43,000 | 38,66,56,319 | 75.28 |
| 2019-20 | 60,06,93,000 | 13,75,88,250 | 22.9 |
| 2020-21 | 64,51,15,000 | 62,39,96,419 | 96.73 |
| 2021-22 | 61,04,53,012 | 36,21,83,681 | 59.33 |
| ആകെ | 288,17,64,962 | 184,51,89,088 | 64.03 |

E. മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്

| വർഷം | യഥാർത്ഥത്തിൽ ലഭ്യമായ തുക | യഥാർത്ഥ ചെലവ് | ശതമാനം |
|---|---|---|---|
| 2017-18 | 8,20,00,464 | 7,53,82,340 | 91.93 |
| 2018-19 | 8,08,27,000 | 6,51,72,566 | 80.63 |
| 2019-20 | 9,45,25,000 | 4,02,86,343 | 42.62 |
| 2020-21 | 10,04,88,243 | 9,82,36,934 | 97.76 |
| 2021-22 | 14,17,43,973 | 8,70,17,022 | 61.39 |
| ആകെ | 49,95,84,680 | 36,60,95,205 | 73.28 |

കൊവിഡ് മഹാമാരി മൂലം മാർച്ച് അവസാന വാരം ലോക്ക് ഡൗൺ ആരംഭിച്ചതിനാൽ ചെലവ് നടക്കാതിരുന്ന 2019-20 വർഷം ഒഴിച്ചാൽ മറ്റു വർഷങ്ങളിൽ വികസന ഫണ്ട് (ജനറൽ) 80 ശതമാനത്തിന് മുകളിൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ തന്നെ 2020-21, 2021-22 വർഷങ്ങളിൽ 90 ശതമാനത്തിന് മുകളിൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. 13ാം പഞ്ചവത്സരക്കാലത്തെ 5 വർഷത്തിനിടെ ചെലഴിക്കാൻ കഴിയാതെ ലാപ്സായിപ്പോയ 43,36,60,037 രൂപയിൽ 24,27,99,419 രൂപയും (55.99%) 2019-20 ൽ ചെലവഴിക്കാൻ കഴിയാതിരുന്ന തുകയാണ്. ഇതേ സാഹചര്യം തന്നെയാണ് വികസന ഫണ്ട് എസ്.സി.പിയുടെ കാര്യത്തിലും കാണുന്നത്. അഞ്ച് വർഷം കൊണ്ട് ലാപ്സായ തുകയായ 19,26,13,470 രൂപയിൽ 11,01,45,717 രൂപയും (57.18%) 2019-20 ൽ ചെലവഴിക്കാൻ കഴിയാതിരുന്ന തുകയാണ്. എന്നാൽ ടി.എസ്.പി ഇനത്തിൽ ആകെ ലഭിച്ച 4,13,38,159 രൂപയിൽ 3,82,71,758 രൂപയും (92.58%) ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

മെയിന്റനൻസ് ഗ്രാന്റ് - റോഡിനത്തിലെ ചെലവ് 80 ശതമാനത്തിന് മുകളിലായത് 2020-21 വർഷം മാത്രമാണ്. 5 വർഷത്തിനുള്ളിൽ ഈയിനത്തിൽ ആകെ 288,17,64,962 രൂപ ലഭിച്ചതിൽ 184,51,89,088 രൂപ (64.03%) മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിനത്തിൽ ലഭ്യമായ തുകയുടെ 73.28 % മാണ് ചെലവഴിക്കാൻ കഴിഞ്ഞത്. മേൽ ഇനങ്ങളിലായി 13ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആകെ 637,07,20,118 രൂപ ലഭിച്ചതിൽ 457,13,14,861 ചെലവ് ചെയ്തു (71.76%). ചെലവ് ചെയ്യാതെ ലാപ്സായ 179,94,05,257 രൂപയിൽ 103,65,75,874 രൂപയും (57.61%) മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിലാണ് എന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

2020-21, 2021-22 വർഷങ്ങളിലായി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ യഥാക്രമം 14,87,60,000 രൂപ, 20,36,05,282 രൂപ എന്നിങ്ങനെ ലഭിച്ചു. ആയതിൽ യഥാക്രമം 8,71,86,805 രൂപ, 8,82,64,518 രൂപ എന്നിങ്ങനെ ചെലവഴിച്ചു. പ്രസ്തുത ഗ്രാന്റിൽ ചെലവാകാതെ പോകുന്ന തുക ലാപ്സാകുന്നില്ല.

(ഇ). 13ാം പഞ്ചവത്സരക്കാലത്തെ നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവുകൾ

| വർഷം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | ആകെ |
|---|---|---|---|---|---|---|
| സെക്രട്ടറി | 13,21,96,511 | 25,74,22,228 | 3,61,79,130 | 17,71,07,399 | 13,85,89,971 | 74,14,95,239 |
| ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) | 1,52,30,046 | 1,77,45,000 | 57,54,373 | 2,52,43,609 | 1,77,42,472 | 8,17,15,500 |
| ഡെപ്യൂട്ടി ഡയറക്ടർ (മൃഗ സംരക്ഷണം) | 23,89,200 | 0 | 0 | 10,20,000 | 6,35,000 | 40,44,200 |
| എ.എക്സ്.ഇ (അഗ്രി) | 99,87,791 | 2,05,27,900 | 45,03,995 | 70,01,190 | 89,46,685 | 5,09,67,561 |
| ഹെഡ്മാസ്റ്റർ, ഗവ.ഹൈസ്കൂൾ | 0 | 10,50,000 | 4,22,211 | 15,77,789 | 10,00,000 | 40,50,000 |
| ഡെപ്യൂട്ടി ഡയറക്ടർ (പൊതു വിദ്യാഭ്യാസം) | 3,41,29,711 | 1,38,74,719 | 11,80,351 | 2,09,47,420 | 2,18,58,250 | 9,19,90,451 |
| ജില്ലാ മിഷൻ കോഓർഡിനേറ്റർ, കുടുംബശ്രീ | 0 | 55,00,000 | 17,47,000 | 1,49,78,750 | 2,32,41,201 | 4,54,66,951 |

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ പ്രോഗ്രാം ഓഫീസർ (സാമൂഹ്യ ക്ഷേമം) | 30,95,545 | 2,59,76,264 | 0 | 0 | 0 | 2,90,71,809 |
| ജില്ലാ പട്ടിക ജാതി വികസന ഓഫീസർ | 1,24,34,340 | 5,84,71,190 | 6,93,77,160 | 5,27,87,847 | 3,59,48,727 | 22,90,19,264 |
| ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രൊജക്ട് ഓഫീസർ | 34,11,118 | 6,20,110 | 29,40,766 | 0 | 19,35,600 | 89,07,594 |
| ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്) | 13,80,000 | 80,46,700 | 83,00,000 | 30,53,500 | 55,28,400 | 2,63,08,600 |
| ഡെപ്യൂട്ടി ഡയറക്ടർ (ഡയറീസ്) | 1,88,00,000 | 1,56,00,000 | 27,88,087 | 72,11,913 | 98,21,590 | 5,42,21,590 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | 3,86,05,123 | 3,20,81,721 | 2,35,88,498 | 3,75,59,659 | 0 | 13,18,35,001 |
| ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) | 0 | 28,31,467 | 2,15,60,836 | 1,34,12,296 | 2,62,49,508 | 6,40,54,107 |
| പ്രിൻസിപ്പൽ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ | 0 | 3,98,403 | 0 | 0 | 0 | 3,98,403 |
| ഡെവലപ്പ്മെന്റ് ഓഫീസർ, ട്രൈബൽ | 61,04,792 | 40,53,896 | 53,65,441 | 35,96,420 | 35,50,000 | 2,26,70,549 |
| മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ | 0 | 0 | 0 | 0 | 15,71,750 | 15,71,750 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, ത.സ്വ.ഭവ | 29,30,37,021 | 4,69,57,839 | 2,06,35,976 | 2,26,10,108 | 1,85,95,206 | 40,18,36,150 |
| പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര ലഘൂകരണ യൂണിറ്റ് | 9,87,91,747 | 14,14,35,686 | 10,35,39,792 | 10,08,87,600 | 11,07,29,287 | 55,53,84,112 |
| ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം | 18,95,401 | 9,11,760 | 19,10,241 | 23,37,561 | 32,54,508 | 1,03,09,471 |
| സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുത്പാദന കേന്ദ്രം, ഒക്കൽ | 0 | 4,26,827 | 0 | 0 | 0 | 4,26,827 |
| കൃഷി അസി.ഡയറക്ടർ, സംസ്ഥാന വിത്തുത്പാദന കേന്ദ്രം, ആലുവ | 0 | 0 | 0 | 0 | 6,59,650 | 6,59,650 |
| സൂപ്രണ്ട്, ജില്ലാ | 1,58,33,421 | 1,89,23,520 | 51,23,310 | 1,58,98,644 | 2,97,82,662 | 8,55,61,557 |

| | | | | | | |
|---|---|---|---|---|---|---|
| ആശുപത്രി (അലോപ്പതി) | | | | | | |
| സൂപ്രണ്ട്, ജില്ലാ ആശുപത്രി (ആയുർവേദം) | 1,16,99,480 | 1,04,91,204 | 67,03,000 | 77,87,374 | 1,39,00,000 | 5,05,81,058 |
| സൂപ്രണ്ട്, ജില്ലാ ആശുപത്രി (ഹോമിയോ) | 84,00,000 | 34,00,000 | 38,57,528 | 49,42,472 | 57,00,000 | 2,63,00,000 |
| കൃഷി അസി.ഡയറക്ടർ, തെങ്ങിൻ തൈ ഉദ്പാദന കേന്ദ്രം, വൈറ്റില | 0 | 3,37,568 | 0 | 0 | 16,57,837 | 19,95,405 |
| എ.എക്സ്.ഇ, ത.സ്വ.ഭ.വ | 22,78,24,383 | 42,47,66,012 | 21,09,22,177 | 88,37,97,629 | 46,24,32,803 | 220,97,43,004 |
| ജില്ലാ ഓഫീസർ സാമൂഹ്യ നീതി വകുപ്പ് | 0 | 0 | 0 | 0 | 5,52,97,471 | 5,52,97,471 |
| ജില്ലാ ഓഫീസർ വനിതാ ശിശു വികസനം | 0 | 0 | 0 | 0 | 77,087 | 77,087 |
| ആകെ | 93,52,45,630 | 111,18,50,014 | 53,63,99,872 | 140,37,59,180 | 99,87,05,665 | 498,59,60,361 |

13ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 498,59,60,361 രൂപയുടെ പദ്ധതിച്ചെലവുകളാണ് നടത്തിയത്. ആയതിൽ 220,97,43,004 രൂപയുടെ ചെലവ് മരാമത്ത് വിഭാഗം അസി.എക്സി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായും 40,18,36,150 രൂപ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായുമാണ് നടത്തിയത്. ആകെ 261,15,79,154 രൂപ, (ആകെ പദ്ധതി ചെലവിന്റെ 52.38%) മരാമത്ത് വേലകൾക്കാണ് ചെലവഴിച്ചത്. ആയതിൽ 184,51,89,088 രൂപ മെയിന്റനൻസ് ഫണ്ട്, റോഡ് എന്ന ഹെഡ്ഡിൽ നിന്നും ബാക്കി ചെലവ് തുകയായ 76,63,90,066 രൂപ മറ്റ് ഗ്രാന്റിനങ്ങളിൽ നിന്നുമാണ് ചെലവഴിച്ചത്.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 74,14,95,239 രൂപ (14.87%) ചെലവഴിച്ചു. പ്രൊജക്റ്റ് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് നിർവഹണ ഉദ്യോഗസ്ഥനായി 55,53,84,112 രൂപ (11.14%) ചെലവഴിച്ചു. മേൽ തുകയിൽ 58,90,992 രൂപ പ്രധാനമന്ത്രി ആവാസ് യോജനയുടെ ജില്ലാ പഞ്ചായത്ത് വിഹിതമായി 2017-18 വർഷം ചെലവഴിച്ചതും ബാക്കി തുകയായ 54.94 കോടി രൂപ ലൈഫ് മിഷന് വേണ്ടി 13ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ചെലവഴിച്ച തുകയുമാണ്. ജില്ലാ പട്ടിക ജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 22,90,19,264 (4.59%) രൂപയും ജില്ലാ ഓഫീസർ, സാമൂഹ്യ നീതി വകുപ്പ് (സാമൂഹ്യ ക്ഷേമ വകുപ്പ്) നിർവഹണ ഉദ്യോഗസ്ഥനായി 18,71,32,472 (3.75%) രൂപയും ചെലവഴിച്ചു. ആകെ ചെലവിന്റെ 86 ശതമാനവും മേൽ 5 വിഭാഗങ്ങളിലായാണ് ചെലവഴിച്ചിരിക്കുന്നത്.

13ാം പഞ്ചവത്സരക്കാലത്തെ ചെലവിന്റെ 91.68 ശതമാനവും (457,13,14,861 രൂപ) പ്ളാൻ ഫണ്ട് (ജനറൽ, SCP, TSP), മെയിന്റനൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്) എന്നീ ഗ്രാന്റുകളിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്.

13ാം പഞ്ചവത്സരക്കാലത്തെ പദ്ധതി അവലോകനത്തിൽ നിന്ന് ലഭ്യമായ വിവരങ്ങളും നിഗമനങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. പരിപൂർണ്ണമായും സർക്കാർ ഗ്രാന്റുകളെ മാത്രം ആശ്രയിച്ചാണ് പദ്ധതിച്ചെലവുകൾ നടത്തുന്നത്. തനത് ഫണ്ട് തുച്ഛമാണ്. കൃഷിത്തോട്ടങ്ങളാണ് പ്രധാന വരുമാന മാർഗ്ഗം. ആയതിൽ നിന്നുള്ള വരുമാനത്തിൽ യാതൊരു പുരോഗതിയും ഇല്ല. സർക്കാർ ഗ്രാന്റുകളിലെ 2018-19ന് ശേഷം ദൃശ്യമായ കുറവ് ഭരണസമിതി പരിഗണിക്കേണ്ട വിഷയമാണ്. ഗ്രാമ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയെപ്പോലെ തനത് വരുമാനത്തിന്റെ സ്വാഭാവിക സാദ്ധ്യതകൾ ജില്ലാ പഞ്ചായത്തിനില്ല. കൃഷിത്തോട്ടങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം

മറ്റ് തനത് വരുമാന സാദ്ധ്യതകൾ പരമാവധി തേടേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് അഞ്ചാം പട്ടിക പ്രകാരമുള്ള ജില്ലാ പഞ്ചായത്തുകളുടെ ചുമതലകളിലെ ചുവടെ ചേർത്തിരിക്കുന്ന ചുമതലകൾ നിർവഹിക്കുന്നത് ബന്ധപ്പെട്ട മേഖലയിൽ ഗുണം ചെയ്യുന്നതിനോടൊപ്പം ജില്ലാ പഞ്ചായത്തിന് വരുമാന മാർഗ്ഗമാകുകയും ചെയ്യും.

A. കാർഷികോത്പന്നങ്ങളുടെ വിപണനം നടത്തുക.

B. ചെറുകിട മേഖലയിലെ ഉത്പന്നങ്ങൾ വിറ്റഴിക്കാൻ പ്രദർശനങ്ങൾ സംഘടിപ്പിക്കുക.

C. വ്യവസായ സംരംഭ വികസന പരിപാടികൾ നടത്തുക.

D. ചെറുകിട മേഖലയിലെ ഉത്പന്നങ്ങളുടെ വിപണനം നടത്തുക.

E. സ്റ്റേഡിയങ്ങൾ നിർമ്മിക്കുക

2. കൃഷിത്തോട്ടങ്ങളിലെ വരുമാന വർദ്ധനവിന് കാര്യമായ ശ്രമങ്ങൾ നടത്തേണ്ടതുണ്ടെന്ന് മേൽ ഡാറ്റകൾ വ്യക്തമാക്കുന്നു. 20ഓളം ജീവനക്കാരും 11 ഏക്കർ മാത്രം സ്ഥലവുമുള്ള ഒക്കൽ ഫാമിന്റെ വരുമാനവും 270 ലധികം ജീവനക്കാരും 250 ഏക്കറോളം സ്ഥലവുമുള്ള നേര്യമംഗലം ഫാമിന്റെ വരുമാനവും തമ്മിൽ കാര്യമായ വ്യത്യാസം ഇല്ല എന്നത് നേര്യമംഗലം ഫാമിന്റെ കൃഷിഭൂമിയുടെ കൃത്യമായ ഉപയോഗത്തിൽ വലിയ അപര്യാപ്തത ഉള്ളതായി വെളിവാക്കുന്നു. മേൽ വിഷയം ഭരണസമിതി സജീവമായി പരിഗണിക്കേണ്ടതാണ്. ഒന്നുകിൽ നേര്യമംഗലം കൃഷിത്തോട്ടത്തിലെ ക്വാണ്ടം ഓഫ് വർക്ക് അശാസ്ത്രീയമാണ്, അല്ലെങ്കിൽ ക്വാണ്ടം ഓഫ് വർക്ക് അനുസരിച്ച് ജീവനക്കാർ ജോലി ചെയ്യുന്നില്ല എന്നുള്ളത് പ്രഥമദൃഷ്യാ വ്യക്തമാണ്. കൂടാതെ കൃഷിത്തോട്ടത്തിലെ യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന ഏരിയ (Net Sown Area) വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. ഒരു നിശ്ചിത ഏരിയയിൽ നിന്നുള്ള ഉത്പാദനം (Crop Yield Per Unit Area), ഉത്പാദന നഷ്ടം (Crop Loss Per Unit Area), ബ്ളോക്ക് തിരിച്ചുള്ള കൃഷി സ്ഥലത്തിന്റെ ഉപയോഗ രീതി, ജീവനക്കാരെ വിന്യസിച്ചിരിക്കുന്നതിന്റെ ശാസ്ത്രീയത തുടങ്ങിയ വിഷയങ്ങൾ കണക്കിലെടുത്ത് വർഷങ്ങളായി തുടർന്നു വരുന്ന രീതി പരിഷ്കരിച്ച് പുതിയ ഒരു കൃഷി രീതി അവലംബിക്കേണ്ടതുണ്ടെന്ന് ഓഡിറ്റ് കരുതുന്നു. ഇതോടൊപ്പം കേരള പഞ്ചായത്ത് രാജ് ആക്ട് അഞ്ചാം പട്ടിക പ്രകാരമുള്ള ജില്ലാ പഞ്ചായത്തുകളുടെ ചുമതലകളിൽ സൂചിപ്പിച്ചിരിക്കുന്ന, കൃഷി മേഖലയിൽ ബയോടെക്നോളജി പ്രയോഗിക്കുക, പുതുമയുള്ള ഫീൽഡ് ട്രയലുകൾ കാർഷിക മേഖലയിൽ നടപ്പിൽ വരുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്തിന് പരിക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്നതാണ്.

3. മെയിന്റനൻസ് ഫണ്ട് റോഡിന്റെ ചെലവ് മറ്റ് ഫണ്ടുകളെ അപേക്ഷിച്ച് കുറവാണ്. ആയതിന്റെ കാരണം മെയിന്റനൻസിന് തെരഞ്ഞെടുക്കുന്ന റോഡുകൾ പലപ്പോഴും ജില്ലാ പഞ്ചായത്തിന് പ്രൊജക്റ്റ് രൂപീകരിക്കാനുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്ന റോഡുകൾ അല്ല എന്നുള്ളതാണ്. പ്രസ്തുത അപാകത പിന്നീട് കണ്ടെത്തുകയും ആയത് ഒഴിവാക്കി പുതിയ പദ്ധതി രൂപീകരിക്കുകയും ചെയ്യേണ്ടി വരുന്നു. ഇത് സമയ നഷ്ടം ഉണ്ടാക്കുക മാത്രമല്ല ബന്ധപ്പെട്ട ജീവനക്കാരിൽ ജോലി ഭാരം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. റോഡുകൾ ഗ്രാമ സഭകളിൽ നിന്നോ ഗ്രാമ പഞ്ചായത്ത് തലത്തിൽ നിന്നോ ശിപാർശയായി വരുന്നതിന് പകരം ജില്ലാ പഞ്ചായത്ത് തലത്തിൽ തീരുമാനിക്കപ്പെടുന്നതും അപാകതയാണ്. മേൽ അപാകതകൾ പരിഹരിക്കപ്പെടേണ്ടതാണ്.

4. തൻവർഷം ചെലവഴിക്കാൻ സാധിക്കാതിരിക്കുന്ന തുകയുടെ 20 ശതമാനം മാത്രമേ അടുത്ത വർഷം കാരി ഓവർ ചെയ്ത് ലഭിക്കുകയുള്ളൂ എന്നത് കൊണ്ട് ലഭ്യമായ ഫണ്ടിന്റെ 80 ശതമാനവും എങ്കിലും തൻവർഷം നിർബന്ധമായും ചെലവഴിക്കണം. മുൻ വർഷത്തെ സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് വേണ്ടി 20 ശതമാനം അടങ്കൽ തുക കൂടി ചേർത്തുകൊണ്ട് പദ്ധതി രൂപീകരണം നടത്താം എന്ന സർക്കാർ നിർദ്ദേശമുണ്ട്. ഈ സാഹചര്യത്തിൽ ലഭ്യമായ ഫണ്ടിന്റെ 120 ശതമാനം വരെ തുകയ്ക്ക് പദ്ധതി രൂപീകരിക്കാം. എന്നിട്ടു പോലും 80 ശതമാനം എങ്കിലും എത്താൻ കഴിയുന്നില്ല എന്നത് ശരിയായ പഠനം നടത്താതെയാണ് പദ്ധതികൾ ആസൂത്രണം നടത്തുന്നത് എന്നതിന് തെളിവാണ്. പദ്ധതികൾ കൃത്യമായ ആസൂത്രണത്തോടെ തയ്യാറാക്കേണ്ടതാണ്.

1-16 15.25 കോടി രൂപ ഗ്രാന്റ് തുക ലാപ്സായി - 87 ലക്ഷം രൂപ സംയുക്ത പദ്ധതി തുക ട്രഷറി തിരിച്ചെടുത്തു.

സമയബന്ധിതമായി പദ്ധതി ചെലവുകൾ നടത്താത്തതിനാൽ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 15.25 കോടി ഗ്രാന്റ് തുക ലാപ്സാവുകയും 87 ലക്ഷത്തോളം വരുന്ന സംയുക്ത പദ്ധതികൾക്കായുള്ള തുക ട്രഷറി തിരിച്ചെടുക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മെയിന്റനൻസ് ഗ്രാന്റ്, റോഡ് ഇനത്തിൽ ഓഡിറ്റ് വർഷം വരവായി ലഭിച്ചത് 61,04,53,012 രൂപയാണ്. ആയതിൽ 36,21,83,681 രൂപയാണ് ചെലവായത്. ചെലവ് ശതമാനം – 59.33%. മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ് ഇനത്തിൽ ലഭിച്ചത് 14,17,43,973 രൂപയും ചെലവായത് 8,70,17,022 രൂപയുമാണ്. ചെലവ് ശതമാനം – 61.39%. റോഡ് ഇനത്തിൽ 24,82,69,331 രൂപയും നോൺറോഡ് ഇനത്തിൽ 5,47,26,951 രൂപയുമാണ് തൻ വർഷം ചെലവഴിക്കാതിരുന്നത്. സർക്കാരിന്റെ ധനകാര്യ (എസ്.എഫ്.സി.സെൽ -എ) വകുപ്പിന്റെ 15.07.2021 ലെ സ.ഉ.(കൈ) നം.79/2021/ധന ഉത്തരവ് പ്രകാരം മുൻ സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയുടെ പരമാവധി 20 ശതമാനം വരെ അടുത്ത വർഷം വീണ്ടും അനുവദിക്കുന്നതാണ്. ഇതനുസരിച്ച് സംരക്ഷണ ഫണ്ട്, റോഡിന്റെ 12,20,90,602 രൂപ, നോൺറോഡിന്റെ 2,83,48,795 രൂപ എന്നിങ്ങനെയാണ് 2022-23 ൽ വീണ്ടും അനുവദിച്ച് ലഭിക്കാവുന്നത്. അതായത് റോഡ് ഇനത്തിൽ 12,61,78,729 രൂപയും നോൺറോഡ് ഇനത്തിൽ 2,63,78,156 രൂപയുമടക്കം ആകെ 15,25,56,885 രൂപ നഷ്ടപ്പെട്ടിരിക്കുകയാണ്.

സംയുക്ത പദ്ധതികൾക്കായുള്ള അക്കൗണ്ടിലെ മുൻവർഷത്തെ നീക്കിബാക്കി തുകകളായ 52,27,752 രൂപയും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ട്രഷറിയിൽ ആരംഭിച്ച അക്കൗണ്ടിലെ 1,30,600 രൂപയും തൻ വർഷം വിവിധ സംയുക്ത പദ്ധതികൾക്കായി വിവിധ ഗ്രാമ,ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ നിന്നും ലഭിച്ച തുകയിലെ ചെലവഴിക്കാതെ 31.03.2022 ൽ അവശേഷിച്ച 33,51,056 രൂപയുമടക്കം 87,09,408 രൂപ 31.03.2022 ൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഉറവിട അക്കൗണ്ട് ഹെഡ്ഡിൽ ഒടുക്കേണ്ടി വന്നു. ഒരു കാരണവശാലും ജോയിന്റ് ട്രഷറി അക്കൗണ്ടിലെ ബാലൻസ് തുക അടുത്ത വർഷത്തേക്ക് കാരി ഫോർവേർഡ് ചെയ്യില്ല എന്ന് സർക്കാരിന്റെ ഫിനാൻസ് (സ്ട്രീം ലൈനിംഗ്) വകുപ്പിന്റെ 30.09.2021 ലെ 76/2021/ഫിൻ നം. സർക്കുലറിൽ വളരെ വ്യക്തമായി സൂചിപ്പിച്ചിരുന്നു. ഗ്രാമ,ബ്ളോക്ക് പഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ നിന്നും വിഹിതം ലഭ്യമാക്കാൻ കാലതാമസം നേരിട്ടതും (പല സ്ഥാപനങ്ങളും വിഹിതം നൽകിയത് മാർച്ച് മാസത്തിലാണ്) ആയത് സമയ ബന്ധിതമാക്കി ലഭ്യമാക്കുവാൻ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള കൃത്യമായ ഇടപെടലിന്റെ അഭാവവും സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് സമയബന്ധിതമായി പദ്ധതികൾ തയ്യാറാക്കാൻ കഴിയാതിരുന്നതുമാണ് മേൽ അപാകതയ്ക്ക് കാരണം എന്ന് പ്രത്യക്ഷത്തിൽ വ്യക്തമാകുന്നു. പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകേണ്ട കോടിക്കണക്കിന് രൂപ ലാപ്സാകുന്നത് ഗൗരവമായി കാണേണ്ട വിഷയമാണ്. പദ്ധതി നിർവഹണത്തിനായി സർക്കാർ കാലാകാലങ്ങളിലായി നൽകിവരുന്ന നിർദ്ദേശങ്ങൾ സമയ ബന്ധിതമായി പാലിക്കാതിരിക്കുന്നതും മരാമത്ത് വേലകൾക്കായി റോഡുകൾ തെരഞ്ഞെടുക്കുമ്പോൾ ഭരണസമിതി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും സ്വീകരിച്ചു വരുന്ന അനവധാനതയുമാണ് മേൽ അപാകതയ്ക്ക് കാരണം. ആയത് പരിഹരിച്ച് ലഭ്യമായ ഗ്രാന്റുകൾ മുഴുവൻ ജനോപകാരപ്രദമായി വിനിയോഗിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ജില്ലാ പഞ്ചായത്ത് പരിധിയിൽ പൂർണ്ണ തോതിലുള്ള മണ്ണ് പരിശോധന നടക്കുന്നില്ല.

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ജില്ലാ മണ്ണ് പരിശോധന ശാലയിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് അഞ്ചാം പട്ടിക പ്രകാരമുള്ള ജില്ലാ പഞ്ചായത്തുകളുടെ ചുമതലകളിലെ കൃഷി മേഖലയിലെ ചുമതലകളിൽ ക്രമ നം. 4 ആയി ചേർത്തിരിക്കുന്ന ചുമതലയാണ് മണ്ണ് പരിശോധിക്കുക എന്നത്. ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ ജില്ലാ മണ്ണ് പരിശോധന കേന്ദ്രവുമുണ്ട്. ജില്ലയിലെ ഓരോ കൃഷിഭവനിൽ നിന്നും മണ്ണ് പരിശോധനയ്ക്കായി 100 സാമ്പിളുകൾ ലഭ്യമാക്കണമെന്ന് കൃഷി ഡയറക്ടറുടെ 01.01.2021 ലെ സർക്കുലർ നം. ADFW/7513/2021-TF2 പ്രകാരം ഓഡിറ്റ് വർഷം ടാർജറ്റ് നിശ്ചയിച്ചിരുന്നു. എന്നാൽ ചുവടെ ചേർക്കുന്ന കൃഷി ഭവനുകളിൽ നിന്നും ഒരു സാമ്പിൾ പോലും പരിശോധനക്കായി ഓഡിറ്റ് വർഷം മണ്ണ് പരിശോധന കേന്ദ്രത്തിൽ ഹാജരാക്കിയിട്ടില്ല എന്ന് രേഖകളിൽ നിന്ന് കാണുന്നു.

1. കരുമാല്ലൂർ

2. അയ്യമ്പുഴ

3. മഞ്ഞപ്ര

4. മലയാറ്റൂർ-നീലീശ്വരം

5. തുറവൂർ

6. കറുകുറ്റി

7. അങ്കമാലി നഗരസഭ

8. ചൂർണ്ണിക്കര

9. കീഴ്മാട്

10 കിഴക്കമ്പലം

11. വെങ്ങോല

12. വാഴക്കുളം

13. പിണ്ടിമന

14. കീരമ്പാറ

15. കുട്ടമ്പുഴ

16. വാളകം

17. ആവോലി

18. മഞ്ഞള്ളൂർ

19. ആരക്കുഴ

20. മൂവ്വാറ്റുപുഴ നഗരസഭ

21. എടവനക്കാട്

22. നായരമ്പലം

23. ഞാറയ്ക്കൽ

24. കോട്ടുവള്ളി

25. ചിറ്റാറ്റുകര

26. പറവൂർ നഗരസഭ

27. ചെങ്ങമനാട്

28. നെടുമ്പാശ്ശേരി

29. കുന്നുകര

30. പാറക്കടവ്

31. പുത്തൻവേലിക്കര

32. പെരുമ്പാവൂർ നഗരസഭ

33. ചെല്ലാനം

34. കുമ്പളം

35. തൃപ്പൂണിത്തുറ നഗരസഭ

36. കൊച്ചി നഗരസഭ

മേൽ അപാകത ഓഡിറ്റ് എൻക്വയറി (നം.1/10.10.2022) മുഖാന്തിരം ജില്ലാ മണ്ണ് പരിശോധന കേന്ദ്രത്തിൽ അറിയിച്ചിരുന്നു. മണ്ണ് സാമ്പിളുകൾ എത്തിക്കുന്നതിനായി തുടർച്ചയായി എല്ലാ കൃഷിഭവനുകൾക്കും കത്ത്, ഇമെയിൽ, ഫോൺ എന്നിവ മുഖാന്തിരവും അവലോകന യോഗങ്ങളിൽ നേരിട്ടും അറിയിപ്പ് നൽകിയതായി അസി.സോയിൽ കെമിസ്റ്റ് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. മേൽ കൃഷിഭവനുകളിൽ നിന്നും മറുപടി ജില്ലാ മണ്ണ് പരിശോധന കേന്ദ്രം വഴി ലഭ്യമാക്കാനോ നേരിട്ട് ജില്ലാ ഓഡിറ്റ് കാര്യാലത്തിൽ ഹാജരാക്കാനോ ആവശ്യപ്പെട്ടിരുന്നെങ്കിലും ചെല്ലാനം കൃഷിഭവനിൽ നിന്ന് മാത്രമാണ് ഈ കാര്യാലയത്തിൽ മറുപടി ലഭിച്ചത്.

ആധുനിക കൃഷി സമ്പ്രദായത്തിൽ മണ്ണ് പരിശോധനയ്ക്ക് ഏറെ പ്രാധാന്യമുണ്ട്. കൃഷിയിടത്തിലെ മണ്ണിൽ അടങ്ങിയിരിക്കുന്ന മൂലകങ്ങളുടെയും പി.എച്ച് മൂല്യത്തിന്റെയും കൃത്യമായ അളവ് വ്യക്തമായാൽ പ്രസ്തുത കൃഷിയിടത്തിൽ ഉപയോഗിക്കേണ്ട വളത്തിന്റെ അളവ് കണക്കാക്കാൻ കഴിയും. ഇത് മൂലം അമിത വളപ്രയോഗം

ഒഴിവാക്കാൻ കഴിയുമെന്നത് മാത്രമല്ല അത് വഴി കൃഷിച്ചെലവ് കുറയ്ക്കുക, മണ്ണിന്റെ സ്വാഭാവിക ഫലഭൂയിഷ്ഠത നഷ്ടപ്പെടാതിരിക്കുക, പരിസ്ഥിതിക്ക് ദോഷം വരുത്താതിരിക്കുക, വെള്ളം മലിനമാക്കാതിരിക്കുക, മണ്ണിനടിയിലെ ചെറു ജീവജാലങ്ങൾക്ക് ഹാനി വരാതിരിക്കുക തുടങ്ങിയ ഗുണങ്ങളുമുണ്ട്. ജില്ലയിൽ ഇടയ്ക്കിടെ സംഭവിച്ച് കൊണ്ടിരിക്കുന്ന കാലാവസ്ഥ വ്യതിയാനവും പ്രകൃതി ക്ഷോഭവും മണ്ണിന്റെ ഘടനയിൽ പലപ്പോഴും വ്യത്യാസം വരുത്തുന്നതിനാൽ കൃത്യമായ ഇടവേളകളിലുള്ള മണ്ണ് പരിശോധന മാത്രമാണ് പോംവഴി. ജില്ലാ മണ്ണ് പരിശോധന ലാബിന്റെ പ്രവർത്തനം പൂർണ്ണമായി ഉപയോഗിക്കാൻ ജില്ലാ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

ഭൂരിഭാഗം കൃഷിഭവനകളും എൻക്വയറിക്ക് മറുപടി നൽകാതിരുന്നത് ഗൗരവതരമായ വിഷയമായി ഓഡിറ്റ് കാണുന്നു. കൃഷിഭവനകൾ മണ്ണ് പരിശോധനയെ ഒട്ടും പ്രാധാന്യത്തോടെ കാണുന്നില്ല എന്നാണ് ഇത് തെളിയിക്കുന്നത്. മറുപടി നൽകാത്ത എല്ലാ കൃഷിഭവനകളിൽ നിന്നും മറുപടി ലഭ്യമാക്കി ഈ കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്.

1-18 പരിശോധനയിൽ കണ്ടെത്തിയ അടിയന്തിരമായി പരിഗണിക്കേണ്ട വിഷയങ്ങൾ

(എ). ജില്ലാ മണ്ണ് പരിശോധന കേന്ദ്രം

1. 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പ്രാദേശിക പരിശോധനയിൽ ജില്ലാ മണ്ണ് പരിശോധന കേന്ദ്രത്തിലെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. ചോർന്നൊലിക്കുന്ന മേൽക്കൂരയും വിണ്ടു നിൽക്കുന്ന ചുമരുകളും ജീവനക്കാരുടെ ജീവന് ഭീഷണിയാകുന്ന അവസ്ഥയിലാണ്. ഇലക്ട്രിഫിക്കേഷൻ ശാസ്ത്രീയമായ രീതിയിലല്ല നടത്തിയിരിക്കുന്നത്. ഭാരത സർക്കാർ 2011 ൽ പ്രസിദ്ധീകരിച്ച Soil Testing In India – Methods, Manuel എന്ന പുസ്തകത്തിൽ അനക്സ്ചർ 7 ആയി പേജ് നം. 184 ൽ സോയിൽ & വാട്ടർ അനാലിസിസ് ലാബിന്റെ ഫ്ളോർ പ്ളാൻ കൊടുത്തിട്ടുണ്ട്. ഇതനുസരിച്ച് 2500 ച.അടിയെങ്കിലും വിസ്തീർണ്ണം ലാബിനുണ്ടാകേണ്ടതാണ്. നിലവിൽ പല ഭാഗങ്ങളിലായിട്ടാണ് ലാബ് പ്രവർത്തിക്കുന്നത്. മണ്ണ് സൂക്ഷിക്കുന്നതിന് യാതൊരു ക്രമീകരണവും ഇല്ല. വരാന്തയിലാണ് മണ്ണ് സൂക്ഷിക്കുന്നത്.

(ബി). ജില്ലാ ആശുപത്രി, ആലുവ

1. ആലുവ ജില്ലാ ആശുപത്രിയിൽ നിലവിലുള്ള സെപ്റ്റിക് ടാങ്കിന്റെ പൈപ്പ് പൊട്ടുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. പുതിയ സെപ്റ്റിക് ടാങ്ക് അടിയന്തിരമായി നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

2. ആലുവ ജില്ലാ ആശുപത്രിയിൽ നിലവിൽ 250 Kva കപ്പാസിറ്റി ഉള്ള ട്രാൻസ്ഫോർമർ ആണ് ഉപയോഗിക്കുന്നത്. കഴിഞ്ഞ പല വർഷങ്ങളിലായി പല പുതിയ കെട്ടിടങ്ങളും ജില്ലാ ആശുപത്രിയിൽ പണി കഴിഞ്ഞതിനാൽ ഇലക്ട്രിക്കൽ ലോഡ് വളരെ കൂടുതലാണെന്ന് കാണുന്നു. ജെറിയാട്രിക് വാർഡ് സമീപ ഭാവിയിൽ ഉദ്ഘാടനം ചെയ്യും എന്നതിനാൽ ഇനിയും ലോഡ് കൂടുന്നതാണ്. ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണമെന്ന് ആശുപത്രി അധികൃതർ പല തവണ അഭ്യർത്ഥിച്ചതായി കാണുന്നു. 11.02.2022 ലെ HMC തീരുമാനം 2 പ്രകാരം മേൽ വിഷയത്തിൽ തുടർ നടപടികൾ എടുക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. എന്നാൽ നാളിത് വരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. (നം.26/16.01.2023).

3. 30.10.2021 ലെ HMC യോഗ മിനിട്സ് പ്രകാരം ആലുവ ജില്ലാ ആശുപത്രിയിൽ അടിയന്തിരമായി ചെയ്ത് തീർക്കേണ്ട മറ്റു വേലകൾ ചുവടെ ചേർക്കുന്നു. ആയവയിൽ ചിലത് സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതായും കാണുന്നുണ്ട്. പ്രസ്തുത വേലകളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നലകിയ എൻക്വയറിക്ക് മറുപടി നൽകിയില്ല. (നം.26/16.01.2023).

A. ഒ.പി ബ്ളോക്കിൽ സി.സി.ടി.വി കാമറ സ്ഥാപിക്കൽ

B. ജനറൽ വാർഡിൽ ലിഫ്റ്റ് നിർമ്മാണം

C. ജെറിയാട്രിക് വാർഡ് ലിഫ്റ്റ്. (30.10.2021 ലെ HMC തീരുമാനം 4 പ്രകാരം എ.എക്സ്.ഇയെ ചുമതലപ്പെടുത്തി).

D. ഹീമോഫീലിയ വാർഡിൽ രോഗികൾക്കായുള്ള ടോയ് ലെറ്റ് മെയിന്റനൻസ്. (30.10.2021 ലെ HMC തീരുമാനം 7 പ്രകാരം എ.എക്സ്.ഇയെ ചുമതലപ്പെടുത്തി).

E. ഹീമോഫീലിയ ലാബിൽ ചോർച്ച മാറ്റുന്ന പ്രവർത്തനങ്ങൾ. (30.10.2021 ലെ HMC തീരുമാനം 7 പ്രകാരം എ.എക്സ്.ഇയെ ചുമതലപ്പെടുത്തി).

മേൽ വേലകളുടെ അടിയന്തിര പ്രാധാന്യം ഉൾക്കൊണ്ട് കൊണ്ട് ആയത് പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

1-19 സംയുക്ത പദ്ധതി നടത്തിപ്പിലെ അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല.

21-22 വർഷം 129 സംയുക്ത പദ്ധതികൾ നടത്തുവാൻ ഫണ്ട് വകയിരുത്തിയിരുന്നു. നടപ്പാക്കിയത് 73 എണ്ണം മാത്രമാണ്. പ്രസ്തുത പദ്ധതികളിൽ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയത് പ്രോജക്റ്റ് നമ്പർ 669, 969 എന്നിവയുടേതു മാത്രമാണ്. ബാക്കിയുള്ള പദ്ധതികൾക്കു വേണ്ടി ചെലവ് ചെയ്ത പണം വിനിയോഗിച്ച് പണി പൂർത്തീകരിച്ച എന്നതിന് രേഖകൾ ഹാജരാക്കേണ്ടതാണ്. എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 20-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് (കെ.എസ്.എ /ഇ.കെ.എം / ഡിപി/ഇ2/131/22/25/07/2022) ഖണ്ഡിക 1-3 ൽ സംയുക്ത പദ്ധതികളുടെ നടത്തിപ്പിലെ അപാകതകളും, അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയിരുന്നു. ജി.ഒ (പി) നമ്പർ 187/15/ഫിൻ/19.05.2015 പ്രകാരം സംയുക്ത പദ്ധതികൾ നടപ്പാക്കുന്നതിനായി വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ട്. ഈ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് സംയുക്ത പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത് എന്നതായിരുന്നു മേൽ റിപ്പോർട്ടിലെ പരാമർശം. 21-22 വർഷവും അതേ അപാകതകൾ ആവർത്തിക്കുകയാണ് ചെയ്തിട്ടുള്ളത്.

സംയുക്ത പദ്ധതികൾക്കായി ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളെ എപ്രകാരമാണ് തെരഞ്ഞെടുക്കുന്നത് എന്നത് വ്യക്തമാക്കേണ്ടതാണ്. ഗ്രാമ, ബ്ലോക്ക് പഞ്ചാത്തുകളുടെ ആവശ്യനസരണമാണോ പദ്ധതി നിശ്ചയിക്കുന്നതെന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം തെരഞ്ഞെടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് തയ്യാറാക്കിയ എഗ്രിമെന്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ഈ പദ്ധതികളെല്ലാം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തിയാണെന്ന് തെളിയിക്കുന്ന രേഖകൾ, ധനവിനിയോഗ സാക്ഷ്യ പത്രം, പ്രോജക്റ്റ് റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തിയ പൂർണ്ണമായ ഫയൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. 21-22 വർഷം നടപ്പിലാക്കിയ സംയുക്ത പദ്ധതികളുടെ വിവരം അനക്സ്ച്ചർ – 5 ൽ ചേർത്തിട്ടുണ്ട്.

1-20 കുടുംബശ്രീ ഡ്രൈഫിഷ് യൂണിറ്റ് – പദ്ധതി പ്രവർത്തനസജ്ജമായിട്ടില്ല

21-22 സാമ്പത്തിക വർഷം വനിതാ സംരംഭകർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി മീൻ ഉണക്കുന്നതിനുള്ള ഡ്രൈയർ നൽകുന്നതിനായി രണ്ട് പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്.

| പ്രോജക്റ്റ് നമ്പർ | വകയിരുത്തിയ തുക /ഫണ്ടിനം | ചെലവ് /ബിൽ നമ്പർ |
|---|---|---|
| എസ്-396/21-22 (SC Dryfish Unit) | 10,00,000 രൂപ (വികസനഫണ്ട്-SCP) | 7,50,000 രൂപ (CNT12/21-22, 2,50,000) (CNT8/21-22, 5,00,000) |
| എസ്-351/21-22 (Dry Fish Unit General) | 10,00,000രൂപ (വികസനഫണ്ട്-ജനറൽ) | 8,00,000 രൂപ (CNT9/21-22-4,00,000) (CNT11/21-22-4,00,000) |

തീരദേശമേഖലയിലെ ജീവിത നിലവാരം ഉയർത്തുന്നതിനും, സംരംഭകർക്ക് സ്ഥായിയായ വരുമാനം ഉറപ്പാക്കി പ്രാദേശിക സാമ്പത്തിക വികസനത്തിന് വേഗം കൂട്ടുവാനും ഉദ്ദേശിച്ചാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. അഞ്ച് അംഗങ്ങളുള്ള ഗ്രൂപ്പിന് മീൻ ഉണക്കുന്നതിനുള്ള യന്ത്രം പദ്ധതി പ്രകാരം നൽകുന്നു. SC പദ്ധതി പ്രകാരം മൂന്നു യൂണിറ്റുകൾക്ക് 2,50,000 രൂപ വീതം ധന സഹായം നൽകിയിട്ടുണ്ട്.

ധനസഹായം ലഭിച്ച യൂണിറ്റുകൾ

1. ക്വാളിറ്റി ഡ്രൈഫിഷ് യൂണിറ്റ് , ചിറ്റാറ്റുകര

2. സ്നേഹ ഡ്രൈഫിഷ് യൂണിറ്റ്, ചെല്ലാനം

3.ശ്രീമുരുക ഡ്രൈഫിഷ് യൂണിറ്റ്, ചെല്ലാനം

ഒരു യൂണിറ്റിന് 4.5 ലക്ഷം രൂപ വകയിരുത്തുന്നതിൽ 2.5 ലക്ഷം രൂപാ ജില്ലാ പഞ്ചായത്ത് ധനസഹായവും, 1.5 രൂപ ബാങ്ക് ലോൺ, 50,000 രൂപ ഗുണഭോക്തൃ വിഹിതം എന്നിങ്ങനെയാണ് ധന സമാഹരണം.

ജനറൽ വിഭാഗത്തിൽ നാല് യൂണിറ്റുകൾക്ക് 2,00,000 രൂപ വീതമാണ് ധനസഹായം നൽകിയിട്ടുള്ളത്.

1. സൌഹൃദം ഡ്രൈഫിഷ് യൂണിറ്റ്, പള്ളിപ്പുറം

2. അൽഅമീൻ ഡ്രൈഫിഷ് യൂണിറ്റ്, ചിറ്റാറ്റുകര

3.നന്ദന ഡ്രൈഫിഷ് യൂണിറ്റ്, ഞാറക്കൽ

4. പുഴയോരം ഡ്രൈഫിഷ് യൂണിറ്റ്, കടമക്കുടി

ജില്ലാമിഷൻ ഈ പദ്ധതിക്കായി അംഗീകരിച്ച അർഹതാ മാനദണ്ഡങ്ങൾ പ്രകാരം, കുടുംബശ്രീ ആർ എം ഇ മാർഗ്ഗനിർദ്ദേശമനുസരിച്ച് സംരംഭം നടത്താൻ താത്പര്യമുള്ള 18-60 പ്രായ വിഭാഗത്തിലുള്ള അയൽക്കൂട്ട അംഗങ്ങൾക്കാണ് യോഗ്യതയുള്ളത്. നാലുലക്ഷം രൂപാ ചെലവ് കണക്കാക്കുന്ന ഒരു യൂണിറ്റിന് 2 ലക്ഷം രൂപയാണ് ജില്ലാ പഞ്ചായത്ത് ധനസഹായമായി നല്കുന്നത്. 1.5 ലക്ഷം രൂപ നിർബന്ധമായും ബാങ്ക് ലോൺ മുഖേന സ്വരൂപിക്കേണ്ടതും, 50,000 രൂപ ഗുണഭോക്തൃ വിഹിതമായി ഉൾപ്പെടുത്തേണ്ടതുമാണ്.

പദ്ധതി പരിശോധനയുടെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ ഒരു യൂണിറ്റ് പോലും പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന കണ്ടെത്തി. സോളാർ പാനലോടു കൂടിയ ഡ്രൈയർ, ഇലക്ട്രിസിറ്റി അല്ലെങ്കിൽ ഗ്യാസ് എന്നിവ ഉപയോഗിച്ച് പ്രവർത്തിപ്പിക്കാവുന്ന ഡ്രൈയർ എന്നിങ്ങനെ രണ്ടു തരം യന്ത്രങ്ങളാണ് വിവിധ യൂണിറ്റുകൾ വാങ്ങിയിട്ടുള്ളത്. ഒരു യൂണിറ്റിനും ഡ്രയർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ല. ഗാർഹിക കണ്‌കഷൻ ഉപയോഗിച്ച് ഡ്രൈയർ പ്രവർത്തിപ്പിക്കുന്നതിന്റെ പ്രായോഗികത വിലയിരുത്താതെയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഡ്രൈയർ സ്ഥാപിക്കുന്നതിനാവശ്യമായ പ്രത്യേക സുരക്ഷിത സ്ഥലം രണ്ടു യൂണിറ്റുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. അവയ്ക്കു തന്നെ കെട്ടിട നമ്പർ ലഭിക്കാത്തതിനാൽ കറന്റു കണക്ഷൻ ലഭ്യമായിട്ടില്ല. ഡ്രൈയർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പരിശീലനം യൂണിറ്റുകൾക്കൊന്നും ലഭിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിന്റെ പദ്ധതി രേഖ പ്രകാരം ഈ പദ്ധതിക്ക് ആവശ്യമായ മുഴുവൻ പരിശീലനവും കുടുംബശ്രീ ജില്ലാ മിഷൻ സ്വന്തം ചെലവിൽ നൽകേണ്ടതാണെങ്കിലും, ഫിഷറീസ് സർവ്വകലാശാലയിൽ വച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന്റെ പരിശീലനം മാത്രമാണ് അംഗങ്ങൾക്ക് നൽകിയിട്ടുള്ളത്. കറന്റിൽ പ്രവർത്തിപ്പിക്കേണ്ട യന്ത്രത്തിന്റെ പ്രവർത്തനം, പരിരക്ഷ എന്നിവയെ കുറിച്ച് അംഗങ്ങൾക്ക് യാതൊരു ധാരണയും ലഭിച്ചിട്ടില്ല.

യൂണിറ്റുകൾ പ്രവർത്തന ക്ഷമമായാൽ അംഗങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉണക്ക മത്സ്യത്തിന് ലാഭം ലഭിക്കുന്ന തരത്തിലുള്ള ഒരു വിപണി കണ്ടെത്തിക്കൊടുക്കുന്നതിന് ജില്ലാ മിഷൻ എതെങ്കിലും തരത്തിൽ സഹായം വാഗ്ദാനം ചെയ്തിട്ടില്ല.

ജില്ലാ പഞ്ചായത്ത് നൽകേണ്ടത് ബാങ്ക് ലോണുമായി ബന്ധപ്പെട്ട ധനസഹായം ആണ്. എല്ലാ യൂണിറ്റിനും, 2022 മാർച്ച് മാസം തന്നെ ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്. എന്നാൽ യൂണിറ്റുകൾ ഡ്രൈയർ വാങ്ങിയിട്ടുള്ളത് 2022 ഒക്ടോബർ മാസത്തിലാണ്. പദ്ധതി നടപ്പാക്കുവാൻ ഇത്രയും കാലതാമസം വന്നതിന് വിശദീകരണം നൽകിയിട്ടില്ല. കുടുംബശ്രീ യൂണിറ്റുകൾ ലോൺ ലഭ്യമായ രേഖകളും ഗുണഭോക്തൃ വിഹിതം ഉപയോഗപ്പെടുത്തിയിട്ടുണ്ട് എന്ന രേഖകളും ഹാജരാക്കിയിട്ടില്ല. അതുകൊണ്ടു തന്നെ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യമായ ഉത്തരവാദിത്തത്തോടെയുള്ള സ്വയം പര്യാപ്തത, നേടാൻ കഴിഞ്ഞിട്ടില്ല എന്ന വിലയിരുത്തുന്നു.

പ്രോജക്ടിന്റെ നിർവ്വഹണം, ഡ്രൈയർ വാങ്ങി എന്നതു മാത്രമായി പദ്ധതി കാലാവധിക്കു ശേഷവും അവശേഷിക്കുന്നതിനാൽ ആവശ്യമായ അന്വേഷണം നടത്തി നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 ജി ഐ എഫ് ഡി ഇൻസ്റ്റിറ്റ്യൂട്ടുകളുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത.

ജി ഐ എഫ് ഡി ഇൻസ്റ്റിറ്റ്യൂട്ടുകൾ

ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഫാഷൻ ഡിസൈനിംഗ് ആൻ്റ് ഗാർമെന്റ് ടെക്നോളജി(FDGT) എന്ന ദ്വിവർഷ കോഴ്സ് പഠിപ്പിക്കുന്ന മൂന്ന്

സ്ഥാപനങ്ങൾ കളമശ്ശേരി, തമ്മനം, ഞാറക്കൽ എന്നീ സ്ഥലങ്ങളിൽ ഉണ്ട്. വസ്ത്രനിർമ്മാണം, അലങ്കാരം, രൂപകല്പന, വിപണനം എന്നീ മേഖലകളിൽ വിദഗ്ധരെ വാർത്തെടുക്കുക എന്നതാണ് ഈ വൊക്കേഷണൽ പരിശീലന കേന്ദ്രങ്ങളുടെ ലക്ഷ്യം. ഫാഷൻ ഡിസൈനിംഗ് രംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് 2009 ൽ കരിക്കുലം പരിഷ്കരിച്ച് കാലാനുസൃതമാക്കി ഇന്റസ്ട്രിയൽ ട്രെയ്നിംഗ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കോഴ്സ് പൂർത്തിയാക്കുന്നവരെ തൊഴിൽ സജ്ജരാക്കുന്നു എന്നത് ഈ കോഴ്സിന്റെ പ്രത്യേകതയാണ്.

1) ജി ഐ എഫ് ഡി കളമശ്ശേരി

കളമശ്ശേരി പോളിടെക്നിക്കിന് കീഴിൽ 1979 മുതൽ പ്രവർത്തിച്ച് വരുന്ന ഈ കെട്ടിടത്തിന് നാളിതുവരെ സ്വന്തമായി കെട്ടിടം ആയിട്ടില്ല.പ്രവർത്തനം തുടങ്ങിയ നാൾ മുതൽ ഈ സ്ഥാപനം വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്.നിലവിൽ ഈ സ്ഥാപനം കളമശ്ശേരി പോളിടെക്നിക്കിന്റെ കൈവശമുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള ഈ സ്ഥാപനത്തിൽ 33 പഠിതാക്കൾ, രണ്ട് അധ്യാപികമാർ എന്നിവരാണുള്ളത്. കംപ്യൂട്ടർ, പരിശീലനത്തിനുള്ള തയ്യൽ മെഷീനുകൾ എന്നിവ ജില്ലാ പഞ്ചായത്ത് നൽകിയിട്ടുണ്ടെങ്കിലും ജീർണ്ണാവസ്ഥയിലുള്ള കെട്ടിടത്തിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമാണുള്ളത്. പെൺകുട്ടികൾ മാത്രമാണ് ഇപ്പോൾ പഠിതാക്കളായുള്ളത്. വളരെ പഴക്കം ചെന്ന ശുചിമുറികൾ, അറ്റകുറ്റപ്പണികൾ നടത്താത്ത കെട്ടിടം എന്നിവ വലിയ പോരായ്മയാണ്. കെട്ടിടം ജില്ലാ പഞ്ചായത്തിന്റേത് അല്ലാത്തതിനാൽ അറ്റകുറ്റപ്പണികൾ നടത്താൻ കഴിയാത്ത അവസ്ഥയുണ്ട്. NBA അക്രെഡിറ്റേഷന്റെ ഭാഗമായി പോളിടെക്നിക്കിന് കെട്ടിടം ഒഴിഞ്ഞുകൊടുക്കേണ്ട സാഹചര്യവും നിലവിൽ ഉണ്ട്. എന്നാൽ നിരവധിയായ പരാധീനതകൾക്കിയിലും സ്ഥാപനം തികഞ്ഞ അച്ചടക്കത്തോടെ പ്രവർത്തിച്ച്, തൊഴിൽ സജ്ജരായ ഒരു കൂട്ടം ചെറുപ്പക്കാരെ വാർത്തെടുക്കുന്നുണ്ട്. പോളിടെക്നിക്ക് കൊമ്പൗണ്ടിൽ സ്വന്തമായി ഒരു കെട്ടിടത്തിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

2)ജി ഐ എഫ് ഡി തമ്മനം

സ്ഥാപനത്തിൽ 33 പഠിതാക്കൾ, രണ്ട് അധ്യാപികമാർ എന്നിവരാണുള്ളത്. കംപ്യൂട്ടർ, പരിശീലനത്തിനുള്ള തയ്യൽ മെഷീനുകൾ എന്നിവ ജില്ലാ പഞ്ചായത്ത് നൽകിയിട്ടുണ്ടെങ്കിലും രണ്ട് ഇടുങ്ങിയ മുറികൾ മാത്രമുള്ള വളരെ പഴക്കം ചെന്ന കെട്ടിടത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. ശുചിമുറികളുടെ അവസ്ഥ ശോചനീയമാണ്. കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടോയെന്ന് വ്യക്തമല്ല. ഭൗതിക സൗകര്യങ്ങളുടെ പരിമിതികൾക്കിടയിലും സ്ഥാപനം വളരെ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. വർഷം തോറും നാൽപതോളം കുട്ടികൾ തൊഴിൽ സാധ്യതയുള്ള ഈ കോഴ്സ് പഠിച്ചിറങ്ങുന്നുണ്ട്. സ്ഥാപനത്തിനായി സുരക്ഷിതവും സൗകര്യപ്രദവുമായ മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ ഉള്ള കെട്ടിടം കണ്ടെത്താൻ ശുപാർശചെയ്യുന്നു.

3)ജി ഐ എഫ് ഡി ഞാറക്കൽ

രണ്ട് ബാച്ചുകളിലായി 80 പഠിതാക്കൾ ഉള്ള സ്ഥാപനം പ്രവർത്തിക്കുന്നത് സ്വന്തമായുള്ള 70 സെന്റ് സ്ഥലത്തെ കെട്ടിടത്തിലാണ്. ഇവിടെയും കെട്ടിടം കാലപ്പഴക്കം കൊണ്ട് ജീർണ്ണിച്ചതാണ്. 2014-15 പദ്ധതിയിൽ പണിത പുതിയ ബ്ളോക്കിന്റെ ഫ്ളോറിംഗ് ടൈലുകൾ അപകടകരമായ രീതിയിൽ ഇടിഞ്ഞ് താണ നിലയിലാണ്. ഈ മുറിയാണ് പ്രാക്ടിക്കൽ ക്ളാസിന് ഉപയോഗിക്കുന്നത്. 80 പെൺകുട്ടികൾക്കും അധ്യാപകർക്കുമായി ഒരു ശുചിമുറിയാണുള്ളത്. കാലപ്പഴക്കം കൊണ്ട് സീലിംഗ്, സീലിംഗ് ഫാൻ എന്നിവ താഴെ വീണ അവസ്ഥയിലാണ്. കൈമാറി കിട്ടിയ സ്ഥാപനങ്ങൾ ആണെങ്കിലും സ്റ്റേഷനറിപോലുള്ള ദൈനംദിന ചെലവുകൾക്ക് പോലും ഫണ്ടില്ലാതെ ഞെരുങ്ങുന്ന അവസ്ഥയിലാണ്. പാരന്റ് ഡിപ്പാർട്ട്മെന്റിൽ നിന്നാകട്ടെ ജീവനക്കാരുടെ ശമ്പളം മാത്രമാണ് നൽകുന്നത്. ഭൗതിക സൗകര്യങ്ങളുടെ ഞെരുക്കുന്ന അപര്യാപ്തതകൾക്കിയിലും കോഴ്സിന്റെ ഗുണനിലവാരം കൊണ്ടു തന്നെ സാധാരണ വീട്ടമ്മമാർ മുതൽ എംബിഎ ബിരുദധാരികൾ വരെയുള്ള നിരവധി പേരാണ് തൊഴിൽ സാധ്യതയുള്ള ഈ കോഴ്സിന് ചേരാൻ എത്തുന്നത്. അർപ്പണബോധമുള്ള അധ്യാപകരുടെ ആർജവം മാത്രമാണ് ഈ സ്ഥാപനത്തെ മുന്നോട്ട് കൊണ്ടുപോകുന്നത്. ഫാഷൻഡിസൈനിംഗ് മേഖലയിൽ നിരവധി സാധ്യതകൾ ഉള്ള കോഴ്സിന്റെ ഭാഗമായുള്ള ഫാഷൻ ഷോ, പഠിതാക്കൾ ഡിസൈൻ ചെയ്ത വസ്ത്രങ്ങളുടെ എക്സിബിഷൻ എന്നിവയ്ക്കുള്ള വേദി ഒരുക്കാൻ ജില്ലാ പഞ്ചായത്തിന് മുൻകൈ എടുക്കാവുന്നതാണ്. അടിസ്ഥാന സൗകര്യങ്ങൾ ഉള്ള സുരക്ഷിതമായ കെട്ടിടങ്ങൾ, ദൈനംദിനപ്രവർത്തന ചെലവുകൾ എന്നിവയ്ക്കുള്ള ബജറ്റ് പ്രൊവിഷൻ എന്നീ കാര്യങ്ങൾ ജി ഐ എഫ് ഡി കൾക്ക് നല്കാൻ ശ്രമിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-22 കൈത്തറിക്കൊരു കൈത്താങ്ങ്-ദീർഘ വീക്ഷണമില്ലാത്ത പദ്ധതി രൂപീകരണം

കൈത്തറിക്കൊരു കൈത്താങ്ങ്-ഐരാപുരം ഖാദി നെയ്ത്ത് കേന്ദ്രം വിപുലീകരണം-നിലവിലെ പ്രവർത്തനങ്ങൾ

| | |
|---|---|
| പദ്ധതി | കൈത്തറിക്കൊരു കൈത്താങ്ങ്-ഐരാപുരം ഖാദി നെയ്ത്ത് കേന്ദ്രം വിപുലീകരണം<br>എസ് 0091/22 |
| നിർവ്വഹണം | ഖാദി ഗ്രാമവ്യവസായ പ്രോജക്ട് ഓഫീസർ |
| അടങ്കൽ | 25,00,000(SCP) |
| ചെലവ് | 19,35,600 |

കൈത്തറിക്കൊരു കൈത്താങ്ങ് -ഐരാപുരം ഖാദി നെയ്ത്ത് കേന്ദ്രം വിപുലീകരണം എന്ന പദ്ധതിയുടെ ഭാഗമായി കിഴക്കമ്പലത്തിനടുത്ത് വലമ്പൂർ എന്ന സ്ഥലത്ത് ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പണിത കെട്ടിടത്തിലേയ്ക്ക് മേൽ പദ്ധതി പ്രകാരം 19,35,600 രൂപ ചെലവിൽ ഇടെണ്ടർ മുഖേന കുമരൻ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്ന് താഴെ പറയുന്ന സാധനസാമഗ്രികൾ വാങ്ങിയിട്ടുണ്ട്.

1)20 തറികൾ - 12,62,000 രൂപ

2)ഫർണ്ണിച്ചർ - 1,99,000 രൂപ

3)കോൺവൈൺറിംഗ് - 4,74,600 രൂപ

ആകെ - 19,35,600

എസ് സി പി ഫണ്ട് ഉപയോഗിച്ച് 20 എസ് സി യുവാക്കൾക്ക്/യുവതികൾക്ക് തൊഴിൽ നല്കാനായി വിഭാവനം ചെയ്ത പദ്ധതിയാണ്. ഉപകരണങ്ങൾ വാങ്ങിയശേഷം മാത്രമാണ് ഗുണഭോക്താക്കളെ കണ്ടെത്തിയിരിക്കുന്നത്. ഗുണഭോക്താക്കൾ ആരും തന്നെ കൈത്തെറി നെയ്ത്ത് തൊഴിലിൽ മുൻപരിചയം ഉള്ളവരല്ല. പദ്ധതിക്ക് ഗുണഭോക്താക്കളെ കണ്ടെത്തിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.

നിലവിൽ 20 ഗുണഭോക്താക്കൾക്ക് ഈ യൂണിറ്റിൽ തന്നെ തൊഴിൽ പരിശീലനം നൽകുകയാണ്. ഈ പദ്ധതി എത്ര കാലം കൊണ്ട് ഗുണഭോക്താക്കൾക്ക് വരുമാനദായകമായി മാറും, പദ്ധതിക്ക് തുടർ ചെലവുകൾ ഉണ്ടോ, തുടർ പ്രവർത്തനങ്ങൾക്ക് വകുപ്പിന്റെ മേൽനോട്ടം ഉണ്ടോ എന്നീ കാര്യങ്ങളും വ്യക്തമല്ല. പരിശീലനകാലം എത്രയാണെന്നും പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഗുണഭോക്താക്കൾക്ക് യൂണിറ്റിലേയ്ക്ക് തുടർ പ്രവർത്തനങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങാൻ പദ്ധതിയിൽ പണം മാറ്റി വെച്ചിട്ടില്ല. ഇവരുടെ ഉത്പന്നങ്ങൾക്ക് മാർക്കറ്റിംഗ് സാധ്യത പദ്ധതിയിൽ ഉറപ്പാക്കിയിട്ടില്ല. ഇത്തരം തൊഴിൽ സംരംഭങ്ങൾ പരിശീലനകാലത്തിനുശേഷം മുന്നോട്ട് പോകാൻ ശരിയായ കൈത്താങ്ങ് അത്യാവശ്യമാണ്. നൂതന പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ അതിന്റെ തുടർ പ്രവർത്തനങ്ങൾ,ഉത്പാദന ചെലവുകൾ, എസ്റ്റാബ്ളിഷ്മെന്റ് ചെലവുകൾ എന്നിവക്ക് കൂടി തുക കണ്ടെത്താനുള്ള മാർഗം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പല സംരംഭങ്ങളും പാതി വഴിയിൽ ഉപേക്ഷിക്കപ്പെടുന്നതിന് കാരണവും ദീർഘവീക്ഷണമില്ലാതെയുള്ള പദ്ധതി രൂപീകരണമാണ്. ഒരു തൊഴിൽ സംരംഭം നടത്തി മുൻപരിചയമില്ലാത്ത ഗുണഭോക്താക്കൾക്ക് ഫിനാൻസ് മാനേജ്മെന്റ്, തൊഴിലാളികളുടെ ചുമതലാ വിഭജനം, മാർക്കറ്റിംഗ് മേൽനോട്ടം എന്നീ മേഖലകളിലെ പരിശീലനം കൂടി നൽകേണ്ടതാണ്. സംരംഭം വിജയകരമായി മുന്നോട്ട് പോകണമെങ്കിൽ വരും വർഷങ്ങളിലും തുടർച്ചയായ മോണിറ്ററിംഗ് ജില്ലാ പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണം നടത്തിയ വകുപ്പും നടത്തേണ്ടതാണ്. ഈ രീതിയിലുള്ള വിലയിരുത്തൽ കൊണ്ടുമാത്രമേ പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്തുകയുള്ളൂ. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-23 ഫാമുകളുടെ പ്രവർത്തനം-ഉല്പാദന മാന്ദ്യം-നിയന്ത്രണസംവിധാനങ്ങൾ കാര്യക്ഷമമല്ല.

ജില്ലാ കൃഷിത്തോട്ടം നേര്യമംഗലം, ഒക്കൽ നെൽവിത്ത് ഉല്പാദന കേന്ദ്രം, സംസ്ഥാന വിത്ത് ഉല്പാദന കേന്ദ്രം, ആലുവ, നാളികേര വികസന ഫാം വൈറ്റില, റാബിറ്റ് ഫാം അങ്കമാലി എന്നിവയാണ് ജില്ലാ പഞ്ചായത്തിന് കൈമാറികിട്ടിയ ഫാമുകൾ. നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ വിവിധ വിളകൾ കൃഷി ചെയ്യുന്നത് 71.455 ഹെക്ടർ സ്ഥലത്താണ്. RKVY, RBK പദ്ധതികളിൽ ഉൾപ്പെടുത്തി നിരവധി വികസന പ്രവർത്തനങ്ങൾ ഫാമിൽ

നടന്നു വരുന്നു. ചെക്ക് ഡാം, മീൻകുളം എന്നിവ അതിൽപ്പെടുന്നു. ബി ബ്ലോക്കിൽ 2016 ൽ നിർമ്മാണം ആരംഭിച്ച ചെക്ക് ഡാം ഇതുവരെ പൂർത്തിയായിട്ടില്ല. L ബ്ളോക്കിൽ 2019-20ൽ ഏതാണ്ട് നാല് ഏക്കർ സ്ഥലത്തെ മരങ്ങൾ മുറിച്ചുമാറ്റി നെൽകൃഷി ചെയ്ത സ്ഥലമാണ് RKVY പദ്ധതി പ്രകാരം മീൻകുളമാക്കിയത്. എന്നാൽ നിർമ്മാണത്തിലെ തകരാർ മൂലം വെള്ളം ചോർന്നുപോകുന്നതിനാൽ മീൻകുളത്തിൽ മീൻവളർത്താൻ കഴിഞ്ഞിട്ടില്ല. 2018-19, 2019-20 കാലയളവിൽ പണിതീർത്ത ആധുനിക രീതിയിലുള്ള വില്പനകൗണ്ടർ സമുച്ചയവും ഇതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ല. ഫാമിന്റെ അന്തസ്സിനു ചേരാത്ത രീതിയിലുള്ള യാതൊരു സ്റ്റോറേജ് സൗകര്യവുമില്ലാത്ത കൗണ്ടറിലാണ് വില്പന നടക്കുന്നത്. പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 6-3-21ലെ റ്റി പി (1)448/21 റിപ്പോർട്ട് പ്രകാരം സി, ഡി ബ്ളോക്കുകളിൽ ആരോഗ്യമുള്ള നിരവധി കുലച്ച വാഴകൾ വെട്ടി മാറ്റിയതായി പറയുന്നു. എന്നാൽ കൃത്യമായ നഷ്ടം കണക്കാക്കാൻ ഫാം സൂപ്രണ്ടിനോട് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അങ്ങനെയൊരു കണക്ക് ലഭ്യമാക്കിയിട്ടില്ല. ഫാം കൗൺസിൽ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും 7-10-21 ൽ ഫാമിലെ വിൽപനകേന്ദ്രം തകർത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 4/2/23 ലെ ഫാം കൗൺസിൽ യോഗത്തിൽ (പേജ് 24) 270 തൊഴിലാളികളും 250 ഏക്കറോളം കൃഷി ഭൂമിയുമുള്ള ഫാമിൽ ഓണചന്തയ്ക്കായി പച്ചക്കറികൾ പുറമെ നിന്ന് വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 10 രൂപ പാസ് എടുത്ത് ആർക്കും ഫാമിൽ കയറി പുല്ല് വെട്ടാം എന്നത് ഫാമിന്റെ സുരക്ഷയെ ബാധിക്കുമെന്നതിനാൽ ഈ തീരുമാനം പുനപരിശോധിക്കേണ്ടതാണ്. ഇത്തരത്തിൽ നിരവധി പ്രശ്നങ്ങളാണ് ഫാമിൽ ഉള്ളത്. അവയെല്ലാം കൃത്യമായ പരിഹാരം കണ്ടെത്തി ഫാമിന്റെ പ്രവർത്തനം കാര്യക്ഷമവും ഉത്പാദനപരവുമാക്കേണ്ടത് ഭരണസമിതിയാണ്.

ഫാമുകളുടെ ഭൗതികസൗകര്യം മെച്ചപ്പെട്ടതാക്കാനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി, തനത് ഫണ്ടിൽ നിന്ന് നിരവധി പദ്ധതികൾക്കാണ് തുക വകയിരുത്തിയത്. 2020-21 ൽ 1,16,57,000 രൂപ അടങ്കലിൽ 14 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 16.3% (19,00,611) രൂപ മാത്രമാണ് ചെലവഴിച്ചത്. പൈനാപ്പിൾ കൃഷി, കിഴങ്ങ് വർഗ്ഗങ്ങളുടെ ഉത്പാദനം, നെല്ലും മീനും തുടങ്ങിയ ഉല്പാദനമേഖലയിലുള്ള പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയില്ല. പച്ചക്കറി കൃഷി വികസനം എന്ന പദ്ധതിയിൽ 9.8% (95,690/9,75,000) തുക ചെലവഴിച്ച് പദ്ധതിയിൽ നാമമാത്രമായ പ്രവർത്തനം നടത്തി. 2021-22 ൽ നടപ്പാക്കിയ ഉത്പാദന മേഖലയിലുള്ള താഴെ പറയുന്ന പദ്ധതികളിൽ വളം വാങ്ങൽ മാത്രമാണ് നടന്നത്.

| ക്രമ നം | പദ്ധതി | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | ഫാം നവീകരണം - 1135/22 | 15,00,000 രൂപ | 1,51,670 രൂപ | 10.11% |
| 2 | നടീൽ വസ്തുക്കളുടെ ഉത്പാദനം -1113/22 | 15,00,000 രൂപ | 1,85,065 | 12.33% |
| 3 | സംയോജിത വിള പരിപാലനം -1125/22 | 15,00,000 രൂപ | 8,38,945 രൂപ | 55.92% |
| 4 | പ്രോജനി ഓർച്ചാഡുകളുടെ പുനരുദ്ധാരണവും നവീകരണവും 167/22 | 10,00,000 രൂപ | 3,92,946 രൂപ | 32.29% |

മേൽ പദ്ധതികളിൽ ക്രമ നം 2 ൽ മാത്രമാണ് വളം വാങ്ങൽ ഇല്ലാത്തത്. എന്നാൽ പകരം ഓഫീസ് മോടി പിടിപ്പിക്കുന്നതിനുള്ള ഓർണമെന്റൽ ചെടികൾ, ചെടിച്ചട്ടികൾ തുടങ്ങിയവ വാങ്ങുകയാണുണ്ടായത്. നടപ്പിലാക്കാത്ത പദ്ധതികൾ ഫാമിലെ കാർഷിക ഉത്പാദനവുമായി ബന്ധപ്പെട്ടതാണെന്നു കാണാം.

276 തൊഴിലാളികൾക്ക് ക്വാണ്ടം ഓഫ് വർക്ക് നിർണ്ണയിച്ചു നൽകിയിട്ടില്ല. അതുകൊണ്ടു തന്നെ ഔട്ട് പുട്ട് കണക്കാക്കുക ശ്രമകരമാണ്. തനത് ഫണ്ടിൽ നിന്ന് പദ്ധതികൾക്കായി 1.23കോടി രൂപ വകയിരുത്തിയെങ്കിലും 26.45% (3254508 രൂപ) മാത്രമാണ് ചെലവഴിച്ചത് എന്നതിൽ നിന്ന് ഉത്പാദന മേഖലയിലുള്ള മുരടിപ്പ്

വ്യക്തമാണ്. സംയോജിതകൃഷിയുടെ ഭാഗമായുള്ള ഉത്പന്നങ്ങൾ -പാൽ, മുട്ട, മത്സ്യം എന്നിവ വിൽക്കുന്നില്ല, എന്നാൽ അവ എന്തു ചെയ്യുന്നു എന്ന് വ്യക്തമല്ല. തേനീച്ചകൾക്കായി 520 കി.ഗ്രാം പഞ്ചസാര വാങ്ങിയിട്ടുണ്ടെങ്കിലും, എത്ര തേനീച്ച കൂടുകൾ, അവയിൽ നിന്നുള്ള ഉത്പാദനം എന്നീ വിവരങ്ങൾ ലഭ്യമല്ല. തൻവർഷത്തെ വിറ്റ് വരവ് 93,63,790 രൂപയാണ്. ഒരു വരുമാന സ്രോതസ്സ് എന്നതിലുപരി അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങളും, നടീൽ വസ്തുക്കളും കർഷകർക്ക് ലഭ്യമാക്കാനും, ഗുണമേൻമയുള്ള കാർഷിക ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കാനും, കർഷകർക്ക് പുതിയ കൃഷി രീതികൾ പരിചയപ്പെടുത്താനും, കൃഷി വിജ്ഞാനകേന്ദ്രങ്ങളായി പ്രവർത്തിക്കാനും ഫാമുകൾക്ക് ചുമതലയുണ്ട്. ഈ ഉത്തരവാദിത്തങ്ങൾ നിറവേറ്റപ്പെടുന്നുണ്ടോയെന്ന വിലയിരുത്തൽ ഫാം കൗൺസിൽ, ഭരണസമിതി എന്നിവർ നടത്തേണ്ടതാണ്.

കർഷകർക്ക് നല്ലയിനം നെൽവിത്ത് ഉൽപ്പാദിപ്പിച്ച് നൽകുക എന്ന മുഖ്യ ഉദ്ദേശമാണ് ഒക്കൽ വിത്ത് ഉത്പാദനകേന്ദ്രത്തിന് ഉള്ളത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ വിറ്റ് വരവ് പരിശോധിച്ചാൽ ഉത്പാദനക്ഷമത കുറയുന്ന എന്ന സൂചനയാണ് ലഭിക്കുന്നത്.

വിറ്റ് വരവ് വർഷം തിരിച്ച്

| വർഷം | വിറ്റ് വരവ് |
|---|---|
| 2019-20 | 1,06,667,18 |
| 2020-21 | 57,662,90 |
| 2021-22 | 75,860,28 |

പ്രളയം ബാധിച്ചിട്ടുപോലും 2019-20ൽ 1,06,667,18 രൂപയാണ് ഫാമിലെ വരുമാനം. എന്നാൽ അടുത്ത വർഷം അതിനോക്കാൾ 46% കുറവും, തൻവർഷം 2019-20 ൽ നിന്നും 28.9 % കുറവുമാണ് വരുമാനം. ഫാമിലെ ജലസേചന സൗകര്യം മെച്ചപ്പെടുകയും, ജീവനക്കാരുടെ എണ്ണം കൂടുകയും ചെയ്തിട്ടും ഉത്പാദനത്തിലുണ്ടായ മാന്ദ്യത്തിനുള്ള കാരണങ്ങൾ പരിശോധിക്കേണ്ടതാണ്.

സംസ്ഥാന വിത്തുല്പാദനകേന്ദ്രം ആലുവ ഫാം ടൂറിസത്തിന്റെ പാതയിലാണ്. പതിമൂന്നര ഏക്കർ മാത്രം വിസ്തൃതിയുള്ള ഫാമിൽ സംയോജിതകൃഷിയോടൊപ്പം തന്നെ രക്തശാലി, ജപ്പാൻ വയലറ്റ് തുടങ്ങിയ നെൽ വിത്തുകളും, ചിയ സീഡ് പോലുള്ളവയും ചെറിയ തോതിൽ കൃഷി ചെയ്യുന്നു. എന്നാൽ ഇത്തരം അപൂർവ്വ വിത്തിനങ്ങൾ കൂടുതൽ കർഷകരിലേയ്ക്ക് എത്തിക്കുക എന്നതിനു പകരം, അവ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വിൽക്കുന്ന രീതിയാണ് കാണുന്നത്. എന്നാൽ ഉത്പന്നങ്ങൾ പാക്ക് ചെയ്ത് വില്പനയ്ക്ക് തയ്യാറാകും വരെയുള്ള ചെലവിനെക്കുറിച്ച് യാതൊരു കണക്കുകളും സൂക്ഷിക്കുന്നില്ല. ചെറിയ അളവിലുള്ള ഉത്പന്നങ്ങൾ വില്പന നടത്തുന്നതിനുള്ള ചെലവും, വിറ്റ് വരവും താരതമ്യം ചെയ്യേണ്ടതാണ്. രക്തശാലി പുട്ടുപൊടി, അവിൽ എന്നിങ്ങനെ പാക്കറ്റിലാക്കി ബ്രാൻറ് ചെയ്ത് വിൽക്കുന്ന കേവലം വില്പനകേന്ദ്രങ്ങളാവുകയല്ല, മറിച്ച് ഇവ വിത്താക്കി കർഷകരിൽ എത്തിച്ച്, അന്യം നിന്നുപോകുന്ന വിത്തിനങ്ങൾ സാർവ്വത്രികമാക്കി, സുസ്ഥിര വികസന കേന്ദ്രങ്ങളാകുക എന്നതാണ് വിത്തുല്പാദനകേന്ദ്രങ്ങളുടെ ഉദ്ദേശ്യം.

മുകളിൽ കാണിച്ച അപാകങ്ങള്ക്ക് മറുപടി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.30/7.2.2023 ന് ലഭിച്ച മറുപടിയിൽ കൃഷി ഫാമിൽ വിത്തുകളുടെയും തൈകളുടെയും വിതരണം നടന്നിരുന്നുവെന്നും മീൻകുളത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലയെന്നും കാലാവസ്ഥാ വ്യതിയാനവും വന്യമൃഗങ്ങളുടെ ശല്യവും ഫാമിലെ തേൻവളർത്തൽ ഉൾപ്പെടെയുള്ള കൃഷികളെ പ്രതികൂലമായി ബാധിക്കുക്കുന്നുവെന്നും അറിയിക്കുകയുണ്ടായി.തൊഴിലാളികളുടെ ക്വാണ്ടം ഓഫ് വർക്കും തയ്യാറാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.ഈ സാഹചര്യത്തിൽ ഫാം പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു .

*ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമവും ക്രിയാത്മകവുമാക്കുക.

*ക്രോപ്പിംഗ് പാറ്റേൺ,മുൻകാലങ്ങളിലെ ഉത്പാദനം, റിസ്ക് ഫാക്ടറുകൾ എന്നിവ അടിസ്ഥാനമാക്കി പ്രവർത്തന കലണ്ടർ തയ്യാറാക്കുക.

*കൃത്യമായ പ്രതിമാസ പ്രവർത്തനപുരോഗതി ഫാം കൗൺസിലിൽ വിലയിരുത്തുക. തീരുമാനങ്ങൾ സ്റ്റാന്റിംഗ് കമ്മറ്റി കൗൺസിൽ യോഗങ്ങളിൽ ചർച്ച ചെയ്യണം.

*ആഭ്യന്തര ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുക. സ്റ്റോക്ക് സൂക്ഷിപ്പ്, സ്റ്റോക്ക് രേഖപ്പെടുത്തൽ, രജിസ്ററുകളുടെ പരിപാലനം എന്നീ കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുക.

*വാങ്ങലുകൾക്ക് മുൻകൂട്ടി ഇന്റന്റ് തയ്യാറാക്കുന്ന രീതി പ്രാവർത്തികമാക്കുക.

*ഉത്പാദനം, ഉത്പാദനച്ചെലവ്, വിറ്റ് വരവ് എന്നിവ വ്യക്തമായി രേഖപ്പെടുത്തുക.
*വർഷാവസാനം സമഗ്രമായ വാർഷിക റിപ്പോർട്ട് തയ്യാറാക്കുക.
*ഇന്റഗ്രേറ്റഡ് ഫാമിങ്ങ് പോലുള്ള പ്രവർത്തനങ്ങൾക്ക് ഇത്രയധികം മനുഷ്യവിഭവശേഷി ആവശ്യമുണ്ടോയെന്ന് പരിശോധിക്കുക.

1-24 റീ സർക്കുലേറ്ററി അക്വാ കൾച്ചർ - നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി അവലോകനം നടത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0513/22 |
| പ്രോജക്ടിന്റെ പേര് | റീ സർക്കുലേറ്ററി അക്വാ കൾച്ചർ സിസ്റ്റം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്) |
| അടങ്കൽ തുക (വികസന ഫണ്ട്, പൊതു വിഭാഗം ജനറൽ) | 7,50,000 രൂപ |
| ചെലവ് | 7,50,000 രൂപ |

എറണാകുളം ജില്ലാ പഞ്ചായത്ത് 21-22 വർഷം ഏറ്റെടുത്ത റീ സർക്കുലേറ്ററി അക്വാ കൾച്ചർ എന്ന പദ്ധതിക്ക് സ.ഉ (സാധാ) നം.69/2022/ തസ്വഭവ തിയതി 10.01.2022 പ്രകാരം സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്.

മെക്കാനിക്കൽ ബയോളജിക്കൽ ഫിൽട്ടറേഷനിലൂടെ ജലം റീസൈക്കിൾ ചെയ്ത് പുനരുപയോഗിച്ച് പുരപ്പുറത്തോ വീട്ടിനുള്ളിൽ തന്നെയോ ചെറു ടാങ്കുകളിൽ മത്സ്യം വളർത്തുന്ന സാങ്കേതിക വിദ്യയാണിത്. വ്യക്തികളും ഗ്രൂപ്പുകളും മുഖേനയാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ളത്. 5000 ലിറ്റർ വരുന്ന ഒരു യൂണിറ്റിന്റെ യൂണിറ്റ് കോസ്റ്റ് 50,000 രൂപയാണ്. 50% സബ്സിഡി ആയി നൽകുന്നു. യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കാവശ്യമായ 50,000 രൂപയുടെ ചെലവു വൌച്ചറുകൾ ഹാജരാക്കുന്ന മുറക്ക് സബ്സിഡി തുകയായ 25,000 രൂപ ഗുണഭോക്താവിന് നൽകുന്നു.

ഗുണഭോക്താവിനെ തെരഞ്ഞെടുക്കാനുള്ള അർഹതാ മാനദണ്ഡങ്ങൾ

1. മത്സ്യ കർഷക ക്ലബ്ബിലെ അംഗം
2. ഈ പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ സബ്സിഡി ലഭിക്കാത്തവർ
3. ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കാൻ സന്നദ്ധരായവർ

ഗുണഭോക്താവിനെ തെരഞ്ഞെടുക്കാനുള്ള മുൻഗണനാ മാനദണ്ഡങ്ങൾ പദ്ധതി മാർഗ്ഗ രേഖയിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

1. മത്സ്യ കർഷക ക്ലബ്ബിലെ അംഗമായിരിക്കണം.
2. യൂണിറ്റ് സ്ഥാപിക്കാൻ സ്വന്തമായി സ്ഥലമുള്ളവർ
3. മത്സ്യകൃഷി മുൻപരിചയം ഉള്ളവർ
4. ഗുണഭോക്തൃ വിഹിതം സ്വന്തമായി ചെലവഴിക്കാൻ സന്നദ്ധരായവർ
5. റീ സർക്കുലേറ്ററി അക്വാ കൾച്ചർ സിസ്റ്റം കൃഷി രീതിയിൽ പരിചയം

ഈ മാനദണ്ഡങ്ങൾ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ പാലിച്ചു എന്നുറപ്പാക്കുന്ന ഒരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മോണിട്ടറിംഗ് നടത്തേണ്ട മത്സ്യ ബന്ധന വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് പദ്ധതി അവലോകനം നടത്തിയിട്ടില്ല

1. പദ്ധതി നിർവ്വഹണം സംബന്ധിച്ച ഫയൽ പരിശോധനയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ രേഖകളിൽ ഒപ്പിട്ടിട്ടില്ല എന്നു കാണുന്നു.
2. രഞ്ജു ജോർജ്ജ്, മംഗലായി ഹൌസ് എന്ന ഗുണഭോക്താവ് അപൂർണ്ണമായ കരാറാണ് ഹാജരാക്കിയിട്ടുള്ളത്. സ്വന്തം പേരിൽ സ്ഥലമുണ്ടെന്ന രേഖ ഹാജരാക്കിയിട്ടില്ല.

3. ബാജി കെഎം, തണ്ടേൽ ഹൌസ്, മൂവാറ്റുപുഴ എന്ന ഗുണഭോക്താവ് ഹാജരാക്കിയിട്ടുള്ള ബാങ്ക് അക്കൌണ്ടിലേക്കല്ല തുക കൈമാറ്റം ചെയ്തിട്ടുള്ളത്.
4. റോയി ഡേവിഡ്, വാഴപ്പിള്ളിക്കുടി, കുറുപ്പംപടി, പ്രളയക്കാട് എന്ന ഗുണഭോക്താവിന്റെ ഹാജരാക്കിയ ബാങ്ക് അക്കൌണ്ടും, തുക കൈമാറിയ അക്കൌണ്ടും വ്യത്യസ്തമാണ്, എഗ്രിമെന്റിൽ ഒപ്പ് വച്ചിട്ടുമില്ല.
5. ജസീന്താ കട്ടുത്തുസ്, മണപ്പുറത്ത് പറമ്പിൽ, കൈത്തറി റോഡ്, ആലങ്ങാട്, ബെന്നി TP. തേലക്കാടൻ (H) പാണ്ടുപാറ, നടുവട്ടം പി ഒ, ലീലാ ഏൽദോസ്, വട്ടക്കാടൻ ഹൌസ്, ഇടത്തുരുത്ത് എന്ന ഗുണഭോക്താക്കളും എഗ്രിമെന്റ് പൂർണ്ണമാക്കിയിട്ടില്ല,

റീ സർക്കുലേറ്ററി അക്വാ കൾച്ചർ സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള പദ്ധതി ആണെന്നതിനാൽ ഇത് സംബന്ധിച്ച പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയോ, തുടർ സഹായങ്ങൾ നൽകുകയോ ചെയ്തിട്ടുണ്ടോ. പദ്ധതി വിലയിരുത്തപ്പെട്ടിട്ടുണ്ടോ? RAS ടാങ്ക്, ഫിൽറ്ററിംഗ് സിസ്റ്റം എന്നിവ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്ന വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടെങ്കിലും പ്രതികരണമുണ്ടായില്ല.

മേൽ അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി ഹാജരാക്കേണ്ടതും, തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ മാർഗ്ഗ നിർദ്ദേശമനുസരിച്ചുള്ള ഇടപെടൽ ഉണ്ടാവുമെന്നത് നിർവ്വഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-25 ആലുവ ജില്ലാ ആശുപത്രി-സെപ്റ്റിക്ക് ടാങ്ക് നിർമ്മാണം-പ്രവൃത്തി പൂർത്തിയാവാതെ അവശേഷിക്കുന്നു.

പ്രൊജക്ട് നം : 1169/22

അടങ്കൽ : 45,00,000 രൂപ

കരാറുകാരന്റെ പേര് : ശ്രീ.വി.എ അബ്ദുൾ സലാം

കരാർ ഉടമ്പടി : 343/AEE/LSGD/19-20 12.2.2020

അളവ് പുസ്തകം : (1) 1267/20-21

(2)1268/20-21

കരാർ ഉടമ്പടി പ്രകാരം പ്രവർത്തി തുടങ്ങേണ്ട തിയ്യതി : 14.2.2020.

കരാർ ഉടമ്പടി പ്രകാരം പ്രവർത്തി പൂർത്തീകരിക്കേണ്ട തിയ്യതി : 11.10.2020

2019-20 വർഷത്തിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായി തുടങ്ങിയ പ്രൊജക്ടാണ് ഇത്(പ്രൊജക്ട് നം.1522/20). നിലവിലുള്ള സെപ്റ്റിക്ക് ടാങ്ക് വളരെ ചെറുതായതിനാൽ മലിന ജലം ഉൾക്കൊള്ളുന്നതിന് തീരെ അപര്യാപ്തമായതിനാലും കാലപ്പഴക്കത്താൽ കേടുപാടുകൾ വന്നതിനാലുമാണ് പുതിയ സെപ്റ്റിക്ക് ടാങ്കുകൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയത്. ഈ പ്രൊജക്ടിന്റെ കീഴിൽ പുതിയ രണ്ട് സെപ്റ്റിക്ക് ടാങ്കുകൾ, അവയുടെ സോക്ക് പിറ്റുകൾ, പൈപ്പ് ലൈനുകൾ എന്നിവയുടെ നിർമ്മാണമാണ് കരാറുകാരനെ ഏൽപ്പിച്ചിരുന്നത്. എന്നാൽ ഈ പ്രവൃത്തിയുടെ ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തിയുടെ കാലവാവധി താഴെ പറയും പ്രകാരം നാല് തവണ ദീർഘിപ്പിച്ച് നൽകിയിരുന്നുവെങ്കിലും നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല.

ഫയൽനം എ2-470/19

| | |
|---|---|
| ആദ്യ ദീർഘിപ്പിക്കൽ | 10.1.2021 വരെ |
| രണ്ടാം ദീർഘിപ്പിക്കൽ | 9.4.2021 വരെ |
| മൂന്നാം ദീർഘിപ്പിക്കൽ | 8.7.2021 വരെ |
| നാലാം ദീർഘിപ്പിക്കൽ | 8.10.2021 വരെ |

പ്രവൃത്തിക്ക് നൽകിയ ഭാഗീക ബിൽ തുക : 12,82,735 രൂപ.

(ബിൽനം.124/30.9.2021)

അളവ് രേഖപ്പെടുത്തിയ തിയ്യതി : 15.2.2021.

ഇതിന് ശേഷം പ്രവൃത്തിയിൽ പുരോഗതി ഉള്ളതായി കാണുന്നില്ലാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/22.02.23) മറുപടി ലഭിക്കാത്തിനെ തുടർന്ന് ഓഡിറ്റ് സംഘം നടത്തിയ പരിശോധനയിൽ നാളിതുവരെയായി ഒരു മെയിൻ ടാങ്ക്, ഒരു വാട്ടർ ഫ്ലോ ടാങ്ക് എന്നിവ ഭാഗീകമായി മാത്രം പൂർത്തിയായതായും പ്രവൃത്തി അവഗണിക്കപ്പെട്ട നിലയിലുമാണ് കാണുന്നതിന് സാധിച്ചത്. ഇതിനെതുടർന്ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.44/02.03.23) മറുപടിയായി കരാറുകാരൻ അസുഖബാധിതനായി മാറിയതിനാൽ പ്രവർത്തി പൂർത്തീകരിക്കുന്നതിന് സാധിക്കുയില്ലയെന്ന് അറിയിച്ചതിനെ തുടർന്ന് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനായുള്ള കമ്മറ്റി തീരുമാനം ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി.തുടർനടപടികൾ താമസംവിനാ കൈക്കൊണ്ട് ദിവസേന നൂറ് കണക്കിന് രോഗികൾ ചികിത്സക്ക് ആശ്രയിക്കുന്ന ആശുപത്രിയിലെ മേൽ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് സെപ്റ്റിക് ടാങ്കുകൾ പ്രവർത്തനസജ്ജമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-26 കുടുംബശ്രീ ട്രെയിനിംഗ് സെന്റർ നിർമ്മാണം-കൃത്യമായ ലക്ഷ്യം വിഭാവനം ചെയ്യാതെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നു.

പ്രൊജക്ട് നം : 1438/22

സാങ്കേതികാനുമതി നം : LSGD/TS/2021-22/103167 തി.29.1.2022

തുക: 13,00,000 രൂപ.

അളവ് പുസ്തകം : 620/20-21.

നൽകിയ തുക : 4,50,159.86രൂപ.

ബിൽ നം : 493/30.3.2022

അളവ് പുസ്തകം : 620/20-21

പ്രവൃത്തിയുടെ ഫയലിൽ (എ1/277/21-22) ലഭ്യമാക്കിയിരിക്കുന്ന മാറാടി ഗ്രാമപഞ്ചായത്തിന്റെ 11.7.2022ലെ III(7) നമ്പർ തീരുമാനത്തിൽ നിന്നും മനസ്സിലാവുന്നത് 2014-15 വർഷത്തിൽ വാർഡ് നം.1 ൽ നിർമ്മിച്ചിരുന്ന രാജീവ് ഗാന്ധി ഓഡിറ്റോറിയത്തിന്റെ താഴത്തെ നിലയിൽ വെള്ളം കയറുന്നതിനാൽ അതിന്റെ മുകളിൽ കുടുംബശ്രീ ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിനുള്ള തീരുമാനത്തെ തുടർന്നാണ് ജില്ലാ പഞ്ചായത്ത് ഈ നിർമ്മാണ പ്രൊജക്ട് നടപ്പിലാക്കുന്നതെന്നാണ്. ഇതിന്റെ ഭാഗമായി ആർ.സി.സി കോളങ്ങൾ, ബീമുകൾ, സ്ലാബുകൾ, ആർ.സി.സി വർക്കുകൾ എന്നിവയാണ് ചെയ്തിരിക്കുന്നത്. ഈ പ്രവൃത്തികൾക്കായി മുകളിൽ പറഞ്ഞ തുക കൂടാതെ 4,09,011 രൂപ ബിൽ നം.33/17.6.2022 പ്രകാരം 2022-23 വർഷത്തിലും ചെലവഴിച്ചിട്ടുണ്ട് (ആകെ 8,59,171 രൂപ). ഇവ കൂടാതെ താഴെ പറയുന്ന പ്രവൃത്തികൾ മുൻവർഷങ്ങളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രൊജക്ടുകൾ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ.

1. മാറാടി ഗ്രാമപഞ്ചായത്തിൽ രാജീവ് ഗാന്ധി മെമ്മോറിയൽ ഓഡിറ്റോറിയം നിർമ്മാണം.

പ്രൊജക്ട് നം: 1038/20

ഈ പ്രവൃത്തിയിൽ വിഭാവനം ചെയ്തിരുന്നത് നിലവിൽ ഭാഗീകമായി പൂർത്തീകരിച്ചിരുന്ന രാജീവ് ഗാന്ധി ഓഡിറ്റോറിയത്തിന്റെ ഗ്രൗണ്ട് ഫ്ലോറിലുള്ള അവശേഷിക്കുന്ന പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനാണ്. ഇതിന്റെ ഭാഗമായി ഒരു സ്റ്റെയർ റൂം, ഒരു ഹാൾ, ടോയ്ലറ്റ് ബ്ലോക്ക്, നന്മ സ്റ്റോർ, ഹോമിയോ ഡിസ്പെൻസറി എന്നിവക്കുള്ള സൗകര്യങ്ങൾ നിർമ്മിച്ചിട്ടുണ്ട്. 50,00,000 രൂപക്ക് സാങ്കേതീകാനുമതി ലഭിച്ച (LSGD/TS/2019-20/14374 തി.29.12.2019) ഈ പ്രവൃത്തി 45,29,328. രൂപ ചെലവഴിച്ച് 23.3.2021ന് പൂർത്തീകരിച്ചു.

2. കുടുംബശ്രീ വനിതാ ട്രെയിനിംഗ് സെന്റർ മാറാടി.

പ്രൊജക്ട് നം : 2003/20

ഈ പ്രൊജക്ട് മുഖേന രാജീവ് ഗാന്ധി ഓഡിറ്റോറിയത്തിന്റെ താഴത്തെ നിലയിൽ നിലവിലുള്ള ഹാൾ ഉപയോഗിച്ച് കുടുംബശ്രീ ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തുരുന്നത്. ഇതിന്റെ

ഭാഗമായി സ്റ്റീൽ വർക്കുകൾ, റോളിംഗ് ഷട്ടർ, അലുമിനിയം വർക്കുകൾ, ഭിത്തി പെയിന്റിംഗ് മുതലായ പ്രവൃത്തികൾക്കായി 33,95,504 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തി 11.2.2021ന് തുടങ്ങി 23.3.2021ന് പൂർത്തീകരിച്ചു.

3. മാറാടി ഗ്രാമപഞ്ചായത്ത് കുടുംബശ്രീ പരിശീലന കേന്ദ്രം പൂർത്തീകരണം.

പ്രൊജക്റ്റ് നം : 1098/23

കുടുംബശ്രീ പരിശീലന കേന്ദ്രത്തിന്റെ പൂർത്തീകരണ പ്രവർത്തികൾക്കായി 2022-23വർഷത്തിൽ 75,00,000 രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഈ പ്രൊജക്റ്റിനായി നാളിതുവരെ 87,84,003 രൂപ ചെലവഴിക്കുകയും (2014-15വർഷത്തിൽ രാജീവ് ഗാന്ധി ഓഡിറ്റോറിയം ഭാഗീകമായി പൂർത്തീകരിച്ച ചെലവ് ഇതിൽ പരിഗണിച്ചിട്ടില്ല.) കൂടാതെ 75,00,000 രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. പൂർത്തീകരിക്കപ്പെടുമ്പോൾ ഇപ്രകാരം ഏകദേശം 1,61,91,948 രൂപ ചെലവഴിക്കപ്പെടുന്ന ഈ പ്രൊജക്റ്റ് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(45/8.3.2023) നൽകിയിരുന്നുവെങ്കിലും ക്രമനമ്പർ 1ന് മാത്രമാണ് മറുപടി ലഭിച്ചത്.

1. രാജീവ് ഗാന്ധി ഓഡിറ്റോറിയത്തിന്റെ താഴത്തെ നിലയിൽ വെള്ളം കയറുന്നതിനാൽ അതിന്റെ മുകളിൽ കുടുംബശ്രീ ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതായാണ് മാറാടി ഗ്രാമപഞ്ചായത്തിന്റെ തീരുമാനത്തിൽ കാണുന്നത്. ഇപ്രകാരം താഴത്തെനിലയിൽ വെള്ളക്കെട്ടുണ്ടാവുന്ന കെട്ടിടത്തിന്റെ മുകൾ നില കുടുംബശ്രീ പരിശീലന കേന്ദ്രമായി വർഷം മുഴുവൻ പ്രവർത്തിക്കുന്നതിന് സാഹചര്യമില്ലാതിരിക്കെ ഈ കെട്ടിടം പരിശീലന കേന്ദ്രമായി തെരഞ്ഞെടുത്തതിന്റെ കാരണം.
2. 2019-20 മുതൽ വിഭാവനം ചെയ്ത് നിർമ്മിച്ച് വരുന്ന ഈ പരിശീലന കേന്ദ്രത്തിൽ നല്കുവാൻ ഉദ്ദേശിക്കുന്ന പരിശീലനത്തെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ.
3. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ക്രമ നം.1 ലെ പ്രൊജക്റ്റിൽ വിഭാവനം ചെയ്തിരുന്ന പ്രകാരം നന്മ സ്റ്റോർ, ഹോമിയോ ആശുപത്രി എന്നിവ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന വിവരം.

വർഷങ്ങളോളം നീണ്ടുനിൽക്കുന്ന കെട്ടിട പൂർത്തീകരണ കാലയളവിനുള്ളിലും കെട്ടിടത്തിൽ നൽകുന്നതിന് ഉദ്ദേശിക്കുന്ന പരിശീലനമെന്തെന്നോ, ആയതിന് കെട്ടിടം ഉപയുക്തമാണോയെന്നോ വിഭാവനം ചെയ്യാതിരിക്കുന്നത് പ്രൊജക്റ്റ് രൂപീകരണത്തിലെ അപാകമാണ്. വിഭാവനം ചെയ്ത പദ്ധതികൾ തുടങ്ങാതിരിക്കുന്നതിനോ, തുടങ്ങിയ പദ്ധതികൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്നതിനോ ഇത്തരം അപൂർണ്ണമായ പദ്ധതി രൂപീകരണം കാരണമാകുന്നു. ഇക്കാര്യങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-27 പാഴൂർ മോളം എസ് സി കോളനി കുടിവെള്ള പദ്ധതി പൂർത്തിയാകാതെ അവശേഷിക്കുന്നു.

പ്രൊജക്റ്റ് നം : 684/22(1679/20)

അടങ്കൽ : 30,00,000.

കരാറുകാരന്റെ പേര് : എൽദോ ജോർജ്ജ്

കരാർ ഉടമ്പടി : 321/AEE/LSGD/19-20 17.2.2018

പി.എ.സി :2437172 രൂപ.

കരാർ ഉടമ്പടി പ്രകാരം പ്രവർത്തി പൂർത്തീകരിക്കേണ്ട കാലയളവ് 6 മാസമാണ്. എന്നാൽ ഈ പ്രവർത്തിയുടെ ഫയലുകൾ പരിശോധിച്ചതിൽ പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി താഴെ പറയും പ്രകാരം നിരവധി തവണ ദീർഘിപ്പിച്ച് നൽകിയിരുന്നുവെങ്കിലും നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല.

ഓരോ ദീർഘിപ്പിക്കലിലും അനുവദിച്ച അവസാന തിയ്യതി താഴെ(ഫയൽനം എ/321/18.)

| | |
|---|---|
| ആദ്യ ദീർഘിപ്പിക്കൽ | 16.9.2019 |
| രണ്ടാം ദീർഘിപ്പിക്കൽ | 16.3.2020 |

| | |
|---|---|
| മൂന്നാം ദീർഘിപ്പിക്കൽ | 16.6.2020 |
| നാലാം ദീർഘിപ്പിക്കൽ | 16.9.202016 |
| അഞ്ചാം ദീർഘിപ്പിക്കൽ | 16.12.2020 |
| ആറാം ദീർഘിപ്പിക്കൽ | 16.3.2021. |
| ഏഴാം ദീർഘിപ്പിക്കൽ | 16.6.2021 |
| എട്ടാം ദീർഘിപ്പിക്കൽ | 16.9.2021 |
| ഒൻപതാം ദീർഘിപ്പിക്കൽ | 16.12.2021 |
| പത്താം ദീർഘിപ്പിക്കൽ | 16.3.2022 |
| പതിനൊന്നാം ദീർഘിപ്പിക്കൽ | 16.6.2022 |

പ്രവർത്തിക്ക് നൽകിയ ഭാഗീക ബില്ല് : 3,47,459രൂപ.

(ബിൽ നം.183/10.2.2022)

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (35/22.2.2023) മുഖേന താഴെ പറയുന്ന കാര്യങ്ങൾക്ക് മറുപടി ആവശ്യപ്പെട്ടിരുന്നു.

1. ആദ്യത്തെ മൂന്ന് ദീർഘിപ്പിക്കലുകൾക്ക് കാരണമായി കരാറുകാരന്റെ അപേക്ഷയിൽ പറഞ്ഞിരിക്കുന്നത് പമ്പ് ഹൗസിന് സ്ഥലം വിട്ട് നൽകുന്നതിന് വന്ന കാലതാമസവും ടാങ്ക് പണിയുന്നതിനുള്ള സ്ഥലത്തിന്റെ എൻ.ഒ.സി യും സ്കെച്ചും, വില്ലേജ് ഓഫീസിൽനിന്നും ലഭിക്കുന്നതിൽ വന്ന കാലതാമസവുമാണ്. ഇത്തരത്തിൽ കാലതാമസം വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം.

2. ഭരണ സമിതിയുടെ 28.9.2022 ലെ 5(5) നമ്പർ തീരുമാന പ്രകാരം കരാറുകാരനിൽനിന്നും പിഴ ഈടാക്കുന്നതിന് തീരുമാനമെടുത്തതായി കാണുന്നു.ഇപ്രകാരം പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ.

3. പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ.

4. പ്രവൃത്തിയുടെ അളവ് പുസ്തകം.

ഇവക്കുള്ള മറുപടിയായി പ്രവർത്തിയുടെ ഭാഗമായുള്ള പമ്പ് ഹൗസിനുള്ള സ്ഥലം ഉടമസ്ഥനിൽനിന്നും വിട്ടുകിട്ടിയത് 2/3/2020ന് മാത്രമാണെന്നും പ്രവർത്തിയിൽ വന്ന കാലതാമസം കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ചയാലല്ലയെന്ന് ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയറും ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറും റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാൽ പിഴ ഈടാക്കിയിട്ടില്ലയെന്നും അറിയിക്കുകയുണ്ടായി.പ്രവർത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ അന്തിമബിൽ നൽകിയിട്ടില്ലയെന്നും അറിയിക്കുകയുണ്ടായി.
ഈ പ്രവർത്തിയുടെ പൂർത്തീകരണത്തിൽ വന്ന കാലതാമസത്തിന്റെ കാരണങ്ങളിലൊന്ന് 17.2.2018 കരാർ ഉടമ്പടി ചമച്ചുവെങ്കിലും പമ്പ് ഹൗസിന് സ്ഥലം വിട്ടുനൽകുന്നതിന് സാധിച്ചത് 2/3/2020 മാത്രമാണെന്നതാണ്.എന്നാൽ പ്രവർത്തി സ്ഥലം കൈമാറിയിട്ടും കോവിഡ് പ്രതിസന്ധി പൂർണ്ണമായി മാറിയതിന് ശേഷം പലതവണ പ്രവർത്തി സമയം ദീർഘിപ്പിച്ച് നൽകിയിട്ടും (അവസാനം ദീർഘിപ്പിച്ച് നൽകിയത് 16.6.2022 വരെയാണ്')പ്രവർത്തി പൂർത്തീകരണം നീണ്ടുപോയതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കിയിട്ടുമില്ല.പ്രൊജക്ടുകൾ അന്തിമമാക്കുന്നതിന് മുമ്പ് തന്നെ ഇത്തരം പ്രൊജക്ടുകൾക്ക് ആവശ്യമായ സ്ഥലം വിട്ടുനൽകൽ ഉൾപ്പെടെയുള്ള നടപടികളും മറ്റ് പ്രശ്നങ്ങളും തീർപ്പാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിച്ച് പ്രവർത്തി പൂർത്തീകരണത്തിൽ വരുന്ന വലിയ കാലതാമസം ഒഴിവാക്കേണ്ടതാണ്.

1-28 കൂലിച്ചെലവിന് ആനുപാതികമായി ധനസഹായം വർദ്ധിക്കുന്നില്ല.

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പ്രിൻസിപ്പൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നം. 122/22 – നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി

പ്രൊജക്റ്റ് റിപ്പോർട്ട് പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമായി 5,000 രൂപ മുതൽ 11,000 രൂപ വരെ ഹെക്ടറിന് അനുവദിക്കാവുന്നതാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ഗ്രാമ പഞ്ചായത്തുകളിൽ അതിലും കുറവ് തുകയാണ് അനുവദിച്ചിരിക്കുന്നത്.

A. ആയവന ഗ്രാ.പ – 4,250/ഹെ

B. കീരമ്പാറ ഗ്രാ.പ – 4,250/ഹെ

C. നെല്ലിക്കുഴി ഗ്രാ.പ – 4,250/ഹെ

D. മഞ്ഞള്ളൂർ ഗ്രാ.പ – 4,250/ഹെ

E. പല്ലാരി മംഗലം ഗ്രാ.പ – 4,250/ഹെ

F. ചെങ്ങമനാട് ഗ്രാ.പ – 4,250/ഹെ

G. പാറക്കടവ് ഗ്രാ.പ – 4,250/ഹെ

ആയതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർ നൽകിയ മറുപടി (എൻക്വയറി നം.8, തി: 19.11.2022 യുടെ മറുപടി) പ്രകാരം പ്രൊജക്റ്റ് തയ്യാറാക്കിയപ്പോൾ ഹെക്ടറിന് 4,250 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം എന്നായിരുന്നു കണക്കാക്കിയിരുന്നത്. പിന്നീട് പ്രൊജക്റ്റ് ഭേദഗതി ചെയ്തപ്പോഴാണ് 5,000 രൂപ മുതൽ 11,000 രൂപ വരെ നൽകാം എന്ന് ചേർത്തതെന്നും മേൽ പഞ്ചായത്തുകൾ 4,250 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം എന്നാണ് ആവശ്യപ്പെട്ടതെന്നും ആയതിനാലാണ് ആവശ്യപ്പെട്ട പ്രസ്തുത വിഹിതം നൽകിയതെന്നും മറുപടിയിൽ അറിയിക്കുകയുണ്ടായി.

എന്നാൽ 07.10.2021 ലെ ടി.എ (2) 5516/2021 നം കത്ത് പ്രകാരം പ്രിൻസിപ്പൽ കൃഷി ഓഫീസർ എറണാകുളം ജില്ലയിലെ എല്ലാ കൃഷി അസി.ഡയറക്ടർമാർക്കും കൃഷി ഓഫീസർമാർക്കും നൽകിയ കത്തിൽ പ്രൊജക്റ്റിൽ ആവശ്യപ്പെടുന്ന ജില്ലാ പഞ്ചായത്ത് വിഹിതം ഹെക്ടറിന് 4,250 രൂപയാണെന്ന് ചേർത്തിട്ടുണ്ട്. ഇതിൽ മാറ്റം ഉണ്ടാകുന്ന പക്ഷം ആയത് മേൽ ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതായിരുന്നു. ഇത്തരത്തിൽ 4,250 ആയി നിജപ്പെടുത്തിയതിനാലാണ് അത്രയും തുക ആവശ്യപ്പെട്ടതെന്ന് കീരമ്പാറ പഞ്ചായത്ത് കൃഷി ഓഫീസർ മറുപടി നൽകിയിട്ടുണ്ട്.

ഒരു പൂ കൃഷിക്ക് 22,000 രൂപ വരെ ഹെക്ടറിന് നൽകാം എന്നിരിക്കെ പല ഗ്രാമ പഞ്ചായത്തുകളും അതിൽ കുറവ് തുകയാണ് ഹെക്ടറിന് നൽകിയിരിക്കുന്നത്. ചില ഗ്രാമ പഞ്ചായത്തുകൾ ഹെക്ടറിന് എത്ര തുകയാണ് നൽകിയിരിക്കുന്നത് എന്നത് സംബന്ധിച്ച് ലഭ്യമാക്കിയ പ്രൊജക്റ്റിൽ നിന്ന് വ്യക്തമായിരുന്നില്ല. ഹെക്ടറിന് എത്ര രൂപയാണ് നൽകിയിരിക്കുന്നത് എന്നും ആയത് 22,000 രൂപ/ഹെക്ടറിൽ കുറവാണെങ്കിൽ അങ്ങനെ നിജപ്പെടുത്താനുള്ള കാരണമെന്തെന്നും വ്യക്തമാക്കുന്ന മറുപടി ഓരോ ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കാൻ എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നു. പല ഗ്രാമ പഞ്ചായത്തുകളുടെയും സാമ്പത്തിക പരിമിതി മൂലം ഗ്രാമ പഞ്ചായത്ത് വിഹിതം കുറവായത് കൊണ്ടും ജില്ലാ പഞ്ചായത്തിന് സബ്സിഡി മാർഗ്ഗരേഖ പ്രകാരം 50% ൽ കൂടുതൽ വിഹിതം നൽകാൻ കഴിയാത്തത് കൊണ്ടുമാണ് ഇത്തരത്തിൽ കുറഞ്ഞ തുകയിൽ ഒതുക്കേണ്ടി വന്നതെന്നാണ് മറുപടി ലഭ്യമായത്.

ചുരുക്കത്തിൽ എറണാകുളം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ വിവിധ രീതിയിൽ ധനസഹായം ലഭ്യമായതായി കാണുന്നു. എല്ലാ പ്രദേശത്തെയും നെൽകൃഷിയുടെ ഉത്പാദന ചെലവ് ഏകദേശം ഒരു പോലെയായിരിക്കെ പ്രത്യേക നിരക്കിൽ ധനസഹായം ലഭിക്കുന്നത് ചില കർഷകർക്ക് ഗുണം ചെയ്യില്ലെന്ന് വ്യക്തമാണ്.

കഴിഞ്ഞ 5 വർഷം ജില്ലാ പഞ്ചായത്ത് കൂലിച്ചെലവ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 1,52,30,046 | 1,52,30,046 |
| 2018-19 | 1,80,00,000 | 1,77,45,000 |

| | | |
|---|---|---|
| 2019-20 | 2,34,40,716 | 57,54,373 |
| 2020-21 | 2,80,82,712 | 2,52,43,609 |
| 2021-22 | 1,40,44,972 | 1,40,44,972 |

2019-20 ൽ കൊവിഡ് മൂലം മാർച്ച് മാസത്തിലെ ചെലവിൽ തടസ്സം നേരിട്ടതിനാൽ ആയത് സ്പിൽ ഓവറായി 2020-21 ൽ നൽകിയതിനാലാണ് പ്രസ്തുത വർഷം വൻ വർദ്ധന കാണുന്നത്. അതൊഴിവാക്കിയാൽ കാര്യമായ വർദ്ധനവ് കാലങ്ങളായി കാണുന്നില്ല. ഓരോ വർഷവും കൃഷി ചെലവ് കൂടുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്.

2021-22 ലെ സംസ്ഥാന സർക്കാരിന്റെ എക്കണോമിക് സർവ്വെയിൽ കേരളത്തിലെ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ അളവ് 2020-21 ലെ 2.02 ലക്ഷം ഹെക്ടറിൽ നിന്നും 2021-22 ൽ 1.94 ലക്ഷം ഹെക്ടറായും ഉത്പാദനം 6.27 ലക്ഷം ടണ്ണിൽ നിന്നും 5.59 ലക്ഷം ടണ്ണായി കുറഞ്ഞതായും രേഖപ്പെടുത്തിയിട്ടുണ്ട്. 1974-75 വർഷത്തെ 8.81 ലക്ഷം ഹെക്ടറിലെ 13.33 ലക്ഷം ടൺ ഉദ്പാദനം എന്നതിൽ നിന്നുമാണ് (Paddy Study In Kerala, UGC Approval No.43960) ഈ നിലയിലേക്ക് എത്തിയിരിക്കുന്നതെന്നും കേരളത്തിലെ വാർഷിക അരി ഡിമാൻഡ് 38-40 ലക്ഷം ടണ്ണാണ് എന്നതും ചേർത്ത് കണക്കാക്കുമ്പോഴാണ് പ്രതിസന്ധിയുടെ ആഴം വ്യക്തമാകുന്നത്. പരമാവധി കർഷകർക്ക് സഹായം നൽകുക എന്നത് മാത്രമാണ് പോംവഴി. സർക്കാർ അനുവദിച്ചിട്ടുള്ള പൂർണ്ണ ധനസഹായം ഈ മേഖലയിൽ ലഭ്യമാക്കാൻ കഴിയണം. വരുമാനം കുറഞ്ഞ പഞ്ചായത്തുകളുടെ കാര്യത്തിൽ കൂടുതൽ ധനസഹായം നൽകാൻ സബ്സിഡി മാർഗ്ഗരേഖയിൽ ഇളവ് നൽകാൻ കഴിയുമോ എന്നതടക്കമുള്ള വിഷയങ്ങൾ സർക്കാരിന്റെയോ കോഓർഡിനേഷൻ കമ്മിറ്റിയുടെയോ ശ്രദ്ധയിൽ പെടുത്തുന്നതും അഭികാമ്യമായിരിക്കും.

1-29 കേരഗ്രാമം - വിത്ത് തേങ്ങ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുക.

പ്രൊജക്ട് നം. 142/22 – സമഗ്ര കാർഷിക വികസന പാക്കേജ്-കേരഗ്രാമം-തെങ്ങ് കൃഷി,

പ്രൊജക്ട് നം. 1448/22 – സമഗ്ര കാർഷിക വികസന പാക്കേജ്-കേരഗ്രാമം-തെങ്ങ് കൃഷി (വനിത)

മേൽ പദ്ധതികളുടെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ, നൽകുന്ന വിത്ത് തേങ്ങകൾക്ക് ഉയർന്ന അങ്കുരശേഷി ഉണ്ടാകണം എന്ന ടെണ്ടർ നിബന്ധന തെളിയിക്കുന്ന യാതൊരു രേഖയും ഫയലിൽ ഇല്ലായിരുന്നു. ആയത് എൻക്വയറിയിൽ (നം.8/19.11.2022) ചൂണ്ടിക്കാണിച്ചപ്പോൾ അങ്കുരശേഷിയുള്ള വിത്ത് മാത്രം സപ്ളൈ ചെയ്യുവാനാണ് വിത്ത് തേങ്ങ നൽകിയ R.G ഫാമിന് നിർദ്ദേശം നൽകിയതെന്നും അങ്ങനെ ലഭ്യമാക്കിയ തേങ്ങകളിൽ നിന്ന് പ്രാവീണ്യം ഉള്ള നേര്യമംഗലം ഫാമിലെ ജീവനക്കാരെ ഉപയോഗിച്ച് വീണ്ടും തിരിഞ്ഞ് അങ്കുരശേഷിയുള്ള വിത്ത് തേങ്ങ മാത്രമാണെടുത്തതെന്നും കൃഷി ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകിയിട്ടുണ്ട്. അങ്ങനെയാണെങ്കിൽ വിതരണയോഗ്യമായ 60,000 തേങ്ങയും ഗുണഭോക്താക്കൾക്ക് നൽകാൻ കഴിയേണ്ടതാണ്. എന്നാൽ വിത്തു തേങ്ങയുടെ വിതരണം 22-23 സാമ്പത്തിക വർഷത്തിലാണ് നടക്കുന്നത്. ഉത്പദനവും വിതരണവുമാണ് മോണിറ്ററിംഗിന് വിധേയമാക്കേണ്ട ഘടകങ്ങൾ. അതിനാൽ തന്നെ വാങ്ങിയ വിത്ത് തേങ്ങകളിൽ എത്രയെണ്ണം മുളച്ചു, എത്രയെണ്ണം ഗുണഭോക്താക്കൾക്ക് നൽകാൻ കഴിഞ്ഞു എന്നതിന്റെ പരിശോധന പ്രധാനമാണ്. 27 ഗ്രാമ പഞ്ചായത്തുകളിലായി ഓരോ കർഷകനും (വനിത കർഷകക്കും) 4 തെങ്ങിൻ തൈകൾ നൽകാനാണ് പ്രൊജക്ട് ലക്ഷ്യമിട്ടത്. ഏതൊക്കെയാണ് 27 ഗ്രാമ പഞ്ചായത്തുകൾ, അവയെ എങ്ങനെയാണ് തെരഞ്ഞെടുത്തത്, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങൾ ഏതൊക്കെയായിരുന്നു, ജില്ലാ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ഗ്രാമപഞ്ചായത്തുകൾ നൽകിയ അംഗീകൃത ഗുണഭോക്തൃലിസ്റ്റ്, ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്, വിതരണ രേഖകൾ എന്നിവ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ചെലവ് തുക -1. ബിൽ നം. 1665/27.03.2022 – 18,00,000 (പ്രൊ.നം. 142/22)

2. ബിൽ നം. 1664/27.03.2022 – 9,00,000 (പ്രൊ.നം. 1448/22).

1-30 ഗുണഭോക്താക്കൾക്ക് പൂർണ്ണതോതിൽ മരുന്ന് നൽകാൻ കഴിയുന്നില്ല.

2021-22 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി ഡോ.എ.പി.ജെ അബ്ദുൾ കലാം മെമ്മോറിയൽ ഗവ.ആയുർവേദ ജില്ലാ ആശുപത്രി സി.എം.ഒ/സൂപ്രണ്ട് നിർവഹണം നടത്തിയ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം. 1447/22 – ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

(എ). 2022 ഡിസംബർ മാസം സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ ചില മരുന്നുകൾ ലഭ്യമാക്കി മാസങ്ങൾ കഴിഞ്ഞിട്ടും ഉപയോഗിക്കുന്നില്ല എന്ന് വ്യക്തമായി. വിശദ വിവരങ്ങൾ പട്ടികയാക്കി അനക്സ്ച്ചർ – 6 ൽ ചേർത്തിട്ടുണ്ട്.

പ്രസ്തുത പട്ടികയിലെ ക്രമ നം. 11 ലെ വിദാര്യാദി ഘൃതം 90258489/30.05.2022 എന്ന ഇൻവോയ്സിൽ ലഭ്യമായ 82 എണ്ണം ഉപയോഗിച്ചതായി മെയിൻ സ്റ്റോക്ക് രജിസ്റ്റർ പേജ് 58 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതിന് മുൻപ് 90252741/28.03.2022 എന്ന ഇൻവോയ്സിൽ ലഭ്യമായ 158 എണ്ണം പരിശോധന വേളയിൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടില്ലായിരുന്നു.

(ബി). ആശുപത്രിയിൽ പല മരുന്നുകളും വർഷത്തിൽ എല്ലാ ദിവസവും നൽകാൻ കഴിയാറില്ല എന്ന് കാണുന്നു.

മൂന്ന് മരുന്നുകളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

(എ). കാർഡോ കെയർ ടാബ്ലറ്റ് - 01.06.2020 ന് ശേഷം ഒ.പിയിൽ പ്രസ്തുത മരുന്ന് ലഭിക്കുന്നത് 03.05.2021 ലാണ്. തുടർന്ന് 08.11.2021 വരെ 6 മാസത്തോളം മരുന്ന് രോഗികൾക്ക് നൽകാൻ കഴിഞ്ഞു. ഇക്കാലയളവിൽ ആകെ ലഭിച്ചത് 56,500 ടാബ്ലറ്റുകളാണ്. 08.11.2021 ന് ശേഷം മേൽ മരുന്ന് വീണ്ടും ലഭിക്കുന്നത് 02.04.2022 ലാണ്.

(ബി). കൃമിഘ്നവടി - 13.08.2020 ന് ശേഷം ഒ.പിയിൽ പ്രസ്തുത മരുന്ന് ലഭിക്കുന്നത് 12.04.2021 ലാണ്. തുടർന്ന് 29.10.2021 വരെ 6 മാസത്തോളം മരുന്ന് രോഗികൾക്ക് നൽകാൻ കഴിഞ്ഞു. ഇക്കാലയളവിൽ ആകെ ലഭിച്ചത് 15,000 എണ്ണമാണ്. 29.10.2021 ന് ശേഷം മേൽ മരുന്ന് ഇത് വരെ ലഭിച്ചിട്ടില്ല.

(സി). ലിപ്പോ കെയർ ടാബ്ലറ്റ് - 04.08.2020 ന് ശേഷം ഒ.പിയിൽ പ്രസ്തുത മരുന്ന് ലഭിക്കുന്നത് 01.03.2021 ലാണ്. തുടർന്ന് 13.03.2022 വരെ മരുന്ന് രോഗികൾക്ക് നൽകാൻ കഴിഞ്ഞു. ഇക്കാലയളവിൽ ആകെ ലഭിച്ചത് 84,500 ടാബ്ലറ്റുകളാണ്. 13.03.2022 ന് ശേഷം മേൽ മരുന്ന് വീണ്ടും ലഭിക്കുന്നത് 02.05.2022 ലാണ്.
ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച് കിട്ടുന്ന ഫണ്ട് ഔഷധങ്ങളുടെ പൂർണ്ണ വിതരണത്തിന് പര്യാപ്തമല്ല എന്നും പ്രൊജക്റ്റ് മുഖേന ലഭ്യമാക്കുന്ന ഔഷധങ്ങൾ അടുത്ത പ്രൊജക്റ്റിൽ മരുന്നുകൾ ലഭ്യമാകുന്നത് വരെ വിതരണം ചെയ്യുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത് എന്നുമാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. ആയതിനാൽ എല്ലാ രോഗികൾക്കും മരുന്ന് ആവശ്യമായ തോതിൽ നൽകാൻ കഴിയാറില്ല. അത്യാവശ്യ ഔഷധങ്ങൾ സ്റ്റോക്കിൽ ഉണ്ടാകണമെന്ന ലക്ഷ്യത്തോടെ കരുതൽ സംവിധാനം എന്ന നിലയിലാണ് ഇത്തരത്തിൽ ചുരുക്കി വിതരണം ചെയ്യുന്നത് എന്ന മറുപടിയിൽ യുക്തിയുണ്ടെങ്കിലും സർക്കാർ ആശുപത്രികളിൽ വരുന്ന സാധാരണക്കാർക്ക് പൊതുവെ വിലക്കൂടുതലുള്ള ആയുർവേദ മരുന്നുകൾ നൽകാൻ കഴിയാതിരിക്കുന്നത് ന്യായമല്ല. കഴിഞ്ഞ 5 വർഷം ജില്ലാ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന ഇനത്തിൽ ജില്ലാ പഞ്ചായത്ത് നൽകിയ ഫണ്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | നൽകിയ തുക |
|---|---|
| 2017-18 | 1,00,00,000 |
| 2018-19 | 79,91,570 |
| 2019-20 | 67,03,300 |
| 2020-21 | 65,00,000 |
| 2021-22 | 1,35,00,000 |

2017-18 ന് ശേഷം അടുത്ത മൂന്ന് വർഷം മരുന്ന് വാങ്ങൽ എന്ന പ്രൊജക്റ്റിന് തുക കുറവാണ് നൽകിയത് എങ്കിലും 2021-22 ൽ കൂടിയ തുകയായ 1,35,00,000 നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുക പോലും അപര്യാപ്തമാണ് എന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്. 2021-22 വർഷം 2,21,472 വ്യക്തികളാണ് ജില്ലാ ആയുർവേദാശുപത്രിയിൽ ചികിത്സ തേടിയെത്തിയത്. 8189 വ്യക്തികൾ ഇൻപേഷ്യന്റായി ചികിത്സ തുടർന്നതായും നേത്ര വിഭാഗത്തിൽ 900 വ്യക്തികളും പഞ്ചകർമ്മ വിഭാഗത്തിൽ 788 വ്യക്തികളും മർമ്മ വിഭാഗത്തിൽ 4040 വ്യക്തികളും ഓഡിറ്റ് വർഷം ചികിത്സ തേടി ആശുപത്രിയിൽ എത്തിയതായി ആശുപത്രി രേഖകളിൽ നിന്നും വ്യക്തമാകുന്നു. മുൻ വർഷങ്ങളിൽ ആയത് എത്രയായിരുന്നു എന്നതിന് പരിശോധിക്കാൻ രേഖകൾ ലഭ്യമായില്ല. തൻ വർഷം ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ ചികിത്സ തേടിയ വ്യക്തികളെ മാത്രം കണക്ക് കൂട്ടിയാൽ ഒരു വ്യക്തിക്ക് ശരാശരി 60.96 രൂപ മരുന്നിനായി നൽകാനേ ജില്ലാ പഞ്ചായത്ത് ഫണ്ട് മൂലം സാധിക്കൂ. ഒരു ഗുണഭോക്താവിന് യഥാർത്ഥത്തിൽ മരുന്നിനായി ശരാശരി എത്ര തുക വേണം എന്നതും മുൻവർഷത്തേതിൽ നിന്നുള്ള ചികിത്സ തേടുന്നവരുടെ എണ്ണത്തിലുണ്ടാകാവുന്ന വർദ്ധനവും കണക്കിലെടുത്ത് അടുത്ത വർഷം എത്ര രൂപ മരുന്നിനായി വേണം എന്ന്

ശാസ്ത്രീയമായി കണക്കാക്കി ജില്ലാ പഞ്ചായത്തിന് രേഖാമൂലം നൽകാൻ നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാകേണ്ടതാണ്.

ഓഡിറ്റ് വേളയിൽ സബ്സ്റ്റോക്ക് രജിസ്റ്ററുകൾ കാലികമായി തയ്യാറാക്കിയിരുന്നില്ല. പ്രസ്തുത അപാകത എത്രയും വേഗം പരിഹരിക്കേണ്ടതാണ്.

1-31 സ്റ്റോക്ക് രജിസ്റ്ററുകളിലെ അപാകതകൾ

സൂപ്രണ്ട്/DMO (അലോപ്പതി) നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി വാങ്ങിയ ചില മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നം. 1131/22 – കാൻസർ വിമുക്ത എറണാകുളം - രണ്ടാം ഘട്ടം - റിയേജന്റ്സ് വാങ്ങൽ എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി മെഡ് സർജ് ഏജൻസിയിൽ നിന്നും ലഭ്യമാക്കിയ എല്ലാ ഇനങ്ങളുടെയും (15 ഇനങ്ങൾ) ഫോട്ടോ ബയോളജിക്കൽസിൽ നിന്ന് ലഭ്യമാക്കിയ ഇനങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന 5 ഇനങ്ങളും സബ്സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെയും ഇഷ്യൂ ചെയ്തതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്.

A. XL Urea

B. XL Enzymatic Creatinine

C. Bilirubin Total

D. Bilirubin Direct

E. XL Cholesteroll

2. മേൽ പ്രൊജക്ടിലെ സബ്സ്റ്റോക്ക് രജിസ്റ്റർ വോള്യം- 4, പേജ് - 73 ൽ ബാലൻസ് സ്റ്റോക്കിൽ വ്യത്യാസം കാണുന്നു. ആയത് പരിശോധിച്ച് അപാകത തിരുത്തി ഓഡിറ്റിൽ ഹാജരാക്കുക.

3. ഡയാലിസിസ് യൂണിറ്റിന്റെ സബ്സ്റ്റോക്ക് രജിസ്റ്റർ, പാലിയേറ്റീവ് സബ്സ്റ്റോക്ക് രജിസ്റ്റർ, ഹീമോഫീലിയ സബ്സ്റ്റോക്ക് രജിസ്റ്റർ, ജെറിയാട്രിക് സബ്സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കുക.

4. പ്രൊജക്ട് നം. 565/22 - കൊവിഡ് 19 അടിയന്തിര പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പദ്ധതി പ്രകാരം ലഭ്യമാക്കിയ കംപ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫിയും അനുബന്ധ ഉപകരണങ്ങളും മാസ്റ്റർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുക.

5. (എ). പ്രൊജക്ട് നം. 1449/22 – ജെറിയാട്രിക് വാർഡിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം ലഭ്യമാക്കിയ ആർട്കോ ബിൽ നം. 520/19.02.22 എന്ന ബില്ലിലെ Saline Stand SS – 2 Nos, STCP – Spatom Cup – 10 Nos, Sterile Tray – 10 Nos, Dressing Drum – 5 Nos എന്നീ ഉപകരണങ്ങൾ, മാസ്റ്റർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല.

(ബി). മേൽ ബില്ലിലെ Bed Side Locker – 50 Nos, മാസ്റ്റർ സ്റ്റോക്ക് രജിസ്റ്റർ പേജ് - 138 ൽ ചേർത്തിരിക്കുന്നതിൽ ബാലൻസ് സ്റ്റോക്കിലെ അപാകത തിരുത്തി ഓഡിറ്റിൽ ഹാജരാക്കുക.

(സി). 08.03.2022 ൽ ലഭിച്ച 5 കിഡ്നി ട്രേ, Akas Medicalsന്റെ ഇൻവോയ്സ് നം. Akas Infu 2481/25.03.2022 പ്രകാരം ലഭിച്ച Akas Infumax ( Volumetric Infusion Pump ) - 10 Nos എന്നിവ വിതരണം ചെയ്തതിന്റെ വിവരങ്ങൾ യഥാക്രമം മാസ്റ്റർ സ്റ്റോക്ക് രജിസ്റ്റർ പേജ് - 138, 293,343 എന്നിവയിൽ ചേർത്തിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/16.01.2023) നാളിതുവരെ മറുപടി നൽകിയില്ല. മേൽ അപാകതകൾ പരിഹരിച്ച് സ്റ്റോക്ക് രജിസ്റ്ററുകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററിലെ മേൽ ഇനങ്ങളുടെ പ്രാദേശിക പരിശോധന നടത്തുന്നതുമാണ്.

1-32 ബില്ല്/വൗച്ചർ ഹാജരാക്കിയില്ല -

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ആലുവ സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തിൽ നടത്തിയ ചെലവ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർത്തിരിക്കുന്ന പിൻവലിച്ച തുകകളുടെ ബിൽ/ വൗച്ചർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ.നം. | ചെക്ക് നമ്പർ | പിൻവലിച്ച തുക | പിൻവലിച്ച തിയതി |
|---|---|---|---|
| 1 | 10182703 | 2,70,067 | 12.04.2021 |

| | | | |
|---|---|---|---|
| 2 | 10182704 | 12,829 | 28.04.2021 |
| 3 | 10182705 | 20,000 | 05.05.2021 |
| 4 | 10182706 | 20,000 | 23.06.2021 |
| 5 | 10182709 | 20,000 | 23.07.2021 |
| 6 | 10182710 | 1,53,650 | 29.07.2021 |
| 7 | 10182711 | 19,931 | 09.08.2021 |
| 8 | 10195346 | 20,000 | 05.11.2021 |
| 9 | 10195354 | 17,936 | 17.11.2021 |
| 10 | 10195353 | 13,791 | 17.11.2021 |
| 11 | 10195348 | 53,984 | 17.11.2021 |
| 12 | 10195358 | 4,670 | 03.12.2021 |
| 13 | 10195359 | 16,587 | 20.12.2021 |
| 14 | 10195360 | 6,500 | 20.12.2021 |
| 15 | 10195361 | 19,926 | 13.01.2022 |
| 16 | 10195362 | 6,200 | 29.01.2022 |

2. ജില്ലാ പഞ്ചായത്തിന്റെ ഡി.പി.4 – 926/21, 30/07/2021 പ്രകാരം ലഭ്യമായ 20,000 രൂപയുടെ ബിൽ/വൗച്ചർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3. ജില്ലാ പഞ്ചായത്തിന്റെ ഡി.പി.4 – 926/21, --/07/2021 (ഹാജരാക്കിയ ഉത്തരവിൽ തിയതി ചേർത്തിട്ടില്ല) പ്രകാരം ലഭ്യമായ 53,947 രൂപയുടെ (ആകെ 39 ബിൽ/വൗച്ചർ) പിൻവലിയ്ക്കൽ വ്യക്തമായിട്ടില്ല. മേൽ തുക ഒരുമിച്ച് പിൻവലിച്ചതായി കാണുന്നില്ല.

4. അലോട്ട്മെന്റ് ലഭ്യമായിട്ടും തുക പിൻവലിച്ച് സ്ഥാപനങ്ങൾക്ക് നൽകുന്നില്ല.

(A). ജില്ലാ പഞ്ചായത്തിന്റെ ഡി.പി.4 – 2152/10, 14/09/2021 പ്രകാരം ലഭ്യമായ 30,100 രൂപയിൽ അമിക്കസ് കമ്മ്യൂണിക്കേഷൻസിന്റെ 8,500 രൂപ ഇതുവരെ പിൻവലിച്ചതായി കാണുന്നില്ല.

(B). ജില്ലാ പഞ്ചായത്തിന്റെ ഡി.പി.4 – 1792/21, 26/10/2021 പ്രകാരം ലഭ്യമായ 36,532 രൂപയിൽ ഉല്ലാസ് അക്വോറിയത്തിന് നൽകേണ്ട 11,470 രൂപ ഇതുവരെ പിൻവലിച്ചതായി കാണുന്നില്ല.

(C). ജില്ലാ പഞ്ചായത്തിന്റെ ഡി.പി.4 – 1792/21, 08/11/2021 പ്രകാരം ലഭ്യമായ 91,299 രൂപയിൽ ഇന്ദ്രജിത്ത് ഡക്ക് ഫാമിന് നൽകേണ്ട 14,560 രൂപ ഇതുവരെ പിൻവലിച്ചതായി കാണുന്നില്ല.

(D). ജില്ലാ പഞ്ചായത്തിന്റെ ഡി.പി.4 – 1792/21, പ്രകാരം ലഭ്യമായ 42,292 രൂപയിൽ ഓഫീസ് എക്സ്പെൻസ് തുകയായ 11,698 രൂപ, ഇലക്ട്രിസിറ്റി ചാർജ്ജായ 4,685 രൂപ, ടി.ഡി.എസ് തുകയായ 6,500 രൂപ എന്നിവ പിൻവലിച്ചതായി കാണുന്നില്ല.

5. മറ്റ് അപാകതകൾ

(A). 21.08.2020 മുതൽ 23.12.2020 വരെ ഫാമിൽ ഉപയോഗിച്ച ഇന്ധനത്തിന്റെ തുകയായ 21,600 രൂപയ്ക്ക് റിക്വിസിഷൻ നൽകുന്നത് 13.08.2021 ലാണ്. ഇത്രയും വൈകാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

(B). മേൽ ഇന്ധന തുകയ്ക്കുള്ള അലോട്ട്മെന്റ് ജില്ലാ പഞ്ചായത്തിൽ നിന്ന് ഫാമിന്റെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായത് 27.09.2021 ലാണ് (50,076 രൂപയുടെ അലോട്ട്മെന്റ്). എന്നാൽ ഇന്ധനച്ചെലവായ 21,600 രൂപ എം.എം.അബ്ദുൾ ഹമീദ് കമ്പനിക്ക് 06.09.2021 ൽ 10182717 എന്ന ചെക്ക് നമ്പരിൽ പിൻവലിച്ച് നൽകിയതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

(C). ജില്ലാ പഞ്ചായത്തിന്റെ ഡി.പി.4 – 1792/21, 10/01/2021 പ്രകാരം ലഭ്യമായ 36,532 രൂപയിൽ 29,944 രൂപ ചെക്ക് നം. 10195366 പ്രകാരം 14.02.2022 ൽ പിൻവലിച്ചു. പ്രസ്തുത തുകയ്ക്കുള്ള ബിൽ/വൗച്ചറിൽ 6,200 രൂപ ലോഗോൺ ഐ.ടി കെയർ എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നം. Inv-A-27/05.11.2021 നൽകിയ തുകയ്ക്കുള്ളതാണ്. എന്നാൽ 29.01.2022 ൽ ചെക്ക് നം. 10195362 പ്രകാരം 6,200 രൂപ ലോഗോൺ ഐ.ടി കെയർ എന്ന സ്ഥാപനത്തിന് നൽകിയതായി കാണുന്നു. ആയതിന്റെ ടാക്സ് ഇൻവോയ്സ് ഓഡിറ്റിൽ ഹാജരാക്കിയില്ല. രണ്ട് ടാക്സ് ഇൻവോയ്സുകളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

(D). 16.03.2021 ൽ മികച്ച ഫാമിനുള്ള അവാർഡ് തുകയായ 15,00,000 രൂപ ഫാം അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. മേൽ തുകയ്ക്ക് തനിച്ചോ മറ്റ് വരവുകളുമായി ചേർന്നോ ഇതുവരെ പദ്ധതിയൊന്നും തീരുമാനിച്ചതായി കാണുന്നില്ല. ആയതുകൊണ്ട് ഫാമിന്റെ ബാങ്ക് അക്കൗണ്ടിൽ എപ്പോഴും മിനിമം ബാലൻസായി മേൽ തുക കാണേണ്ടതാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ദിവസങ്ങളിൽ ഫാമിന്റെ ബാലൻസായി 15,00,000 രൂപയിൽ കുറവായ തുകയാണ് കാണുന്നത്. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

(എ). 29.07.2021 ൽ 1,53,650 രൂപ പിൻവലിച്ചപ്പോൾ ബാലൻസ് 14,94,713 രൂപയായി കുറഞ്ഞു.

(ബി). 17.08.2021 ൽ 30,000 രൂപ പിൻവലിച്ചപ്പോൾ ബാലൻസ് 14,79,984 രൂപയായി കുറഞ്ഞു.

(സി). 17.11.2021 ൽ 53,984 രൂപ പിൻവലിച്ചപ്പോൾ ബാലൻസ് 14,89,682 രൂപയായി കുറഞ്ഞു.
മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/17.01.2023) നാളിതുവരെ മറുപടി നൽകിയില്ല. ഹാജരാക്കാത്ത ബില്ലുകളും വൗച്ചറുകളും ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 30 ദിവസത്തിനകം ഹാജരാക്കാത്ത പക്ഷം ചെലവ് തുക തടസ്സപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റ് അപാകതകളും പരിഹരിച്ച് തെളിവ് സഹിതം ഓഡിറ്റിൽ ഹാജരാക്കുക.

## 1-33 പുറമെ നിന്ന് അസംസ്കൃത വസ്തുക്കൾ വാങ്ങി ഉത്പന്നങ്ങളാക്കി കൃഷിത്തോട്ടത്തിൽ വിതരണം ചെയ്യുന്നു.

1. ജില്ലാകൃഷിതോട്ടം സൂപ്രണ്ടിന്റെ 08.09.2021 ലെ 027 നമ്പർ റിക്വിസിഷൻ പ്രകാരം ഓഫീസ് ചെലവുകൾക്കായി 70,323 രൂപ ആവശ്യപ്പെട്ടത് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 30.09.2021 ലെ ഡിപി 04-1765/2021 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

ജില്ലാകൃഷി തോട്ടത്തിൽ ചിപ്സ് ഉണ്ടാക്കുന്നതിനായി ഏത്തക്കുല വാങ്ങിയ ഇനത്തിൽ 10,206 രൂപ പ്രസ്തുത ബിൽ പ്രകാരം ചെലവാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

സബ് വൌച്ചർ 1 - 126 കി.ഗ്രാം @ 54 രൂപാ-6804/-( ആഷിക് കാപ്പുചാലിൽ, നേര്യമംഗലം)

സബ് വൌച്ചർ 11 - 63കി.ഗ്രാം @ 54 രൂപാ-3402/- (മിനി കുര്യച്ചൻ, അരിയിനത്ത് , പുത്തൻപുര)

കാർഷിക ഉത്പാദനം, വിത്തുല്പാദനം എന്നിവ മുഖ്യ ലക്ഷ്യങ്ങളായുള്ള ജില്ലാ കൃഷിതോട്ടം, സ്വയം ഉൽപാദിപ്പിക്കുന്ന വിളകളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിതരണം നടത്തുന്നത് പ്രോത്സാഹിപ്പിക്കാമെങ്കിലും, അസംസ്കൃത കാർഷിക ഉത്പന്നങ്ങൾ സ്ഥാപനത്തിന് പുറത്ത് നിന്നു വാങ്ങി മൂല്യവർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കി വിൽപന നടത്തുന്നതിന് തുക ചെലവ് ചെയ്യുന്നതിൽ വിശദീകരണം ഓഡിറ്റ് എൻക്വയറി 28/18.01.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

ജില്ലാ കൃഷിതോട്ടം സൂപ്രണ്ടിന്റെ 24.02.2023 ലെ എൻ എ 63/22 നമ്പർ മറുപടിയിൽ 21-22 സാമ്പത്തിക വർഷത്തിൽ വാഴകൃഷിക്ക് നഷ്ടമുണ്ടായതിനാൽ, 17.08.2021 മുതൽ 19.08.2021 വരെ നടത്തിയ കൃഷി വകുപ്പിന്റെ ഓണസമൃദ്ധി ഓണ വിപണിയിൽ മൂല്യ വർദ്ധിത ഉത്പന്നമായി ചിപ്സ് ലഭ്യമാക്കുന്നതിനായാണ് ഇപ്രകാരം വാഴക്കുലകൾ വാങ്ങിയതെന്ന് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു.

നേര്യമംഗലം ഫാമിലെ ഇക്കോഷോപ്പ് സന്ദർശിക്കുന്ന ഉപഭോക്താക്കൾ ഫാമിലെ ഉത്പന്നങ്ങൾ പ്രതീക്ഷിച്ചാണ് എത്തുന്നതെന്നതിനാൽ ഇപ്രകാരം ചെയ്യുന്നത് ഉചിതമല്ല എന്നത് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-34 ക്ഷീരവർദ്ധിനി-ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- അവലോകന രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 1530/22 |
| പ്രോജക്ടിന്റെ പേര് | ക്ഷീരവർദ്ധിനി-ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ (ക്ഷീര വികസനം) |
| അടങ്കൽ തുക (പൊതു വിഭാഗം | 40,00,000 രൂപ |

| | |
|---|---|
| ജനറൽ) | |
| ചെലവ് ബിൽനമ്പർ 1593/26.03.22 ബിൽനമ്പർ 1693/29.03.22 ബിൽനമ്പർ 1799/30.03.22 | 40,00,000 രൂപ 28,00,000 രൂപ 8,00,000 രൂപ 4,00,000 രൂപ |

ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 20 ക്ഷീര സംഘങ്ങൾക്ക് 2 ലക്ഷം രൂപാ വീതം റിവോൾവിംഗ് ഫണ്ട് അനുവദിച്ച്, സംഘം സെക്രട്ടറിയുടെയും, ക്ഷീര വികസന ഓഫീസറുടെയും സംയുക്ത ബാങ്ക് അക്കൌണ്ടിൽ തുക നിക്ഷേപിച്ച് സംഘത്തിലെ 5 കർഷകർക്ക് 40,000 രൂപാ വീതം കറവപ്പശുക്കളെ വാങ്ങുന്നതിന് പലിശ രഹിത വായ്പ അനുവദിക്കുന്നു. കർഷകർ, സംഘത്തിൽ നൽകുന്ന പാലിന്റെ വിലയിൽ നിന്നും, പ്രതിവാരം 500 രൂപാ വീതം തിരികെ ഈടാക്കി അക്കൌണ്ടിൽ 40,000 രൂപ തിരികെ എത്തുന്ന മുറക്ക് അടുത്ത കർഷകന് വായ്പ അനുവദിക്കുന്നു. 5 വർഷത്തിനു ശേഷം പദ്ധതി തുടരുകയോ സംഘം പൊതുഫണ്ടിലേക്ക് മൂലധനമായി നിക്ഷേപിക്കുകയോ ചെയ്യാം.

പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധനയിൽ താഴെ ചേർത്തിരിക്കുന്ന വിവരങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 12/21.11.22) നൽകിയിരുന്നു.

1. ക്ഷീര വികസന വകുപ്പ് ഡെ.ഡയറക്ടറുടെ 25.03.22 ലെ സർക്കുലർ ഡി/283/22 പ്രകാരം പദ്ധതി നടത്തിപ്പിനായി വിശദമായ മാർഗ്ഗ രേഖ നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നത് നിർവ്വഹണ ഉദ്യോഗസ്ഥൻ അവലോകനം നടത്തിയിട്ടുണ്ടോ?
2. അങ്കമാലി ക്ഷീരസംഘത്തിന്റെ ബാങ്ക് അക്കൗണ്ട് രേഖകൾ ഹാജരാക്കേണ്ടതാണ്.
3. ക്ഷീര സംഘങ്ങളെ തെരഞ്ഞെടുത്ത മാനദണ്ഡങ്ങൾ, തയ്യാറാക്കിയ മുൻഗണനാ പട്ടിക (പാലളവ് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ)
4. സഹകരണ സംഘങ്ങൾ തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റ് , ഗുണഭോക്തൃ പട്ടിക ലഭ്യമല്ല.
5. സംഘങ്ങൾ എത്ര പേർക്ക് വായ്പ അനുവദിച്ചു, വായ്പ തുക അനുവദിച്ച് വാങ്ങിയ പശുക്കളുടെ ഇൻഷ്വറൻസ് രേഖകൾ
6. ക്ഷീര വികസന സംഘങ്ങൾ നടത്തിയ പദ്ധതി അവലോകനകുറിപ്പ്/പുരോഗതി റിപ്പോർട്ട്.
7. പദ്ധതിയുടെ നിലവിലെ അവസ്ഥ, ഓരോ സൊസൈറ്റി അക്കൌണ്ടിലും, ബാക്കിയുള്ള തുക, തിരിച്ചടവ് കൃത്യമായി നടത്തുന്നുണ്ടോ എന്ന വിവരം.
8. പദ്ധതി നിരീക്ഷിക്കേണ്ട മൃഗസംരക്ഷണം, ക്ഷീരവികസനം ഗ്രൂപ്പിന്റെ യോഗം നടന്നിട്ടുണ്ടോ?
9. നൂതന പദ്ധതി ആയാണ് ആവിഷ്കരിച്ചതെങ്കിൽ കോഓർഡിനേഷൻ സമിതിയുടെ അംഗീകാരം ലഭ്യമായിരുന്നോ.

ക്ഷീരവികസന ഡെ.ഡയറക്ടറുടെ DDEKM/994/2022-SC2 തിയതി 23.01.2023 നമ്പർ മറുപടി പ്രകാരം മേൽ അപാകതകൾക്കുള്ള മറുപടി ക്ഷീരസംഘങ്ങളിൽ നിന്നും ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ക്ഷീരസംഘങ്ങളെ തെരഞ്ഞെടുത്തത് ഓഡിറ്റ് പൂർത്തീകരണം, സ്ഥിരം ജീവനക്കാരുടെ സാന്നിദ്ധ്യം, പാൽസംഭരണം, പദ്ധതി നടപ്പാക്കുന്നതിനുള്ള സന്നദ്ധത തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണെന്ന് മറുപടിയിൽ പറയുന്നുണ്ടെങ്കിലും, ഇപ്രകാരം തയ്യാറാക്കിയ ഒരു മുൻഗണനാ പട്ടിക ഹാജരാക്കിയിട്ടില്ല. സഹകരണ സംഘങ്ങളുടെ മുൻഗണനാ ലിസ്റ്റും ലഭ്യമല്ലാത്തതിനാൽ അർഹതയുള്ള ക്ഷീര കർഷകർക്കാണോ സഹായം ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല.

വായ്പ ലഭിച്ച അംഗങ്ങൾ പശുക്കളെ വാങ്ങി, തുക കൈമാറിയതിന്റെ രേഖകൾ ഇല്ല. തുക വിതരണം, തിരിച്ചടവ് തുടങ്ങിയ രേഖകൾ ഹാജരാക്കാത്തതിനാൽ കർഷകർക്ക് എത്രത്തോളം ഗുണമുണ്ടായി എന്നത് വിലയിരുത്തുവാൻ സാധിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

1-35 പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം, ആലുവ - സേവനങ്ങൾ ലഭ്യമാക്കുന്നില്ല.

അധികാര വികേന്ദ്രീകരണത്തോടനുബന്ധിച്ച് ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനമാണ് REGIONAL ANIMAL HUSBANDRY CENTRE (പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം), ആലുവ.

പതിനൊന്ന് ജീവനക്കാരോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ സ്റ്റാഫ് സ്ട്രെങ്ത്, അസി,പ്രോജക്ട് ഓഫീസർ -1, വെറ്ററിനറി സർജൻ- 1, ക്ലാർക്ക് -2, ടൈപ്പിസ്റ്റ്- 1, ഡ്രൈവർ- 1, നൈറ്റ് വാച്ചർ -1, ഓഫീസ് അറ്റൻഡന്റ് -1 മെസ്സെഞ്ചർ -1, പാർട്ട് ടൈം സ്വീപ്പർ -1 എന്നിങ്ങനെയാണ്.

മുൻപ് Regional Artificial Insemination Centre ആയി പ്രവർത്തിച്ചിരുന്ന സെന്റർ നിലവിൽ ജില്ലയിൽ മൃഗങ്ങൾക്ക് വേണ്ടി നടത്തപ്പെടുന്ന വിവിധ വാക്സിനേഷനുകളുടെ കണക്കുകൾ ക്രോഡീകരിച്ച് സർക്കാരിന് സമർപ്പിക്കുക മാത്രമാണ് ചെയ്തു വരുന്നത്.

2021-2022 വർഷം ജില്ലാ പഞ്ചായത്ത് ഈ സ്ഥാപനത്തിന് വേണ്ടി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനാവലോകനത്തിനായി ഓഡിറ്റ് വിഭാഗം നടത്തിയ സന്ദർശന വേളയിൽ നിർജ്ജീവമായ അവസ്ഥയിലാണ് ഇത്ര അധികം ജീവനക്കാരോടുകൂടിയ ഈ സ്ഥാപനം എന്നു ബോദ്ധ്യപ്പെടുകയുണ്ടായി. രണ്ട് വർഷം മുൻപ് വരെ ജില്ലാ പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ മീറ്റിംഗിന് ക്ഷണിച്ചിരുന്നെങ്കിലും, പിന്നീട് കൈമാറിക്കിട്ടിയ സ്ഥാപനമെന്ന നിലയിൽ അന്വേഷണം ഒന്നുമുണ്ടായിട്ടില്ല.

വിദ്ഗദ്ധരായ രണ്ട് ഡോക്ടർമാരും, ആവശ്യത്തിന് സ്റ്റാഫ് സംവിധാനവുമുള്ള ഈ ഓഫീസിന് ഉചിതമായ പദ്ധതികൾ കണ്ടെത്തി അവരുടെ സേവനം വിനിയോഗിക്കുകയോ, അല്ലാത്ത പക്ഷം, ഉൽപ്പാദനപരമല്ലാത്ത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുവാനോ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-36 ചെലവ് ചെയ്യാത്ത ഡെപ്പോസിറ്റ് തുക തിരികെ നൽകുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.

പ്രൊജക്ട് നം. 913/22 – എത്തിലി തെറ്റ എസ്.സി കോളനി കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ – കറുകുറ്റി

(എ). പ്രസ്തുത പ്രൊജക്ടിന് വേണ്ടി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഡി.പി -6 – 275/22, തി – 05.02.2022 നം. ഉത്തരവ് പ്രകാരം ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിൽ (ടൈഡ് ഗ്രാന്റ്) നിന്ന് 10,00,000 രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 14.06.2022 ലെ A3-2021/5583 നം. ഫണ്ട് യൂട്ടിലൈസേഷൻ കത്ത് പ്രകാരം 7,09,925 രൂപയാണ് വേലയ്ക്ക് വേണ്ടി ഉപയോഗിച്ചത്. 2,90,075 രൂപ Unspent Balance ആയി കാണുന്നു. ആയത് തിരികെ നൽകുകയോ മറ്റ് വേലകളിൽ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 42/28.02.2023) നാളിത് വരെ മറുപടി നൽകിയില്ല.

(ബി). എസ്റ്റിമേറ്റിൽ നിന്ന് 30 ശതമാനത്തോളം തുക കുറവ് ചെയ്താണ് പദ്ധതി പൂർത്തീകരിച്ചിരിക്കുന്നത്. പദ്ധതി കൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുക. കൂടാതെ ചെയ്ത വേലകളുടെ വിശദവിവരങ്ങൾ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 1-37 മെച്ചപ്പെട്ട വിദ്യാഭ്യാസ പൂർത്തീകരണം - രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട് നമ്പർ: 922/21-22

വകയിരുത്തിയ തുക: 3,11,000 രൂപ (വികസന ഫണ്ട് -എസ്. സി. പി)

ചെലവ്: 3,11,000 രൂപ

പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി, വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പരിശീലനം നൽകി വളരെ ഉയർന്ന നിലവാരത്തിൽ പരീക്ഷകൾ പാസാകുവാനും, മത്സര പരീക്ഷകൾ വിജയിക്കുവാൻ സഹായിക്കാനും, ഉദ്ദേശിച്ച് നടപ്പാക്കിയിട്ടുള്ളതാണ്. 21-22 വർഷം പ്രസ്തുത പദ്ധതി പ്രകാരം, മൂന്നു സ്കൂളുകളിലെ 17 വിദ്യാർത്ഥികൾക്ക് സഹായം സൽകിയിട്ടുണ്ട്.

1)സെന്റ് ജോസഫ്, ആരക്കുഴ -9

2)സെന്റ് അഗസ്റ്റിൻസ്, കോതമംഗലം-7

3)സെന്റ് പോൾസ്, മുത്തോലപുരം-1

മേൽ സൂചിത 17 പേരിൽ 10 കുട്ടികൾ പത്താംക്ലാസിലും, ഒരാൾ 12 ലുമായിരുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | സ്കൂളിന്റെ പേര് | ക്ലാസ് |
|---|---|---|

| | | |
|---|---|---|
| ആദിത്യാ ശശി | സെന്റ് അഗസ്റ്റിൻസ് | 12 |
| അശ്വതി കെ മനോജ് | " | 10 |
| മിൻസാര സജി | " | 10 |
| നിരഞ്ജന രാജൻ | " | 10 |
| ഐശ്വര്യ മനോജ് | സെന്റ് പോൾസ് | 10 |
| ഷാമിലി ഷാജി | സെന്റ് ജോസഫ് | 10 |
| ദേവിക പ്രസാദ് | " | 10 |
| ദുർഗ്ഗപ്രസാദ് | " | 10 |
| ഗോപിക ബിജു | " | 10 |
| ഗൌരിനന്ദന പ്രകാശ് | " | 10 |
| മീനാക്ഷി ദിലീപ് | " | 10 |

മേൽ വിദ്യാർത്ഥികൾ പരീക്ഷ പാസായ സർട്ടിഫിക്കറ്റുകൾ പരിശോധനക്ക് ഹാജരാക്കുവാനും, പദ്ധതിയിൽ 21-22 ൽ ചേർത്ത വിദ്യാർത്ഥികളുടെ വിവരം ലഭ്യമാക്കുവാനും ഓഡിറ്റ് എൻക്വയറി (നം.25/16.01.23) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായില്ല.

മേൽ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-38 കൂട് മത്സ്യകൃഷി -രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് -1490/22 |
| പ്രോജക്ടിന്റെ പേര് | കൂട് മത്സ്യകൃഷി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്) |
| അടങ്കൽ തുക (പൊതു വിഭാഗം ജനറൽ) | 10,20,000 രൂപ |
| ചെലവ്<br>ബിൽ നമ്പർ:<br>1406/24.03.22 -2,40,000<br>1349/22.03.22-7,80,000 | 10,20,000 രൂപ |

ആഴമുള്ള കായലുകൾ, ഓരു ജലാശയങ്ങൾ എന്നിവടങ്ങളിൽ കൃത്രിമമായി രൂപപ്പെടുത്തുന്ന വലകൂടുകൾ സ്ഥാപിച്ച് അതിനുള്ളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച്, പോഷക സമൃദ്ധമായ തീറ്റ നൽകി വളർത്തിയെടുത്ത് വിപണനം നടത്തുക വഴി, മത്സ്യ ഉപഭോക്താക്കൾക്ക് വിഷരഹിത മത്സ്യം പ്രാദേശികമായി ഉറപ്പു വരുത്തുന്നതിനും, ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമുദ്ദേശിച്ചുള്ള തൊഴിൽദായക പദ്ധതിയാണ് ഇത്. ഗുണഭോക്താവ് 4*2.5*1.5 മീറ്റർ വലുപ്പത്തിലുള്ള രണ്ടു കൂടുകൾ പണിത് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും (കരിമീൻ, പൊമ്പാനോ, കാളാഞ്ചി) പരിപാലിക്കുന്നതിനും ചെലവായ തുകയുടെ വൗച്ചറും ബില്ലും ഹാജരാക്കുന്ന മുറക്ക് സബ്സിഡി തുകയായ 60,000 രൂപ ഗുണഭോക്താവിന് കൈമാറുന്നു.

പദ്ധതി കാലാവധി ഒരു വർഷവും, പ്രതീക്ഷിത ലാഭം, ഒരു യൂണിറ്റിൽ നിന്ന് ഏകദേശം 600 കി.ഗ്രാം മത്സ്യ ഉദ്പാദനവും, അതു വഴി മൂന്നു ലക്ഷം രൂപയുമാണ്.

പദ്ധതി നടത്തിപ്പിനായി, 27.01.2021 ൽ നടന്ന സാധാരണ കമ്മിറ്റി തീരുമാന പ്രകാരം 30 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുകയും, മുൻഗണനാക്രമത്തിൽ 17 പേർക്ക് സബ്സിഡി അനുവദിക്കുകയും ചെയ്തു.

GO(MS) 22/2018/14.02.18 ലെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം പദ്ധതി ഗുണഭോക്താവിന് അക്വാകൾച്ചർ ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷൻ വേണം.

ചെലവുകളുടെ ബില്ലുകൾ ഹാജരാക്കുന്ന മുറക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ സർട്ടിഫൈചെയ്ത ശേഷമാണ് തുക നൽകേണ്ടത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുകയും, ഓഡിറ്റ് എൻക്വയറി (നം.21.11.2022) മുഖേന വിശദീകരണം ആവശ്യപ്പെടുകയും ചെയ്തെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല.

1. ഒരു ഗുണഭോക്താവും അക്വാകൾച്ചർ ലൈസൻസ് അല്ലങ്കിൽ രജിസ്ട്രേഷൻ ഹാജരാക്കിയിട്ടില്ല.

2. ബില്ലുകൾ ഹാജരാക്കിയത് അടിസ്ഥാനമാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തി സർട്ടിഫൈ ചെയ്ത രേഖകളും ലഭ്യമല്ല.

3. മുൻ വർഷം ഇതേ പദ്ധതി നടപ്പാക്കിയതിനാൽ, പദ്ധതിയുടെ അവസ്ഥാ രേഖ, നിർവ്വഹണ സമയത്ത് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് നടത്തിയതിന്റെ മിനിറ്റ്സ്, നാളിതു വരെയുള്ള പദ്ധതി പുരോഗതിയുടെ അവലോകനം എന്നിവ പരിശോധനക്കു ഹാജരാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയത് ഹാജരാക്കിയില്ല.

4. സ. ഉ (കൈ) നം 22/2018 തസ്വഭവ തിയതി 14.02.2018 പ്രകാമുള്ള പദ്ധതി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് കൂട് മത്സ്യകൃഷിയുടെ സ്പെസിഫിക്കേഷൻ മാറ്റി അംഗീകാരം നൽകുന്നതിനായി കോ ഓർഡിനേഷൻ കമ്മിറ്റിക്ക് ബി 2 *ഡിപി* 20-21/27.07.2021 കത്ത് നൽകിയിട്ടുണ്ട്. ഇപ്രകാരം അംഗീകാരം ലഭിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല

5. ഗുണഭോക്താക്കളുടെ മുൻഗണനാക്രമം നിശ്ചയിച്ച രീതി വ്യക്തമാക്കേണ്ടതാണ്.

മത്സ്യ കൃഷിയിൽ താൽപര്യമുള്ളവർക്ക് തൊഴിൽ നൽകുന്നതിനും, ഉൾനാടൻ മത്സ്യ സമ്പത്തിന്റെ വർദ്ധനയുമുദ്ദേശിച്ച് നടപ്പാക്കിയ ഈ പദ്ധതി സാമൂഹികമായി എങ്ങനെ ഗുണകരമായി എന്നതു കൂടി വ്യക്തമാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആകയാൽ മേൽ രേഖപ്പെടുത്തിയ അപാകതകൾക്ക് വ്യക്തമായ മറുപടി ഹാജരാക്കേണ്ടതാണ്.

## 1-39 വീട്ടുവളപ്പിലെ മത്സ്യകൃഷി (പടുതാ)-രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0467/22 |
| പ്രോജക്ടിന്റെ പേര് | വീട്ടുവളപ്പിലെ മത്സ്യകൃഷി (പടുത) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ് ) |
| അടങ്കൽ തുക (പൊതു വിഭാഗം ജനറൽ)<br>സംസ്ഥാനാവിഷ്കൃത വിഹിതം | 17,38,400 രൂപ<br>8,69,200 രൂപ |
| സ്റ്റാന്റിംഗ് കമ്മിറ്റി | വികസന കാര്യം |
| മോണിട്ടറിംഗ് ഗ്രൂപ്പ് | മത്സ്യബന്ധന വർക്കിംഗ് ഗ്രൂപ്പ് |
| ചെലവ് (പൊതു വിഭാഗം ജനറൽ)സംസ്ഥാനാവിഷ്കൃത വിഹിതം | 16,92,800 രൂപ |

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി പ്രാദേശിക മത്സ്യോല്പാദനം വഴി, തൊഴിലും, വരുമാനവും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് നടത്തുന്നതാണ് പടുതാക്കുളം മത്സ്യകൃഷി. വീട്ടു വളപ്പിലോ, പിന്നാമ്പുറത്തോ 2 സെന്റ് വിസ്തീർണ്ണം വരുന്ന കുഴികൾ നിർമ്മിച്ച് പടുത വിരിച്ച് മത്സ്യം കൃഷി ചെയ്യുന്നു.പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധനയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നടത്തിപ്പിനായി നൽകിയിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് തദ്ദേശ

സ്വയംഭരണവകുപ്പ് സ്ഥാപന പ്രതിനിധി ചെയർമാനും, ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥൻ കൺവീനറുമായ സമിതിയാണ്. സ്ഥല പരിശോധന നടത്തി, അനുയോജ്യരായ ഗുണഭോക്താക്കളെ കണ്ടെത്തി സാധ്യതാ പട്ടിക തയ്യാറാക്കുന്നു. മത്സ്യകൃഷിയിൽ താൽപര്യമുള്ളവർക്കും, പരിശീലനം നേടിയിട്ടുള്ളവർക്കും പരിഗണനയുണ്ട്. ഇവയിൽ പൊതുവായി താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

*ഇപ്രകാരം തയ്യാറാക്കിയ മുൻഗണനാ ക്രമമനുസരിച്ചുള്ള സാദ്ധ്യതാ പട്ടിക, പരിശോധനക്കു ഹാജരാക്കിയിട്ടില്ല.

*ഗുണഭോക്താക്കൾക്ക് പരിശീലനവും, സാങ്കേതിക സഹായവും നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

*പദ്ധതി പ്രകാരം, മത്സ്യ കുഞ്ഞുങ്ങളെ, ഫിഷറീസ് വകുപ്പിന്റെ ഹാച്ചറികളിൽ നിന്നോ, സർക്കാർ ഏജൻസിയായ ADAKൽ നിന്നോ, മത്സ്യ കർഷകഏജൻസി മുഖേനയോ നേരിട്ട് വാങ്ങി നൽകണം എന്നു നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഇപ്രകാരമല്ല ചെയ്തിട്ടുള്ളത്

*പദ്ധതി മേൽ നോട്ടത്തിനായി കമ്മറ്റി രൂപീകരിച്ച്, പ്രവർത്തനം വിലയിരുത്തിയ രേഖകൾ പരിശോധനക്കു ലഭ്യമാക്കിയിട്ടില്ല. (ചെക്ക് ലിസ്റ്റ് ഉൾപ്പെടെ)

ഫയൽ പരിശോധനയിലെ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബൈജു ആർ കെ, രാമന്തറ ഹൌസ്, കണ്ണൻ കുഞ്ഞ് എം സി, മാരാടൻ ഹൌസ് എന്നീ ഗുണഭോക്താക്കൾ

പട്ടിക ജാതി വിഭാഗത്തിൽ പെട്ടവരാണ്, പദ്ധതി മാനദണ്ഡ പ്രകാരം യൂണിറ്റ് കോസ്റ്റ് സബ്സിഡി 75% ആണ് അനുവദനീയം. ഇവർക്ക് ജനറൽ വിഭാഗത്തിനു ബാധകമായ 40% ആണ് അനുവദിച്ചത്.

2. ജോസ് എം തോമസ് മറ്റമന ഹൌസ് എന്ന ഗുണഭോക്താവ് എഗ്രിമെന്റ് ഒപ്പു വച്ചിട്ടില്ല.

3. ഉലഹന്നാൻ വർഗ്ഗീസ്, മുത്യാരുവേലിൽ മത്സ്യ വിത്ത്, തീറ്റ എന്നിവ വാങ്ങിയ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

4. നോബിൾ ജോൺ അതിരമ്പുഴ ഹൌസ്, എഗ്രിമെന്റ് ഒപ്പു വച്ചിട്ടില്ല. തിയതിയില്ലാത്ത ബില്ലുകളാണ് ഹാജരാക്കിയിട്ടുള്ളത്.

പദ്ധതിയുടെ നിലവിലെ അവസ്ഥാ റിപ്പോർട്ട്, വിളവെടുപ്പിൽ ലഭിച്ച മത്സ്യത്തിന്റെ അളവ്, തുടങ്ങിയവ പരിശോധനക്ക് ഹാജരാക്കുവാൻ നിർദ്ദേശിച്ചെങ്കിലും ലഭ്യമാക്കിയില്ല.

2.എസ് 958/21-22 പടുതാക്കുളം സ്പിൽ ഓവർ പദ്ധതി.

വകയിരുത്തിയ തുക 98,400 രൂപ (വികസന ഫണ്ട് ജനറൽ) 49,200 രൂപ (സംസ്ഥാനാവിഷ്കൃത വിഹിതം)

ചെലവ് 65,600 (വികസന ഫണ്ട് ജനറൽ)

0 (സംസ്ഥാനാവിഷ്കൃത വിഹിതം)

പടുതാക്കുളം സ്പിൽ ഓവർ പദ്ധതിയിൽ രണ്ട് ഗുണഭോക്താക്കൾ മാത്രമാണുള്ളത്. 19 പേരുടെ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഇവർക്ക് 32,800 രൂപ പീതം സബ്സിഡി ബാങ്ക് അക്കൌണ്ടിലേക്ക് നൽകി.

ഫയൽ പരിശോധനയിൽ ഒരു ഗുണഭോക്താവായ ശ്രീമതി ശ്രീദേവി വി അപേക്ഷയിൽ നല്കിയ അക്കൌണ്ടിലേക്കല്ല തുക കൈമാറി നൽകിയത് എന്ന് കണ്ടു.

ശ്രീ രാജു ജോസഫ് എന്ന ഗുണഭോക്താവിന്റെ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ അപേക്ഷയിൽ നൽകിയിട്ടില്ല.

19 പേരുടെ പട്ടികയിൽ നിന്നും പദ്ധതി വിഹിതം രണ്ടു പേർക്കു മാത്രമാണ് നൽകിയത്. ഇപ്രകാരം പദ്ധതി ചുരുക്കാനിടയായ സാഹചര്യം വ്യക്തമാക്കുവാനും, മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനും ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പദ്ധതികളുടെ അവലോകന രേഖകളും, മേൽ അപാകതകൾക്കു മറുപടിയും പരിശോധനക്കു ഹാജരാക്കേണ്ടതാണ്.

1-40 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി- പണി പൂർത്തിയാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ – 923/22 (സ്പിൽ ഓവർ), എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി

വകയിരുത്തിയ തുക: 43,78,000 രൂപ (വികസന ഫണ്ട് -SCP)

ചെലവ്: 40,53,443 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ: ജില്ലാ പട്ടിക ജാതി വികസന ഓഫീസർ

ചെലവ് വിവരങ്ങൾ

| | |
|---|---|
| ബിൽ നമ്പർ 1764/21-22 | 1,90,500 രൂപ |
| ബിൽ നമ്പർ 1921/21-22 | 1,00,000 രൂപ |
| ബിൽ നമ്പർ 1920/21-22 | 50,000 രൂപ |
| ബിൽ നമ്പർ 1919/21-22 | 2,25,443 രൂപ |
| ബിൽ നമ്പർ 1323/21-22 | 1,50,000 രൂപ |
| ബിൽ നമ്പർ- ലഭ്യമല്ല | 50,000 രൂപ |
| ബിൽ നമ്പർ- ലഭ്യമല്ല | 3,30,766 രൂപ |
| ബിൽ നമ്പർ- ലഭ്യമല്ല | 3,50,000 രൂപ |
| ബിൽ നമ്പർ- ലഭ്യമല്ല | 1,88,255 രൂപ |
| ബിൽ നമ്പർ 905/21-22 | 50,000 രൂപ |
| ബിൽ നമ്പർ 1086/21-22 | 1,00,000 രൂപ |
| ബിൽ നമ്പർ 617/21-22 | 2,00,000 രൂപ |
| ബിൽ നമ്പർ 793/21-22 | 2,96,924 രൂപ |
| ബിൽ നമ്പർ 620/21-22 | 2,34,179 രൂപ |
| ബിൽ നമ്പർ 559/21-22 | 7,18,614 രൂപ |
| ബിൽ നമ്പർ 567/21-22 | 50,000 രൂപ |
| ബിൽ നമ്പർ 558/21-22 | 1,00,000 രൂപ |

ആകെ 33,84,681 രൂപയുടെ ബിൽ വിവരങ്ങൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്, ശേഷിക്കുന്ന 6,68,762 രൂപയുടെ ചെലവ് വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പദ്ധതി പ്രകാരം പട്ടിക വർഗ്ഗ വിദ്യാർത്ഥകൾക്ക് പഠന സൌകര്യം ഉറപ്പാക്കുന്നതിനായി നിലവിലുള്ള വീടിനോടൊപ്പം സൌകര്യമുണ്ടങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. നിലവിലുള്ള 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിലധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിനാണ് ധനസഹായം നൽകേണ്ടത്. കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടുള്ള ഏതു കോഴ്സും പഠിക്കുന്നവരെ വിദ്യാർത്ഥിയായി അംഗീകരിച്ചാണ് ഈ ധനസഹായം നൽകുന്നത്. വീട്ടിലുള്ള എല്ലാ കുട്ടികൾക്കും വേണ്ടി നൽകുന്ന പഠനമുറി നിർമ്മാണത്തിന് പരമാവധി നൽകാവുന്നത് 2 ലക്ഷം രൂപയാണ്.

എറണാകുളം ജില്ലാപഞ്ചായത്ത് 2018-2019 ൽ നടപ്പാക്കിയ പദ്ധതി പ്രകാരം ധനസഹായം നൽകിയത് ആകെ 328 ഗുണഭോക്താക്കൾക്കാണ്, 223 പേർ പണി പൂർത്തിയാക്കി എന്ന് അവകാശപ്പെടുന്നു.

ഓഡിറ്റ് കാലയളവായ 2022 മാർച്ച് മാസം അവസാനത്തിൽ എത്ര പേർ പണി പൂർത്തീകരിച്ചിട്ടില്ല എന്നതും, ഇവർക്ക് നൽകിയ തുക തിരികെ ഈടാക്കുവാൻ സ്വീകരിച്ച നടപടി വിവരങ്ങളും രേഖാമൂലം അറിയിക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല

ഫയൽ പരിശോധനയിൽ താഴെ പറയുന്ന 86 പേർ പണി പൂർത്തിയാക്കിയ രേഖകൾ ഹാജരാക്കിയിട്ടില്ല എന്ന് കണ്ടു. വിവരങ്ങൾ അനുബന്ധം 7 ൽ ചേർക്കുന്നു

പ്രസ്തുത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. പതിമൂന്നാം പദ്ധതി അവസാനിച്ചിട്ടുള്ളതിനാൽ ഇനിയും പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായം തിരികെ ഈടാക്കി സർക്കാരിലേക്ക് മുതൽ കൂട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-41 കുട്ടികൾക്കായുള്ള ജില്ലാ വെബ് പോർട്ടൽ - സംയുക്ത പദ്ധതി,പ്രവർത്തനങ്ങളിൽ വ്യക്തതയില്ല.

| | |
|---|---|
| പദ്ധതി നമ്പർ | 1223/22 |
| പദ്ധതി | കുട്ടികൾക്കായുള്ള ജില്ലാ വെബ് പോർട്ടൽ(സംയുക്തം) |
| അടങ്കൽ | 14,50,000 രൂപ |
| തനത് ഫണ്ട് | 50,000 രൂപ |
| ഗ്രാമപഞ്ചായത്ത് വിഹിതം | 10,25,000 രൂപ |
| മറ്റുള്ളവ | 3,75,000 രൂപ |
| ചെലവ് | 12,500 രൂപ |
| നിർവ്വഹണം | ജില്ലാ ഓഫീസർ വനിത ശിശു വികസനം |

എറണാകുളം ജില്ലയിലെ 18 വയസ്സിൽ താഴെയുള്ള കുട്ടികളുമായി ബന്ധപ്പെട്ട സമഗ്രവിവരങ്ങൾ -വിദ്യാഭ്യാസം,ആരോഗ്യം,പോഷകാഹാരം,മാനസീക ശാരീരിക ആരോഗ്യ പരിപാലനം,ഭിന്നശേഷിക്കാരായ കുട്ടികൾക്കളുടെ പരിപാലനം, ഗുരുതര രോഗങ്ങൾ ഉള്ള കുട്ടികൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുകയാണ് ഈ പ്രൊജക്ട് കൊണ്ട് ഉദ്ദേശിച്ചിരുന്നത്.
ഇത് ഒരു ഏകവർഷ പ്രൊജക്ടാണെങ്കിലും പദ്ധതി പ്രവർത്തനത്തിന് സാങ്കേതിക സഹായം നൽകുന്ന നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (NIC) മായി ഒപ്പുവെച്ച Terms Of Use ൽ തിയതിയോ പ്രൊജക്ട് കംപ്ളീഷൻ കാലയളവോ കാണിച്ചിട്ടില്ല. പദ്ധതി പ്രവർത്തനം, സാമ്പത്തികസ്രോതസ്സ്, പ്രവർത്തന കലണ്ടർ, മറ്റ് ഗ്രാമപഞ്ചായത്തുകളുടെ പങ്കാളിത്തം ഉടങ്ങിയ കാര്യങ്ങളിലും വ്യക്തതയില്ല. പ്രൊജക്ടിന്റെ ഭാഗമായി 10,57,500 രൂപ ഗ്രാമപഞ്ചായത്തുകളിൽനിന്നും ലഭ്യമാക്കി സംയുക്ത പ്രൊജക്ടിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നുവെങ്കിലും ആയത് ചെലവഴിക്കപ്പെടുകയുണ്ടായില്ല. തന്മൂലം ഈ തുക സർക്കാരിലേക്ക് തിരിച്ചെടുക്കപ്പെടുന്ന അവസ്ഥ സംജാതമായി. ഓരോ ഗ്രാമപഞ്ചായത്തൽനിന്നും 25000 രൂപ വീതമാണ് ഇത്തരത്തിൽ വാങ്ങിയിരുന്നത്.എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 32/7.2.2023 ന് നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് വിഹിതം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ലയെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചത്.പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നിട്ടും ഗ്രാമപഞ്ചായത്ത് വിഹിതമായി വലിയ തുക ജില്ലാ പഞ്ചായത്തിൽ വരവാകുന്നതിന് ഇടയായത് പദ്ധതി രൂപീകരണത്തിലെ അപാകവും ഏകോപനമില്ലായ്മയുമാണ്.ഇതുകാരണം ഗ്രാമപഞ്ചായത്തുകളുടെ പ്രസ്തുത തുക മുകളിൽ പറഞ്ഞവിധം നഷ്ടപ്പെടുന്ന സാഹചര്യവും വന്നുചേർന്നു.

പദ്ധതി പ്രവർത്തനമായി തൻവർഷം നടന്നത് എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവ നടത്തി പ്രോഗ്രാമറെ നിയമിച്ചു എന്നത് മാത്രമാണ്. ഇങ്ങനെ നിയമിക്കപ്പെട്ട പ്രോഗ്രാമർക്ക് ശമ്പളമിനത്തിൽ നൽകിയ 12,500 രൂപ മാത്രമാണ് ഈ പദ്ധതിക്കായി ഓഡിറ്റ് വർഷം വന്നിരിക്കുന്ന ചെലവ്. 2022-23 വർഷത്തിൽ ഈ പദ്ധതിക്കായി 2,83,417 രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിക്കുകയുണ്ടായി.നൂതന പദ്ധതി ആയതിനാൽ വന്ന കാലതാമസവും വെബ് പോർട്ടൽ ഡിസൈൻ ചെയ്യുന്നതിൽ വന്ന കാലതാമസവുമാണ് പ്രൊജക്ട് തൻവർഷം പൂർത്തീകരിക്കാതിരുന്നതിന് കാരണമെന്നും അറിയിക്കുകയുണ്ടായി.ഡാറ്റാ എൻട്രി പ്രവർത്തികൾ പൂർത്തിയായി വരുന്നുവെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടിയിലൂടെ അറിയിച്ചിരിക്കുന്നത്.
പ്രൊജക്ടുകളുടെ ധനസമാഹരണമുൾപ്പെടെയുള്ള കാര്യങ്ങൾ സമഗ്രമായി വിഭാവനം ചെയ്യപ്പെടുന്നുവെന്നും സമയബന്ധിതമായി അവ പൂർത്തീകരിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.ഡാറ്റാ എൻട്രി പ്രവർത്തികൾ ഉൾപ്പെടെയുള്ള അവശേഷിക്കുന്ന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തിയാക്കി പ്രൊജക്ട് പ്രവർത്തനക്ഷമമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-42 നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം-കർഷകർക്കും തൊഴിലാളികൾക്കും ട്രെയ്നിംഗ്-പദ്ധതി പൂർത്തിയായില്ല

| | |
|---|---|
| പദ്ധതി | കർഷകർക്കും, തൊഴിലാളികൾക്കും ട്രെയിനിങ്ങ്<br>എസ് ഒ 216/22 |
| അടങ്കൽ | 5,00,000 രൂപ (തനത് ഫണ്ട്) |
| ചെലവ് | 3,83,492 രൂപ |
| നിർവ്വഹണം | ഫാം സൂപ്രണ്ട് ,നേര്യമംഗലം |

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം – കർഷകർക്കും, തൊഴിലാളികൾക്കും ട്രെയ്നിംഗ് നല്കുന്നതിനായി ഫാം സൂപ്രണ്ട് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയാണ് ഇത്.. പദ്ധതി ചെലവ് താഴെ ചേർക്കുന്നു.

1)എഫ് ഐ റ്റി യിൽ നിന്ന് ഫർണ്ണിച്ചർ – 1,15,512 രൂപ
2)സിഡ്കൊ യിൽ നിന്ന് സ്റ്റീൽ ഫർണ്ണിച്ചർ – 1,30,890 രൂപ
3)ജെം മുഖേന സൗണ്ട് സിസ്റ്റം, പ്ളാസ്റ്റിക്ക് ചെയർ -1,37,090 രൂപ

ഫർണ്ണിച്ചർ അനുബന്ധ ഉപകരണങ്ങൾ മുതലായവ വാങ്ങി 76.69% തുക ചെലവഴിച്ചെങ്കിലും പ്രധാന പ്രവർത്തനമായ പരിശീലനം നടത്തിയിട്ടില്ല. വാങ്ങിയ ഫർണ്ണിച്ചറുകൾ നിലവിൽ ഓഫീസ് ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്. പദ്ധതി ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് ഈ രീതിയിലുള്ള പദ്ധതി നിർവ്വഹണം പ്രോത്സാഹനജനകമല്ല. പദ്ധതിയുടെ മോണിറ്ററിംഗ് നടന്നതായുള്ള രേഖപ്പെടുത്തൽ ഇല്ല. തുക ചെലവഴിക്കുന്ന എന്നതിൽ ഒതുങ്ങി എന്നല്ലാതെ പദ്ധതി ലക്ഷ്യം കൈവരിച്ചു എന്ന് പറയാൻ കഴിയില്ല. പദ്ധതി നിർവ്വഹണത്തിന്റെ പോരായ്മകളിൽ ഭരണസമിതിയുടെ വിലയിരുത്തൽ ആവശ്യമാണ്.

1-43 ജില്ലാ കഷിത്തോട്ടം നേര്യമംഗലം-നടീൽ വസ്തുക്കളുടെ ഉത്പാദന പ്രൊജക്ടിലെ അപാകങ്ങൾ

പ്രൊജക്ട് നം. - 1113/22

ജില്ലാ കൃഷിത്തോട്ടം നേര്യമംഗലം – നടീൽ വസ്തുക്കളുടെ ഉത്പാദനം

അടങ്കൽ -15,00,000 രൂപ

ചെലവ്-185065

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ തന്നെയുള്ള മാതൃവൃക്ഷങ്ങളിൽ നിന്ന് തന്നെ വിത്തുകൾ ശേഖരിച്ച്, തൈകൾ മുളപ്പിച്ച്, ബഡ് ചെയ്ത് ജില്ലയിലെ മുഴവൻ കർഷകർക്കും 5 വീതം ജാതി തൈകൾ നൽകുക കൂടാതെ വിവിധ ഇനം പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, നാണ്യവിളകൾ എന്നിവയുടെ വിത്തുകളും, തൈകളും ജില്ലയിലെ മുഴവൻ കർഷകർക്കും ലഭ്യമാക്കുക എന്നീ ഉദ്ദേശങ്ങളോടെ വിഭാവനം ചെയ്ത പദ്ധതിയാണിത്. കേരഗ്രാമം, സുഗന്ധഗ്രാമം എന്നീ പദ്ധതികൾ ജില്ലാ പഞ്ചായത്തിന്റെ ബഡ്ജറ്റിൽ തന്നെ അഭിമാനപദ്ധതികളായി എടുത്തുപറഞ്ഞിട്ടുമുണ്ട്. എന്നാൽ പദ്ധതി ഫയൽ പരിശോധനയിൽ ജാതി തൈകളുടെ ഉത്പാദനം നടന്നതായി കാണുന്നില്ല. 23-11-21ലെ സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് തീരുമാനം 2Aയിൽ പദ്ധതിയെക്കുറിച്ചുള്ള കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് കാരണമാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നത് എന്ന് പറയുന്നുണ്ട്. ഫാം സൂപ്രണ്ട് നല്കിയ ബ്ളോക്ക് വൈസ് ക്രോപ്പ് പാറ്റേൺ പ്രകാരം വിവിധ ബ്ളോക്കുകളിലായി 870 ജാതി മരങ്ങൾ ഫാമിൽ ഉണ്ട്. എന്നാൽ ലേല രജിസ്റ്റർ പരിശോധനയിൽ ജാതി പത്രി, ജാതിക്കുരു എന്നിവ ലേലം ചെയ്തതായും കാണുന്നില്ല. 2021-22 വർഷത്തിൽ ഉത്പാദിപ്പിച്ച ജാതിപത്രി,ജാതിക്കുരു എന്നിവ എന്തു ചെയ്തു എന്ന് വ്യക്തമല്ല.

ജില്ലയിലെ കർഷകർക്ക് മുന്തിയ ഇനം നടീൽ വസ്തുക്കൾ ലഭ്യമാക്കാനായി വിഭാവനം ചെയ്ത പദ്ധതിയിൽ ആകെ ചെലവ് വന്നത് 1,85,065 രൂപ മാത്രമാണ്. അതിൽ തന്നെ 15,062 രൂപയ്ക്ക് വെള്ളാനിക്കര കാർഷികസർവ്വകലാശാലയിൽ നിന്ന് പച്ചക്കറി വിത്തുകൾ, 14,950രൂപയ്ക്ക് ഓഫീസ് മോടി പിടിപ്പിക്കാൻ

അലങ്കാരച്ചെടികൾ, 86,250 രൂപ ചെലവിൽ 12500 (@6.90)കിലോഗ്രാം കൊയർപിത്ത്, റോസാച്ചെടികൾ (8,040 രൂപ), റൂട്ടിംഗ് എൻസൈംസ് (7,960 രൂപ), ചെടിച്ചട്ടികൾ, മറ്റ് അനാമത്ത് ചെലവുകൾ എന്നിങ്ങനെയാണ് ചെലവുകൾ വന്നിരിക്കുന്നത്. കർഷകർക്ക് നടീൽ വസ്തുക്കൾ നൽകുന്നതിനു പകരം ഫാമിലേയ്ക്ക് പൂച്ചടികൾ, ചെടിച്ചട്ടികൾ, പച്ചക്കറി വിത്തുകൾ എന്നിവ വാങ്ങി പദ്ധതി പണം ചെലവഴിക്കുകയാണുണ്ടായത്. വാങ്ങിയ പച്ചക്കറി വിത്തുകളിൽ നിന്ന് വിത്ത് ഉത്പാദനം നടത്തിയെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻനൽകിയ ഓഡിറ്റ് എൻക്വയറി നം. 29/07.02.2023ന് മറുപടിയായി പച്ചക്കറി വിത്തുകളുടെ വിതരണവും ജാതിക്കായുടെ ലേലവും നടന്നിരുന്നുവെന്നും അലങ്കാര സസ്യങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്താണ് ബോഗൻ വില്ല ചെടികളുടെ തൈകൾ വാങ്ങിയതെന്നും അറിയിക്കുകയുണ്ടായി.കൂടാതെ റോസാ ചെടികളുടെ തൈകളും അലങ്കാര വസ്തുക്കളുടെ നടീൽ വസ്തുക്കളും വിൽപ്പന നടത്തിയിരുന്നുവെന്നും അറിയിക്കുകയുണ്ടായി.

എന്നിരുന്നാൽ തന്നെയും ആകെ അടങ്കൽ തുകയായി നിശ്ചയിച്ചിരുന്ന 15,00,000 രൂപ യിൽ 185065 രൂപ മാത്രമേ ഈ പ്രൊജക്ടിന്റെ ഭാഗമായി ചെലവഴിക്കുന്നതിന് സാധിച്ചുള്ളുവെന്നത് ഈ പ്രൊജക്ട് ഉദ്ദേശിച്ച വിധത്തിൽ നടപ്പിലാക്കുന്നതിന് സാധിച്ചില്ലയെന്നതിന്റെ തെളിവാണ് .പ്രൊജക്ടുകൾ പൂർണ്ണ തോതിൽ നടപ്പാക്കേണ്ടതിന്റെ ആവശ്യകതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1-44 ക്ഷീരമിത്രം -പാലിന് ഇൻസെന്റീവ് -വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 151/22 |
| പ്രോജക്ടിന്റെ പേര് | ക്ഷീരമിത്രം-<br>പാലിന് ഇൻസെന്റീവ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ<br>(ക്ഷീര വികസനം) |
| അടങ്കൽ തുക<br>(പൊതു വിഭാഗം – ജനറൽ) | 58,21,590 രൂപ |
| ചെലവ്<br>ബിൽ നമ്പർ | 58,21,590 രൂപ |

ജില്ലയിലെ 55 ഗ്രാമ പഞ്ചായത്തുകൾക്കാണ് ഈ പദ്ധതി പ്രകാരം ഇൻസെന്റീവ് നൽകിയിട്ടുള്ളത്. ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഓരോ ലിറ്റർ പാലിനും, ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപാ ഉൾപ്പെടെ 4 രൂപാ സബ്സിഡി നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കർഷകരുടെ പാലളവ് കണക്കാക്കി അക്കൌണ്ടിലേക്ക് തുക നിക്ഷേപിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകുകയാണ് ചെയ്തിട്ടുള്ളത്.

55 ഗ്രാമ പഞ്ചായത്തുകളുടെ ആവശ്യമനുസരിച്ച് 58,21,590 രൂപ നൽകിയതിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തവയുടെ വിവരം ചേർക്കുന്നു.

| നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | നൽകിയ തുക (രൂപ) |
|---|---|---|
| 1 | വേങ്ങൂർ | 28,400 |
| 2 | മുടക്കുഴ | 2,30,000 |
| 3 | രായമംഗലം | 1,69,000 |
| 4 | വാളകം | 74,000 |
| 5 | ചിറ്റാറ്റുകര | 50,000 |
| 6 | കോട്ടുവള്ളി | 50,000 |
| 7 | പാലക്കുഴ | 1,42,840 |
| 8 | ഇലഞ്ഞി | 69,350 |
| | തിരുമാറാടി | 2,28,500 |

വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുന്നതിനൊപ്പം, കഴിഞ്ഞ മൂന്നു വർഷങ്ങളിൽ പാലിന് ഇൻസെന്റീവ് ഇനത്തിൽ നൽകിയ തുക, പാലളവ് സ്റ്റേറ്റ്മെന്റുകളും, ആനുകൂല്യം 55 ഗ്രാമ പഞ്ചായത്തുകൾക്കു മാത്രമായി

ചുരുക്കിയതിന്റെ കാരണം വ്യക്തമാക്കുവാനുമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 11/21.11.22) നൽകി. അതത് ഗ്രാമ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ക്ഷീരസഹകരണസംഘങ്ങളിലെ വാർഷിക പാൽ സംഭരണം കണക്കിലെടുത്ത് സംഭരിക്കുന്ന പാലിന് അനുവദനീയമായ ഇൻസെന്റീവ് തുക എത്രയെന്ന് മനസ്സിലാക്കി, ബന്ധപ്പെട്ട ഗ്രാമ ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ കൂടാതെ അധിക തുക ആവശ്യമായി വരുന്ന ഗ്രാമ പഞ്ചായത്തുകളെ മാത്രമാണ് ക്ഷീരമിത്രം പദ്ധതിക്കായി തെരഞ്ഞെടുത്തത് എന്ന് മറുപടി ലഭ്യമാക്കി.

മേൽ 9 ഗ്രാമ പഞ്ചായത്തുകളുടെ ധനവിനിയോഗസാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

## 1-45 ആലുവ ജില്ലാ ആശുപത്രിയിൽ ഓക്സിജൻ ജനറേറ്റർ പ്ലാന്റ് ഷെൽട്ടറിന് ഇലക്ട്രിഫിക്കേഷൻ -അളവുകളിൽ കൃത്യതയില്ല.

പ്രൊജക്ട് നം : 960/22

ചെലവഴിച്ച തുക : 6,44,965 രൂപ.

ബിൽ നം : 147/2.12.2021

കരാറുകാരന്റെ പേര്: കിട്ടു ഇലക്ട്രിക്കൽസ്,

ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയിൽ താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെടെയുള്ളവക്കാണ് തുക നൽകിയിരിക്കുന്നത്.

| എസ്റ്റിമേറ്റ് ക്രമ നം. | ഇനം | അളവ് | മൂല്യം | അളവ് പുസ്തകം നം. |
|---|---|---|---|---|
| 50 | Fabrication,supply,conveyance,installation,testing And Commissioning Of Floor Or Wall Mounting,dust And Vermin Proof Cubicle Type MV Panel Board.(90.14.1.2) | 9M2 | 23,400 രൂപ | 472/20-21 പേജ് 3 |
| 69 | Fabrication,supply,conveyance,installation,testing And Commissioning Of Floor Or Wall Mounting,dust And Vermin Proof Cubicle Type MV Panel Board.(90.14.1.1) | 7 M2 | 18,200,രൂപ | 472/202-21പേജ് 11 |

അളവ് പുസ്തകങ്ങളിലെ രേഖപ്പെടുത്തൽ പ്രകാരം മുകളിൽ പറഞ്ഞ അളവുകളിലുള്ള ഓരോ പാനൽബോർഡുകൾ വീതം നിർമ്മിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ പല വലിപ്പത്തിലുള്ള ഒന്നിലധികം പാനലുകൾ ശ്രദ്ധയിൽ പെട്ടു. ആയതിനാൽ തന്നെ ഇവയുടെ ആകെ തുക അളവു പുസ്തകങ്ങളിൽ ഒന്നായി രേഖപ്പെടുത്തിയിരിക്കുന്ന അളവുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് മനസ്സിലാക്കുന്നതിന് സാധിക്കുന്നില്ല. ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(44/2.3.2023)മറുപടിയായി സീരിയൽ നം.50ആയി രേഖപ്പെടുത്തിയ എം.വി പാനൽ ഓക്സിജൻ പ്ലാന്റിനകത്തും സീരിയൽ നം.69ആയി രേഖപ്പെടുത്തിയിരിക്കുന്ന പാനൽ പ്ലാന്റിനായി സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമറിന് സമീപത്തുമാണ് സ്ഥാപിച്ചിരിക്കുന്നതെന്നും അറിയിക്കുകയുണ്ടായി.എന്നാൽ ഓക്സിജൻ പ്ലാന്റിന്റെ ഉള്ളിൽ ചെറുതും വലുതുമായി നിർമ്മിച്ചിരിക്കുന്ന ഒന്നിലധികം പാനൽ ബോർഡുകൾ ഉണ്ടെങ്കിലും അവയുടെ അളവുകൾ അളവ് പുസ്തകത്തിൽ പ്രത്യേകമായി രേഖപ്പെടുത്തിക്കാണുന്നില്ല.ആയതിനാൽതന്നെ ഇവയുടെ ആകെ അളവാണോ 9M2എന്ന് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമല്ല.ഇവ ഓരോന്നിന്റെയും അളവുകൾ പ്രത്യേകമായി രേഖപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-46 നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

പ്രൊജക്ട് നം. 1342/22 – ഒക്കൽ സ്റ്റേറ്റ് സീഡ് ഫാമിൽ പ്രവേശന കവാടം ഗേറ്റ്/ഗ്ലാസ്സിട്ട സെയിൽസ് കൗണ്ടർ എന്നിവയുടെ നിർമ്മാണം – (നിർവഹണം – അസി.എക്സി.എഞ്ചിനീയർ ,കൃഷി)

പ്രസ്തുത പദ്ധതിക്കായി ബിൽ നം.1114/15.03.2022 പ്രകാരം 11,49,609 രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(എ). 12.03.2021 ൽ കരാറുകാരൻ, പാർട്ട് പെയ്മെന്റ് നൽകണം എന്ന് സൂചിപ്പിച്ച് നൽകിയ കത്തിൽ 70 ശതമാനം

വേലയും പൂർത്തീകരിച്ചതായി സമ്മതിച്ചിട്ടുണ്ട്. 24.09.2021 ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരുമാനം 2(13) പ്രകാരം അസി.എക്സി.എഞ്ചിനീയർ (കൃഷി) തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചതായി കാണുന്നു. 13 ാം പഞ്ചവത്സര പദ്ധതിയിലെ 18-19 മുതൽ 21-22 വരെയുള്ള വർഷങ്ങൾക്ക് ബാധകമായ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം (സ.ഉ {കൈ} നം.11/2018/ത.സ്വ.ഭ.വ/29.01.2018, ഖ - 3.8.2.9{vi}) നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിന് ശേഷം സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ മേൽ പദ്ധതിക്ക് പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

(ബി). മേൽ പദ്ധതിക്കായി രണ്ട് ടെണ്ടറുകളാണ് ലഭിച്ചത്. ആറ്റുപുറം കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനം 13,78,932.68 രൂപയുടെയും പി.ജി.എസ്. ഗ്രൂപ്പ് ട്രേഡിംഗ് ആൻഡ് കോൺട്രാക്ടിംഗ് എന്ന സ്ഥാപനം 14,19,618.81 രൂപയുടെയും ടെണ്ടർ സമർപ്പിച്ചു. കുറവ് തുകയ്ക്കുള്ള ടെണ്ടർ സമർപ്പിച്ച ആറ്റുപുറം കൺസ്ട്രക്ഷൻസിന്റെ ടെണ്ടർ അംഗീകരിച്ചു. രണ്ട് തുകകളും തമ്മിലുള്ള വ്യത്യാസം 40,686.13 രൂപയാണ്. ഐറ്റം നം. 15 Design Work In Cement Plaster Of Mix:1.3 (1 Cement:3 Fine Salt) എന്ന വേലയായിരുന്നു. ആയതിന്റെ എസ്റ്റിമേറ്റ് റേറ്റ് 4595.88/sqm, ഏരിയ 11.040 Sqm എന്നിങ്ങനെ ആയിരുന്നു. മേൽ ഐറ്റത്തിന് ആറ്റുപുറം കൺസ്ട്രക്ഷൻസ്, പി.ജി.എസ്. ഗ്രൂപ്പ് ട്രേഡിംഗ് ആൻഡ് കോൺട്രാക്ടിംഗ് എന്നീ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത തുക യഥാക്രമം 400, 4245.78 എന്നിങ്ങനെയാണ്. എസ്റ്റിമേറ്റ് റേറ്റിൽ നിന്ന് 91.3 % കുറവ് ആറ്റുപുറം കൺസ്ട്രക്ഷൻസ് ക്വാട്ട് ചെയ്ത റേറ്റിൽ കാണുന്നു. 58 ഐറ്റങ്ങളുള്ള പ്രസ്തുത പ്രൊജക്ടിലെ ആറ്റുപുറം കൺസ്ട്രക്ഷൻസിന്റെ ശരാശി ടെണ്ടർ കുറവ് 10.11 ശതമാനം മാത്രമാണ്. മേൽ റേറ്റ് വ്യത്യാസം കാരണം മേൽ ഐറ്റത്തിൽ ആറ്റുപുറം കൺസ്ട്രക്ഷൻസിന് 42,457.41 രൂപയുടെ നേട്ടം ലഭിച്ചു. (11.040*4245.78-11.040*400). പ്രസ്തുത വ്യത്യാസമാണ് ടെണ്ടർ ലഭിക്കാനുള്ള ഒരു കാരണമായി കാണാവുന്നത്. എന്നാൽ മേൽ ഐറ്റം പിന്നീട് ചെയ്തില്ല എന്നും കാണുന്നു.മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

(സി). പുതുക്കിയ എസ്റ്റിമേറ്റിൽ ബഹുഭൂരിപക്ഷം ഐറ്റങ്ങളിലും വ്യത്യാസം വരുത്തിയതായി കാണുന്നു. ചില ഐറ്റങ്ങളിൽ വ്യാപകമായ വ്യത്യാസം വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എസ്റ്റിമേറ്റിലെ ഏരിയ | പുതുക്കിയ എസ്റ്റിമേറ്റിലെ ഏരിയ |
|---|---|---|---|
| 1 | Earth Work In Excavation. (2.8.1) | 10.84 Cum | 30.473 Cum |
| 2 | Dry Rubble Masonry. (60.7.1) | 5.26 Cum | 17.888 Cum |
| 3 | Random Rubble Masonry. (7.1.1) | 1.8 Cum | 9.915 Cum |
| 4 | Structural Steel Work In Single Section. (10.1) | 24.86 Kg | 201.15 Kg |
| 5 | 12mm Cement Plaster Of | 34.52 Sqm | 77.261 Sqm |

| | | | |
|---|---|---|---|
| | Mix. (13.1.1) | | |
| 6 | Appling One Coat Of Water Thinnable Cement Primer. | 32.92sqm | 85.944 Sqm |
| 7 | Finishing Walls With Water Proofing Cement Paint. (13.44.1) | 32.92sqm | 85.92 Sqm |
| 8 | Steel Work In Built Up GI Tubular Round. (Observed Data) | 165.44 Kg | 263.567 Kg |
| 9 | Supplying And Providing 4mm Thick ACP For Name Board. (Observed Data) | 2.88 Sqm | 26.647 Sqm |
| 10 | Providing And Fixing Stainless Steel Half Balls With Screws. (Observed Data) | 44 Each | 72 Each |
| 11 | Steel Work For Purlin. (Observed Data) | 241.72 Kg | 341.012 Kg |

ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റ് കൃത്യമായ ധാരണയോടു കൂടിയതായിരുന്നില്ല എന്നതിന്റെ തെളിവാണ് മേൽ രീതിയിൽ മാറ്റങ്ങളോട് തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ്. മാത്രമല്ല മേൽ വേലകളെല്ലാം പൂർത്തിയായതിന് ശേഷമാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് അളവ് പുസ്തകം 370 ൽ നിന്ന് വ്യക്തമാണ്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്

(ഡി). മേൽ പട്ടികയിലെ 11 ാം ഇനമായ Steel Work For Purlin. (Observed Data), അളവ് പുസ്തകം നം. 370 പേജ് 83 പ്രകാരം പാർട്ട് പെയ്മെന്റ് നൽകിയ 2021- മാർച്ചിൽ തന്നെ 376.908 Kg ഉപയോഗിച്ചതായി കാണുന്നു. എന്നാൽ അതിന് ശേഷം തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിൽ ആയത് 341.012 Kg ആയി നിജപ്പെടുത്തിയതായി കാണുന്നു. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് ( നം.34/21.02.2023) നാളിത് വരെ മറുപടി നൽകിയില്ല.

1-47 ഡെപ്പോസിറ്റ് വേലകൾ - കരാർ ഉടമ്പടി പാലിക്കുന്നില്ല.

എറണാകുളം ജില്ലാ പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നീ നിർവഹണ ഏജൻസികൾക്ക് വിവിധ പദ്ധതികൾക്ക് വേണ്ടി വൻതുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 2021-22 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി ആയതിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | പ്രൊജക്റ്റ് നം. | നൽകിയ തുക | എഗ്രിമെന്റ് തിയതി | തുക നല്കിയതിന്റെ ഉത്തരവ് നം. | ഫണ്ട് |
|---|---|---|---|---|---|---|
| 1 | മുതുകല്ല് ലക്ഷം വീട് എസ്.സി കോളനി കുടിവെള്ള പദ്ധതി | 914/22 | 44,39,700 | 27.12.2021 | ഡി.പി.6-593/2021 /29.12.2021 | ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് |
| 2 | കുടിവെള്ള പൈപ്പ് ലൈൻ പുനരുദ്ധരിക്കൽ, മുളവ് കാട് ഗ്രാ.പ | 625/22 | 20,00,000 | 18.03.2022 | ഡി.പി.6-22/2022 /19.03.2022 | ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് |
| 3 | ശിവജിപുരം-കിടങ്ങൂർ റോഡ് കുടിവെള്ള കണക്ഷൻ | 1504/22 | 20,00,000 | 23.03.2022 | ഡി.പി.6-791/22 /25.03.2022 | ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് |
| 4 | കോട്ടയിൽ കോവിലകം കുടിവെള്ള പദ്ധതി | 1502/22 | 30,00,000 | 17.03.2022 | ഡി.പി.6-692/22 /18.03.2022 | ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് |
| 5 | പാലപ്പുഴ ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം | 1415/22 | 10,00,000 | 25.03.2022 | ഡി.പി.6-2603/2021 /25.03.22 | പ്ലാൻ ഫണ്ട്, ജനറൽ |
| 6 | പാറക്കടവ് ശുദ്ധജല പദ്ധതി (മാമ്പ്ര) | 1495/22 | 10,00,000 | 24.03.2022 | ഡി.പി.6-811/2022 /25.03.2022 | ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് |
| 7 | കൈപ്പത്തൂർ വെടിമറ റോഡിൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 1416/22 | 20,00,000 | 26.02.2022 | ഡി.പി.6-9/22 /04.03.2022 | ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് |
| 8 | കാലാനിമറ്റത്ത് നിന്ന് കറുമല | 1531/22 | 11,92,000 | 25.03.2022 | ഡി.പി.6-820/22 /25.03.2022 | പ്ലാൻ ഫണ്ട്, |

| | | | | | | |
|---|---|---|---|---|---|---|
| | ടാങ്കിലേക്ക് ജി.ഐ.പൈപ്പ് ലൈൻ സ്ഥാപിക്കൽ | | | | | ജനറൽ |
| 9 | വളഞ്ഞമ്പലം വടക്കേടത്ത് പറമ്പ് കനാൽ റോഡ് - കുടിവെള്ള പൈപ്പിടൽ | 916/22 | 1,40,000 | 14.03.2022 | ഡി.പി.6-2324/21 /15.03.2022 | ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് |
| 10 | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ - വരാപ്പുഴ ഗ്രാമ പഞ്ചായത്ത് | 621/22 | 8,47,000 | 16.03.2022 | ഡി.പി.6-26/22 /18.03.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 11 | ആമത്തറ കുടിവെള്ള പദ്ധതി - കറുകുറ്റി | 1417/22 | 10,00,000 | 07.03.2022 | ഡി.പി.6-23/22 /08.03.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 12 | കരുമാല്ലൂർ പഞ്ചായത്തിലെ കട്ടൂപ്പാടം ജംഗ്ഷൻ മുതൽ ചെറിയത്ത് ജംഗ്ഷൻ | 1532/22 | 25,00,000 | 25.03.2022 | ഡി.പി.6-819/22 /25.03.2022 | പ്ളാൻ ഫണ്ട്, ജനറൽ |
| 13 | തോണ്ടൽ പാലത്തിന് മുകളിലുള്ള കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 1493/22 | 1,62,000 | 19.03.2022 | ഡി.പി.6-329/22 /21.03.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 14 | കൈപ്പെട്ടി റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ | 1375/22 | 2,49,000 | 25.03.2022 | ഡി.പി.6-235/22 /25.03.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 15 | മാല്യങ്കര കയർ സംഘം റോഡിൽ കലുങ്കിന്റെ മുകളിലൂടെ പോകുന്ന പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 1413/22 | 2,00,000 | 07.03.2022 | ഡി.പി.6-2574/21 /08.03.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 16 | ഏറുപുറം പനഞ്ചാൽ വട്ടമറ്റം പുന്നേക്കാട് പൈപ്പ് ലൈൻ നീട്ടൽ- | 1501/22 | 20,00,000 | 22.03.2022 | ഡി.പി.6-731/22 /23.03.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ |

| | | | | | | |
|---|---|---|---|---|---|---|
| | കീരംപാറ | | | | | ഗ്രാന്റ് |
| 17 | പാറത്താഴം കോളനി പൈപ്പ് ലൈൻ നീട്ടൽ - ആയവന | 1923/21 | 18,67,900 | 27.12.2021 | ഡി.പി.6-624/21 /29.12.2021 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 18 | ഒലിയപ്പുറം നോർത്ത് വാട്ടർ സപ്പ്ളൈ സ്കീം- തിരുമാറാടി | 1977/21 | 31,40,000 | 19.03.2021 | ഡി.പി.6-769/21 /29.03.2021 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| | | 643/22 | 20,00,000 | 25.03.2022 | ഡി.പി.6-769/21 /25.03.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 19 | ആവോലി ഗ്രാമപഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 1528/22 | 11,80,000 | 23.03.2022 | ഡി.പി.6-789/22 /24.03.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 20 | ആമ്പല്ലൂർ കുടിവെള്ള പദ്ധതി - ആമ്പല്ലൂർ ഗ്രാ.പ | 1526/22 | 5,00,000 | 30.03.2022 | ഡി.പി.6-839/22 /30.03.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 21 | വട്ടത്തറ കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ - കുമ്പളങ്ങി | 903/22 | 4,70,000 | 17.02.2022 | ഡി.പി.6-2326/21 /18.02.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 22 | നേൽപുരപ്പറമ്പ് റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ - കരുമാല്ലൂർ ഗ്രാ.പ | 1374/22 | 2,80,000 | 25.03.2022 | ഡി.പി.6-2325/21 /25.03.2022 | ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് |
| 23 | തോപ്പ് റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ - കരുമാല്ലൂർ ഗ്രാ.പ | 1376/22 | 1,40,000 | 25.03.2022 | ഡി.പി.6-236/22 /25.03.2022 | ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് |
| 24 | മാനാന്തടം എസ്.സി കോളനി പെരുന്താറമുഗൾ കുടിവെള്ള പദ്ധതി - തിരുവാണിയൂർ | 1389/22 | 20,00,000 | 26.03.2022 | ഡി.പി.6-24/22 /26.03.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |

| | | | | | | |
|---|---|---|---|---|---|---|
| 25 | ആവുണ്ട എൽ.പി.എസ് കല്ലുവെട്ടിക്കുഴി താഴം റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ - വാളകം ഗ്രാ.പ | 1505/22 | 3,60,000 | 23.03.2022 | ഡി.പി.6-790/22 /25.03.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 26 | കടാതി റാക്കാട് മേക്കടമ്പ് എൽ.പി.എസ് കരവട്ടെവാളകം റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ -വാളകം ഗ്രാ.പ | 1506/22 | 2,50,000 | 25.03.2022 | ഡി.പി.6-815/22 /25.03.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 27 | ഡോക്ടർ ക്വാർട്ടേഴ്സ് സ്റ്റേഡിയം റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ - വാളകം ഗ്രാ.പ | 1507/22 | 1,40,000 | 25.03.2022 | ഡി.പി.6-816/22 /25.03.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 28 | എടക്കാട്ടു പടി പേരിയിൽ റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ - വാളകം ഗ്രാ.പ | 1508/22 | 2,50,000 | 25.03.2022 | ഡി.പി.6-813/22 /25.03.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 29 | പാണാട്ട് പടി തോട്ട പാടം റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ - വാളകം ഗ്രാ.പ | 1509/22 | 2,00,000 | 25.03.2022 | ഡി.പി.6-814/22 /25.03.2022 | ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 30 | ക്ലാച്ചേരി ട്രൈബൽ ഷെൽട്ടർ -വൈദ്യുതി എത്തിക്കൽ- കട്ടമ്പുഴ | 561/22 | 6,94,460 | 25.03.2022 | ഡി.പി.6-1729/22 /25.03.2022 | ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് |

ആകെ, കേരള വാട്ടർ അതോറിറ്റിക്ക് നൽകിയത് – 3,43,67,600 (ആകെ 30 പദ്ധതികൾ. ഒരു പദ്ധതിക്ക് [പ്രൊ.നം 913/22, എത്തിലിതെറ്റ എസ്.സി.കോളനി കുടിവെള്ള പൈപ്പ് ലൈൻ പദ്ധതി – 10,00,000 രൂപ] വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.)

ആകെ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നൽകിയത് – 6,94,460 (ഒരു പദ്ധതി)

(1). തുക ലഭിച്ചതിന് കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങൾ രസീത് നൽകിയിട്ടില്ല. ( കരാർ ഉടമ്പടിയിലെ ഖണ്ഡിക-2 )

(2). പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് ഹാജരാക്കിയില്ല. ( കരാർ ഉടമ്പടിയിലെ ഖണ്ഡിക-7 )

(3). കരാർ തിയതി മുതൽ 6 മാസത്തിനകം പദ്ധതി പൂർത്തീകരിച്ച് പെർഫോർമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയില്ല. ( കരാർ ഉടമ്പടിയിലെ ഖണ്ഡിക-5 )

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് (നം.43/28.02.2023) നാളിത് വരെ മറുപടി നൽകിയില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരം മേൽ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കി ആയത് പ്രാദേശിക പരിശോധന നടത്തി ബോദ്ധ്യപ്പെട്ട് തെളിവ് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-48 പദ്ധതി നടപ്പായില്ല-നിർവഹണ ഏജൻസിയിൽ നിന്ന് തുക തിരികെ ഈടാക്കേണ്ടതാണ്.

1. ജൈവ മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിച്ച് വഴി വിളക്കുകൾ തെളിയിക്കുന്നതിന്, 2007-08 വർഷം പ്രോജക്ട് നം 36/2008 പ്രകാരം 1,19,10,000 രൂപ നിർവ്വഹണ ഏജൻസിയായ ബയോടെക് തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇതിൽ 80,14,857 രൂപയുടെ ചെലവ് വിവരം സ്ഥാപനം നല്കിയതായും ബാക്കി തുക സ്ഥാപനത്തിന്റെ കൈയിൽ ഉള്ളതായും 20-5-21 ലെ ക്ഷേമകാര്യ സമിതി സ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനം 3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. 29-4-21 ലെ 1(15) നം തീരുമാനപ്രകാരം ഏജൻസിക്ക് നൽകിയ 1,19,10,000 രൂപയിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ 6,00,000/- രൂപ ചെലവഴിച്ച് നടത്തിയ പ്ലാന്റ് നിർമ്മാണം മാത്രമേ ഇതിൽ ഫലപ്രദമായിട്ടുള്ളുവെന്നും ഇതുകഴിച്ചുള്ള 1,13,10,000 രൂപ പലിശ സഹിതം ബയോടെക് എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കണമെന്നും തീരുമാനമെടുത്തിരുന്നു. 15-7-21 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നം. 18 ൽ സ്ഥാപനം ചെക്ക് നമ്പർ 135248/16-6-21ലെ പ്രകാരം 38,95,143 രൂപ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. തിരികെ ലഭിച്ച തുക ചെലവഴിക്കാൻ അനുമതി ചോദിച്ചുകൊണ്ട് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് 11-8-21 ൽ ഡിപി 5-1056/2008 നമ്പർ കത്ത് നല്കിയിട്ടുണ്ട് . ചെലവാക്കിയ തുകയിൽ 6,00,000 രൂപ മാത്രമാണ് ഫലപ്രദമായിട്ടുള്ളൂ എന്ന് ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ട സ്ഥിതിക്ക് ബാക്കി തുക ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഖരമാലിന്യനിർമ്മാർജ്ജനം വഴി വൈദ്യുതി ദീപം തെളിയിക്കൽ എന്ന സംയുക്ത പദ്ധതി 36/08 നടപ്പാക്കിയത് 2007-08 ലാണ്. 17 ഗ്രാമപഞ്ചായത്തിലും അങ്കമാലി മുതൽ വളർത്തൽ കേന്ദ്രത്തിലും നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതിയിൽ യൂണിറ്റ് ഒന്നിന് 10.30 ലക്ഷം രൂപയാണ് ചെലവ് വന്നത്. ഇതിൽ 3.10 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും, 1.2ലക്ഷം രൂപ കേന്ദ്രസർക്കാർ വിഹിതവുമായിരുന്നു. പൂതൃക്ക, ഐക്കരനാട്, തിരുവാണിയൂർ, എടത്തല, കോട്ടപ്പടി, മുളവുകാട് ഗ്രാമപഞ്ചായത്തുകൾ വിഹിതം അടച്ചുവെങ്കിലും പ്രവർത്തി നടന്നിട്ടില്ല. ബയോടെക്കിന് നൽകിയ തുകയിൽ ഈ തുകയും ഉൾപ്പെടുന്നു. പൂതൃക്ക ഗ്രാമപഞ്ചായത്ത് അടവാക്കിയ 3,10,000 രൂപ തിരികെ ചോദിച്ചുകൊണ്ട് 19-09-19 ൽ A4-5398/17 നമ്പറായി ജില്ലാ പഞ്ചായത്തിന് കത്തും നൽകിയിട്ടുണ്ട്. ബയോടെക്കിൽ നിന്ന് തിരികെ ലഭിച്ച തുകയിൽ ഗ്രാമപഞ്ചായത്തുകൾക്ക് നല്കാനുള്ള തുക ജില്ലാ പഞ്ചായത്തിന്റെ ബാധ്യതയാണ്. ഈ തുക തിരികെ നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-49 ക്ഷീരവർദ്ധിനി - പദ്ധതി ലക്ഷ്യം നേടുന്നില്ല.

ക്ഷീരവർദ്ധിനി 2- പശുക്കൾ, തൊഴുത്ത്-പാക്കേജ് പദ്ധതി (പ്രൊജക്ട് നം. 1112/22)

രണ്ട് പശുക്കൾക്ക് 60,000 രൂപ വീതം, തൊഴുത്ത് നിർമ്മാണത്തിന് 50,000 രൂപയും ഉൾപ്പെടെ 1,70,000 രൂപയിൽ 50% ഗുണഭോക്തൃ വിഹിതവും 50 % ജില്ലാ പഞ്ചായത്ത് ധനസഹായവും എന്നതാണ് പ്രൊജക്ട്. 2020-21 വർഷം 10,20,000 രൂപയും 2021-22 വർഷം 85,000 രൂപയും ധനസഹായമായി ഗുണഭോക്താക്കൾക്ക് നൽകി. പശുവിന്റെ ധനസഹായം പശുവിനെ നൽകിയ വ്യക്തിക്കും തൊഴുത്തിന്റെ ധനസഹായം ഗുണഭോക്താവിനുമാണ് നൽകിയത്. ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) നിർവഹണം നടത്തിയ പ്രസ്തുത പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ). ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. മേൽ പദ്ധതിയിൽ മണീട്, വരാപ്പുഴ, ചോറ്റാനിക്കര, കാലടി, പാറക്കടവ് എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്കാണ് ധനസഹായം അനുവദിച്ചത്. മേൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതികളുടെ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയില്ല.

2. മേൽ പദ്ധതിയിൽ കുറഞ്ഞ കുടുംബ വരുമാനം, വിധവകൾ നയിക്കുന്ന കുടുംബം, മുൻ വർഷങ്ങളിൽ ആനുകൂല്യം

ലഭിക്കാത്തവർ, പുല്ല് കൃഷിക്കുള്ള സൗകര്യം, പശുപരിപാലനത്തിൽ പരിശീലനം എന്നിവയായിരുന്നു മാനദണ്ഡങ്ങൾ. ഇതനുസരിച്ച് ഓരോ ഗുണഭോക്താവിനും ലഭിച്ച മാർക്ക് തെളിയിക്കുന്ന രേഖകൾ, മൃഗസംരംക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പിന്റെ മേൽ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല.

3. പൗലോസ് പി,വി, പാലേലി വീട് എന്ന ഗുണഭോക്താവിന്റെ ഫയലിൽ മേൽ പദ്ധതി പ്രകാരം ലഭ്യമാക്കിയ പശുവിന്റെ ടാഗ് നമ്പരായി കാണുന്നത് 420040/694420, 420053/744988 എന്നതാണ്. എന്നാൽ പൂപ്പത്തി വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റിൽ 420054/359186, 420054/359131 എന്ന ടാഗ് നമ്പരാണ് കാണുന്നത്.

(ബി). പ്രാദേശിക പരിശോധയിൽ കണ്ടെത്തിയ അപാകതകൾ

1. പി.വി.ആന്റണി, പട്ടത്തി, കൈപ്പട്ടൂർ, കാലടി എന്ന ഗുണഭോക്താവിന് മേൽ പദ്ധതി പ്രകാരം നൽകിയ പശുക്കളുടെ ടാഗ് നം 420040-836842, 420041-239058 എന്നിവയാണെന്ന് ഫയലിൽ കാണുന്നു. എന്നാൽ ടി ഗുണഭോക്താവിന് ഒരു പശു മാത്രമാണ് ഉള്ളതെന്നും ആയതിന്റെ ടാഗ് നമ്പർ 420043-466318 ആണെന്നും പ്രാദേശിക പരിശോധനയിൽ വ്യക്തമായി.

2. പി.വി.പൗലോസ്, പള്ളാശ്ശേരി, പൊതിയക്കര, കാലടി എന്ന ഗുണഭോക്താവിന് മേൽ പദ്ധതി പ്രകാരം നൽകിയ പശുക്കളുടെ ടാഗ് നം 420053-745377, 420053-749223 എന്നിവയാണെന്ന് ഫയലിൽ കാണുന്നു. ടി ഗുണഭോക്താവിന് മൂന്ന് പശുക്കൾ ഉണ്ടെന്നും ആയതിന്റെ ടാഗ് നമ്പരുകൾ യഥാക്രമം 420040-733072, 420053-978851, 170245-700056 ആണെന്നും പ്രാദേശിക പരിശോധനയിൽ വ്യക്തമായി.

3. ഷൈജ്ജ കെ.പി, കൊല്ലംകുടി വീട്, മാണിക്യമംഗലം, കാലടി എന്ന ഗുണഭോക്താവിന് മേൽ പദ്ധതി പ്രകാരം നൽകിയ പശുക്കളുടെ ടാഗ് നം 420040-831264, 170258-838915 എന്നിവയാണെന്ന് ഫയലിൽ കാണുന്നു. ടി ഗുണഭോക്താവിന് മൂന്ന് പശുക്കൾ ഉണ്ടെന്നും ആയതിൽ രണ്ട് പശുക്കളുടെ ടാഗ് നമ്പരുകൾ യഥാക്രമം 420054-563991, 420041-444412, ആണെന്നും ഒരു പശുവിന് ടാഗ് നമ്പർ ഇല്ലെന്നും പ്രാദേശിക പരിശോധനയിൽ വ്യക്തമായി.

4. പൗലോസ് കെ.എം, കോലഞ്ചേരി, മാണിക്യമംഗലം, കാലടി എന്ന ഗുണഭോക്താവിന് മേൽ പദ്ധതി പ്രകാരം നൽകിയ പശുക്കളുടെ ടാഗ് നം 420054-109800, 420053-744705 എന്നിവയാണെന്ന് ഫയലിൽ കാണുന്നു. ടി ഗുണഭോക്താവിന് രണ്ട് പശുക്കൾ ഉണ്ടെന്നും ആയതിൽ ഒരെണ്ണത്തിന്റെ ടാഗ് നമ്പർ 420053-881594 ആണെന്നും ഒരു പശുവിന് ടാഗ് നമ്പർ ഇല്ലെന്നും പ്രാദേശിക പരിശോധനയിൽ വ്യക്തമായി.

5. ശങ്കരൻ നമ്പൂതിരി, പട്ടം തുരുത്തി മന, ചെട്ടിക്കുളം, പാറക്കടവ് എന്ന ഗുണഭോക്താവിന് മേൽ പദ്ധതി പ്രകാരം നൽകിയ പശുക്കളുടെ ടാഗ് നം 420053-743553, 420041-225461 എന്നിവയാണെന്ന് ഫയലിൽ കാണുന്നു. ടി ഗുണഭോക്താവിന്റെ കൈവശം ആദ്യ ടാഗ് നമ്പർ ഉള്ള പശു ഉണ്ടെങ്കിലും രണ്ടാമത്തെ ടാഗ് നമ്പർ ഉള്ള പശു ഉണ്ടായിരുന്നില്ല.

6. ജനാർദ്ദനൻ, വരാപ്പുഴ വീട്, എളവൂർ, പാറക്കടവ് എന്ന ഗുണഭോക്താവിന് മേൽ പദ്ധതി പ്രകാരം നൽകിയ പശുക്കളുടെ ടാഗ് നം ADCP-3376327, ADCP-3376322 എന്നിവയാണെന്ന് ഫയലിൽ കാണുന്നു. ടി ഗുണഭോക്താവിന്റെ കൈവശം ആദ്യ ടാഗ് നമ്പർ ഉള്ള പശു ഉണ്ടെങ്കിലും രണ്ടാമത്തെ ടാഗ് നമ്പർ ഉള്ള പശു ഉണ്ടായിരുന്നില്ല.

7. ജോസൺ, കാച്ചപ്പിള്ളി, പുവ്വത്തുശ്ശേരി, പാറക്കടവ് എന്ന ഗുണഭോക്താവിന് മേൽ പദ്ധതി പ്രകാരം നൽകിയ പശുക്കളുടെ ടാഗ് നം 420054-184604, 420054-184615 എന്നിവയാണെന്ന് ഫയലിൽ കാണുന്നു. ടി ഗുണഭോക്താവിന്റെ കൈവശം ആദ്യ ടാഗ് നമ്പർ ഉള്ള പശു ഉണ്ടെങ്കിലും രണ്ടാമത്തെ ടാഗ് നമ്പർ ഉള്ള പശു ഉണ്ടായിരുന്നില്ല.

8. അനൂപ് ടി.ആർ, തെക്കേടത്ത്, ഏഴക്കരനാട്, മണീട് എന്ന ഗുണഭോക്താവിന് മേൽ പദ്ധതി പ്രകാരം നൽകിയ പശുക്കളുടെ ടാഗ് നം 420053-516800, 420053-516970 എന്നിവയാണെന്ന് ഫയലിൽ കാണുന്നു. ടി ഗുണഭോക്താവിന്റെ കൈവശം രണ്ട് പശുക്കൾ ഉണ്ടെങ്കിലും ആയതിന് ടാഗ് നമ്പരുകൾ ഉണ്ടായിരുന്നില്ല.

9. ജോബി കെ ഏലിയാസ്, കുന്നത്ത് മറ്റത്തിൽ, മണീട് എന്ന ഗുണഭോക്താവിന് മേൽ പദ്ധതി പ്രകാരം നൽകിയ പശുക്കളുടെ ടാഗ് നം 420053-509931, 420024-164704 എന്നിവയാണെന്ന് ഫയലിൽ കാണുന്നു. ടി ഗുണഭോക്താവിന്റെ കൈവശം ആദ്യ ടാഗ് നമ്പർ ഉള്ള പശു ഉണ്ടെങ്കിലും രണ്ടാമത്തെ ടാഗ് നമ്പർ ഉള്ള പശു ഉണ്ടായിരുന്നില്ല.

10. ജോഫിൻ ജോഷി, ചില്ലിക്കുട്ടത്തിൽ വീട്, മുട്ടിനകം, വരാപ്പുഴ എന്ന ഗുണഭോക്താവിന്റെ പശുക്കളുടെ ടാഗ് നമ്പരുകളുടെ വിവരം ഹാജരാക്കിയ ഫയലിൽ ഉണ്ടായിരുന്നില്ല.

പശുക്കളെ മൂന്ന് വർഷത്തിനുള്ളിൽ വിൽക്കുന്നതല്ല എന്ന് എഗ്രിമെന്റിൽ എല്ലാ ഗുണഭോക്താക്കളും സമ്മതിച്ചിട്ടുള്ളതാണ്. ഭൂരിഭാഗം ഗുണഭോക്താക്കളും ജില്ലാ പഞ്ചായത്ത് ധനസഹായം ഉപയോഗിച്ച് വാങ്ങിയ പശുക്കളെ നിർവഹണ ഉദ്യോഗസ്ഥൻ അറിയാതെ വിറ്റതായ് മുകളിലെ അപാകതകളിൽ നിന്നും വ്യക്തമാകുന്നു. എന്നിട്ടും പദ്ധതി നടപ്പാക്കി ഒരു വർഷമാകുന്നതിന് മുൻപാണ് പ്രാദേശിക പരിശോധന നടത്തിയത്. ചില ഗുണഭോക്താക്കൾ വിറ്റ പശുവിന് പകരം പുതിയ പശുക്കളെ വാങ്ങിച്ചപ്പോൾ ചില ഗുണഭോക്താക്കൾ അങ്ങനെ ചെയ്തിട്ടില്ല. പശുക്കളെ എല്ലാം വിറ്റ് കറവ തന്നെ അവസാനിപ്പിച്ച ഗുണഭോക്താവുമുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ വെറ്ററിനറി ഉദ്യോഗസ്ഥർക്ക് പ്രസ്തുത പ്രൊജക്ടിൽ യാതൊരു പങ്കും ഇല്ലായിരുന്നു. പല വെറ്ററിനറി ഉദ്യോഗസ്ഥർക്കും ഗുണഭോക്താക്കളെ തിരിച്ചറിയാൻ പോലും പ്രയാസം നേരിട്ടു. പല പശുക്കൾക്കും ടാഗ് ഇല്ലായിരുന്നു എന്ന വിവരവും മൃഗ സംരക്ഷണ വകുപ്പ് ശ്രദ്ധിക്കേണ്ട വിഷയമാണ്. മേൽ അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.9/19.11.2022, 19/17.12.2022) മറുപടി നൽകിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-50 ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) നിർവഹണം നടത്തിയ വിവിധ പദ്ധതികളുടെ രേഖകൾ ഹാജരാക്കിയില്ല.

(1). പ്രൊജക്ട് നം. 135/22 – മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

പ്രസ്തുത പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

2021-22 വർഷം ലഭ്യമാക്കിയ മരുന്നുകളുടെ മാത്രം സ്റ്റോക്ക് രജിസ്റ്ററാണ് ഹാജരാക്കിയത്. ആയതിലെ പേജ് നം.13, 63, 105 എന്നിവയിൽ വ്യത്യാസം കണ്ടു. കൂടുതൽ പരിശോധനക്കായി മുൻ വർഷങ്ങളിലെ സ്റ്റോക്ക് രജിസ്റ്ററുകൾ ഹാജരാക്കാനായി എൻക്വയറി നം.9/19.11.2022 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ ചീഫ് വെറ്ററിനറി ഓഫീസർ തയ്യാറാക്കിയ മരുന്നുകളുടെ ഇൻഡന്റ്, ജില്ലാ വെറ്ററിനറി സ്റ്റോറിൽ നിന്നുള്ള നോ സ്റ്റോക്ക് സർട്ടിഫിക്കറ്റ് എന്നിവയും ഹാജരാക്കേണ്ടതാണ്.
ചെലവ് വിവരം – ബിൽ നം. 1504/25.03.2022 – 5,00,000 രൂപ

(2). പ്രൊജക്ട് നം. 479/22 – മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് - കുറുപ്പം പടി - മരുന്ന് വാങ്ങൽ

പ്രസ്തുത പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് വെറ്ററിനറി സർജന്റെ ഇൻഡന്റ്, ജില്ലാ വെറ്ററിനറി സ്റ്റോറിൽ നിന്നുള്ള നോ സ്റ്റോക്ക് സർട്ടിഫിക്കറ്റ്, സ്റ്റോക്ക് രജിസ്റ്റർ (മുൻ സ്റ്റോക്ക് രജിസ്റ്റർ സഹിതം), ലഭ്യമായ എല്ലാ ക്വട്ടേഷനുകളും ടാബുലാർ സ്റ്റേറ്റ്മെന്റ് സഹിതം ഹാജരാക്കാൻ മേൽ എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയില്ല.

ചെലവ് വിവരം – ബിൽ നം. 1071/09.03.2022 – 50,000 രൂപ
മേൽ രണ്ട് പ്രൊജക്ടുകളുടെയും രേഖകൾ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായി 30 ദിവസത്തിനകം ഹാജരാക്കാത്ത പക്ഷം ചെലവ് തുക തടസ്സപ്പെടുത്തുന്നതാണ്.

1-51 ടെണ്ടർ നടപടി പ്രകാരം അംഗീകരിച്ച തുകയേക്കാൾ കൂടിയ തുക നൽകിയിരിക്കുന്നു.

സൂപ്രണ്ട്/ജില്ലാ ആശുപത്രി-ആലുവ (അലോപ്പതി), നിർവഹണം നടത്തിയ പല പ്രൊജക്ടിലും അംഗീകരിച്ച ടെണ്ടർ നിരക്കും യഥാർത്ഥത്തിൽ നൽകിയ നിരക്കും തമ്മിൽ വ്യത്യാസം കണ്ടു. ആയത് ചുവടെ ചേർക്കുന്നു.
1. (എ). പ്രൊജക്ട് നം. 26/22 – ഡയാലിസിസ് സെന്ററിലേക്ക് റിയേജന്റ്സ് വാങ്ങൽ എന്ന പദ്ധതിയുടെ ടെണ്ടർ നടപടിക്രമങ്ങൾ പ്രകാരം ഫോർമാൽഡിഹൈഡ് സൊല്യൂഷൻ (37%-41%) ഏറ്റവും കുറവ് ക്വാട്ട് ചെയ്തത് മെഡ് കാസ്റ്റിൽ എന്ന സ്ഥാപനമാണ് (16.52രൂപ). ട്രിനിറ്റി എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയിരിക്കുന്നത് (58രൂപ). ആയതിന്റെ കാരണം വ്യക്തമാക്കുക. ഫോർമാൽഡിഹൈഡ് എന്ന രാസവസ്തു ഫാൽക്കൺ ഇന്റർ നാഷണൽ ഡ്രഗ് കമ്പനി എന്ന സ്ഥാപനം ക്വാട്ട് ചെയ്തത് 52 രൂപയ്ക്കാണ്. ആയത് 37%-41% അല്ല എന്നറിയിച്ചതിനാൽ പരിഗണിച്ചില്ല എന്ന് ഫയലിൽ കാണുന്നു. എന്നാൽ അത്തരത്തിലൊരു രേഖ ഫയലിൽ

ഇല്ലായിരുന്നു. ആയത് ഹാജരാക്കേണ്ടതാണ്.

(ബി). ഫാൽക്കൺ ഇന്റർ നാഷണൽ ഡ്രഗ് കമ്പനി ക്വാട്ട് ചെയ്ത എക്വിപ്പ്മെന്റ് സൊല്യൂഷൻ (102രൂപ) ഡയാലിസിസ് യൂണിറ്റിന് അനുയോജ്യമല്ല എന്ന് റിപ്പോർട്ട് ചെയ്തതിനാൽ ആയത് ഒഴിവാക്കി തൊട്ടടുത്ത സ്ഥാപനമായ സ്മാർട്ട് സപ്ളയേഴ്സിനെ (360 രൂപ) പരിഗണിച്ചു. എന്നാൽ പ്രസ്തുത റിപ്പോർട്ട് ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

(സി). Dyliser 1.3m2 ഏറ്റവും കുറവ് ക്വാട്ട് ചെയ്തത് എസ്.പി ഫാർമ എന്ന സ്ഥാപനമാണ്. (288രൂപ). ഈ സ്ഥാപനത്തോടൊപ്പം ട്രിനിറ്റി, മെഡ്കാസിൽ എന്നീ സ്ഥാപനങ്ങളുടേതും Single Use Dyliser ആണെന്നും ഗ്രഹാം ഫാർമ്മസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന്റെ Multy Use Dyliser ആണെന്നും ആയതിനാൽ 566 രൂപ ക്വാട്ട് ചെയ്ത ഗ്രഹാം ഫാർമ്മസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന് കരാർ നൽകുകയും ചെയ്തു. എന്നാൽ ആയത് തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ലായിരുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടതാണ്.

(ഡി). ഡിസ്പോവാൻ വാങ്ങിയതിൽ 10,212 രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-3 ൽ ചേർത്തിട്ടുണ്ട്.

2. പ്രൊജക്റ്റ് നം. 14/22 - ഹീമോഫീലിയ വിഭാഗത്തിൽ ലാബ് കെമിക്കൽ വാങ്ങൽ ടെണ്ടർ നടപടിക്രമങ്ങൾ പ്രകാരം WWF Ristocetin എന്ന മരുന്നിന് വേണ്ടി Genex Medisystems ക്വാട്ട് ചെയ്ത തുക 47,152 രൂപയാണ്. എന്നാൽ ബില്ലിൽ 88272.25 രൂപ കാണുന്നു. വിശദീകരണം നൽകുക.

3. പ്രൊജക്റ്റ് നം. 20/22 - കുട്ടികൾക്ക് ഹീമോഫീലിയ ചികിത്സയും പിന്തുണയും എന്ന പ്രൊജക്റ്റ് പ്രകാരം കെ.എം.സി.എസ്.എൽ ന്റെ കാരുണ്യ മെഡിസിൻ ഡിപ്പോയിൽ നിന്നും വാങ്ങിയ ഫാക്ടർ - Viii -Hemofil M 250-400 Inj.10 Ml ന്റെ വില 1901.76 രൂപയാണ്.(ഇൻവോയ്സ് നം.2266/28.10.21). മറ്റൊരു പ്രൊജക്റ്റ് പ്രകാരം (പ്രൊജക്റ്റ് നം.1455/22) മേൽ മരുന്ന് 1548.83 രൂപയ്ക്ക് ലഭ്യമായിട്ടുണ്ട്.(ഇൻവോയ്സ് നം.prf6880/15.03.22).വ്യത്യാസത്തിന് വിശദീകരണം നൽകുക. കെ.എം.സി.എസ്.എൽ ന്റെ റേറ്റ് ചാർട്ട് ഹാജരാക്കേണ്ടതാണ്.

4. (എ). പ്രൊജക്റ്റ് നം. 1450/22 – ലബോറട്ടറി റിയേജന്റ്സ് വാങ്ങൽ എന്ന പ്രൊജക്റ്റിന്റെ ടെണ്ടറിൽ പങ്കെടുക്കാത്ത Epsilon Diagnostics, Tricore Medical System, Associated Distributors എന്നീ സ്ഥാപനങ്ങൾക്ക് തുക നൽകിയതായി 1096/14.03.2022 എന്ന ബില്ലിൽ കാണുന്നു.വിശദീകരണം നൽകേണ്ടതാണ്.

(ബി). ആശുപത്രി സൂപ്രണ്ടിന്റെ ഉത്തരവ് നം. B1-5219/20/സു.ജി.ആ, ആലുവ/14.12.2021 പ്രകാരം Urine Strip (G+k) Span ന്റെ 100 Nos പായ്ക്കിന് ക്വാട്ട് ചെയ്ത നിരക്ക് 92 രൂപയാണ് (Without Tax). എന്നാൽ സ്ഥാപനത്തിന്റെ 28/21-22 ലെ B2c/03593/21-22 ഇൻവോയ്സ് പ്രകാരം ഈടാക്കിയിരിക്കുന്നത് 92.86 രൂപയാണ്. വിശദീകരണം നൽകേണ്ടതാണ്.

(സി). മേൽ ഉത്തരവ് പ്രകാരം പ്രോബ് ക്ളീനർ 50ml ക്വാട്ട് ചെയ്ത നിരക്ക് 211 രൂപയാണ്. മേൽ ഇൻവോയ്സ് പ്രകാരം വാങ്ങിയത് 1212 രൂപയ്ക്കാണ് (4*50ml=200ml). വിശദീകരണം നൽകേണ്ടതാണ്.

(ഡി). മേൽ ഉത്തരവ് പ്രകാരം Urine Collection Container 30ml 100 Nos പായ്ക്കിന് മെ.ഡിവൈൻ ഡയഗ്നോസ്റ്റിക്സ് ക്വാട്ട് ചെയ്തത് 150 രൂപയാണ്. എന്നാൽ മേൽ ഇൻവോയ്സ് പ്രകാരം ABC Diagnostics ൻ നൽകിയത് 1.61/ബോട്ടിൽ എന്ന നിരക്കിലാണ്. വിശദീകരണം നൽകേണ്ടതാണ്.

(ഇ). എപ്സിലോൺ ഡയഗ്നോസ്റ്റിക്സ് എന്ന സ്ഥാപനം 02/03/2022 ലെ Ekm/4091/21-22 എന്ന ഇൻവോയ്സ് പ്രകാരം നൽകിയ IL Cartridge 300 T BGEM മേൽ ഉത്തരവ് പ്രകാരം ഒരു സ്ഥാപനവും ക്വാട്ട് ചെയ്തതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

(എഫ്). ഇൻവോയ്സ് നം. B2c735/10.03.2022 പ്രകാരം മെഡ്സർജ് ഏജൻസീസ് യൂറിൻ കൺടെയ്നർ 30 Ml നൽകിയത് 250/100 Nos എന്ന നിരക്കിലാണ്. ആശുപത്രി സൂപ്രണ്ടിന്റെ ഉത്തരവ് നം. B1-5219/20/സു.ജി.ആ, ആലുവ/14.12.2021 പ്രകാരം മേൽ ഐറ്റം 150/100 Nos എന്ന നിരക്കിലാണ് നൽകേണ്ടത്. മെ. ഡിവൈൻ ഡയഗ്നോസ്റ്റിക്സ് എന്ന സ്ഥാപനത്തിനാണ് ടെണ്ടർ അനുവദിച്ച് നൽകിയത്. വിശദീകരണം നൽകേണ്ടതാണ്.

(ജി). Relient Diagnostics, Tricore Medical Systems, Associated Distributors എന്നീ സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത Items ടെണ്ടർ ഇനങ്ങളായി കാണുന്നില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/16.01.2023) നാളിതുവരെ മറുപടി നൽകിയില്ല. ക്രമ നം. 1(ഡി) ഒഴികെയുള്ള മറ്റ് അപാകതകൾക്ക് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച്

30 ദിവസത്തിനകം മറുപടി നൽകാത്തപക്ഷം ചെലവ് തുക തടസ്സപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ക്രമ നം. 1(ഡി) പ്രകാരം അധികം നൽകിയ തുകയായ 10,212 രൂപ നിരാകരിക്കുന്നു.

1-52 റിടെൻഷൻ ഇനത്തിൽ 23,352 രൂപ അധികം തിരിച്ച് നൽകി

മുളവ്കാട് എസ്.സി സാംസ്കാരിക നിലയം എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി 23,352 രൂപ റിടെൻഷൻ ഇനത്തിൽ അധികം നൽകിയതായി കാണുന്നു. (വിശദാംശങ്ങൾ ഖണ്ഡിക 3-2 ൽ ചേർത്തിട്ടുണ്ട്)

1-53 മാലിന്യ നിർമ്മാർജ്ജനം ജൈവ വള യൂണിറ്റ്-പദ്ധതി ഫലപ്രദമായില്ല - ചെലവ് തുകയായ 20,33,701 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 1218/22 |
| പ്രോജക്ടിന്റെ പേര് | മാലിന്യ നിർമ്മാർജ്ജനം ജൈവ വള യൂണിറ്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ മിഷൻ കോ ഓർഡിനേറ്റർ, കുടുംബശ്രീ |
| അടങ്കൽ തുക (പൊതു വിഭാഗം ജനറൽ) | 22,00,000 |
| ചെലവ്<br>ബിൽ നമ്പർ | 20,33,701<br>CNT13/27.03.22 |

ജൈവമാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണത്തിനായി, ഈ പദ്ധതി പ്രകാരം മാർക്കറ്റുകൾ കേന്ദ്രീകരിച്ച് വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിന്റെ മേൽനോട്ടം പ്രദേശത്തെ ഗ്രാമ പഞ്ചായത്തുകളിലെ ഹരിത കർമ്മ സേനയെ അഥവാ തൽപ്പരരായ സംരംഭക യൂണിറ്റുകളെ ഏൽപ്പിച്ച് അതിൽനിന്നും ലഭിക്കുന്ന വളം ജില്ലാ പഞ്ചായത്തിന്റെ ഫാമുകളിൽ വിൽപ്പന നടത്തി അധിക വരുമാനം ഉറപ്പ് വരുത്തുന്നതാണ് പദ്ധതി.

IRTC മുണ്ടൂർ എന്ന സ്ഥാപനത്തിനെ നിർമ്മാണ ചുമതല ഏൽപ്പിച്ച ഈ പദ്ധതിക്ക് എൽഎസ്ജിഡി എക്സി.എൻജിനിയർ 17/02/2022 ൽ സാങ്കേതിക അനുമതി നൽകി. 2022 ഫെബ്രുവരിയിൽ കരാർ ഒപ്പു വച്ചു. ഈപദ്ധതി പൂർത്തീകരിച്ച് 27/03/2022 ൽ 20,33,701/- രൂപാ IRTC യുടെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

മരട് മാർക്കറ്റ് പരിസരത്ത് സ്ഥാപിച്ചിരിക്കുന്ന മാലിന്യ സംസ്കരണ യൂണിറ്റിൽ നടത്തിയ സ്ഥല പരിശോധനയിൽ വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നത് മതിയായ സൌകര്യങ്ങളില്ലാത്ത ഒരു കെട്ടിടത്തിലാണെന്നു കണ്ടു. ഒരു വെജിറ്റബിൾ ഷ്രെഡ്ഡിങ്ങ് യൂണിറ്റ്, സീവീംഗ് യൂണിറ്റ് എന്നിവ ഉൾപ്പെടെ വിൻഡ്രോകമ്പോസ്റ്റും ഒരു സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. മരട് മാർക്കറ്റിലെ പച്ചക്കറി വേസ്റ്റുകൾ ശേഖരിച്ച്, ചെറിയ കഷ്ണങ്ങളാക്കി, ഇനോക്കുലം ചേർത്ത് കമ്പോസ്റ്റിഗിനായി കൂന കൂട്ടിയിട്ടിരിക്കുന്നത് ഈ ഷെഡ്ഡിനുള്ളിൽ തന്നെയാണ്. ഓഡിറ്റ് ടീം സ്ഥലം സന്ദർശിച്ച വേളയിൽ തന്നെ ലഭ്യമായ സ്ഥല സൌകര്യത്തിൽ കമ്പോസ്റ്റിംഗ് ഒതുങ്ങുന്നില്ല എന്നു കാണുകയുണ്ടായി. മുനിസിപ്പൽ അതിർത്തിയിലുള്ള കുടുംബശ്രീ അംഗങ്ങളായ നാല് സ്ത്രീകളെയാണ് നടത്തിപ്പിനായി നിയോഗിച്ചിട്ടുള്ളത്. കമ്പോസ്റ്റിഗ് യൂണിറ്റിന്റെ തറയുടെ ചെരിവിന്റെ ഉയർന്ന പ്രദേശത്ത് ഷ്രെഡ്ഡിംഗ് യൂണിറ്റും, താഴ്ന്ന നിരപ്പിൽ കമ്പോസ്റ്റിംഗിനുള്ള സ്ഥലവും ആയിരുന്നു നിർണ്ണയിക്കേണ്ടത്. എന്നാൽ തിരിച്ച് സ്ഥാപിക്കയാൽ കമ്പോസ്റ്റിൽ നിന്നുള്ള വെള്ളം ഒഴുകിപ്പരന്ന് വൃത്തിഹീനമായ സാഹചര്യത്തിലാണ് ഇവർ ജോലി ചെയ്യുന്നത്. മതിയായ ടോയ് ലെറ്റ് സൌകര്യമോ കുടിവെള്ള ലഭ്യതയോ ഇല്ലാതെയാണ് കമ്പോസ്റ്റിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നത്. കമ്പോസ്റ്റ് ഇളക്കിയിടാനുള്ള മെഷീൻ ലഭ്യമാക്കാത്തതിനാൽ കൈ ഉപയോഗിച്ച് ഇളക്കിയിടേണ്ട അവസ്ഥയാണ്. ജോലിക്ക് തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് വേതനം നൽകുന്നത് സംബന്ധിച്ചും വ്യക്തമായ ധാരണ ഇല്ല.

ജില്ലാ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചത്, മാലിന്യം സംസ്കരിച്ച് ,ജൈവ വളമാക്കി വില്പന നടത്തുവാനാണ്. സമകാലീന അവസ്ഥയിൽ മാലിന്യ സംസ്കരണം വൻ പ്രാധാന്യമർഹിക്കുന്ന മേഖലയായിരിക്കേ, ജില്ലാ പഞ്ചായത്ത് ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചത് ശ്ലാഘനീയമായ കാര്യമാണ് . വള നിർമ്മാണ യൂണിറ്റ് പ്രവർത്തനം തുടങ്ങിയെങ്കിലും, പാതിവഴിയിൽ മുടങ്ങാതെ മുന്നോട്ടു പോകുന്ന എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. 20ലക്ഷം രൂപ മുടക്കി മാലിന്യസംസ്കരണത്തിനായി നടപ്പാക്കിയ പദ്ധതി കേവലം കെട്ടിടം പണിയുന്നതിലും, ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിലും മാത്രമായി ഒതുങ്ങിയാൽ അത് ധനദുർവ്യയമായി കണക്കാക്കേണ്ടിവരും.ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ജൈവ വളം ഉല്പാദിപ്പിച്ച് വിപണനം നടത്താനുള്ള പദ്ധതിയായാണ് ഇത് വിഭാവനം ചെയ്യപ്പെട്ടിരുന്നത്. ഇപ്രകാരം പദ്ധതി ലക്ഷ്യം കൈവരിക്കുന്നു എന്നുറപ്പു വരുത്തി സംസ്ഥാനത്തിനാകെ ഒരു ഉത്തമ മാതൃക സൃഷ്ടിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

1. കരാർപ്രകാരമുള്ള ഒരു വർഷത്തെ വാറന്റി കാലാവധിക്ക് പ്രത്യേക കരാർ വച്ചിട്ടുണ്ടോ?

2.എഗ്രിമെന്റിലെ 8,9,10, വ്യവസ്ഥകൾ പ്രകാരം വിൻഡ്രോ കമ്പോസ്റ്റിംഗ് സംരംഭകത്വ യൂണിറ്റിന് പരിശീലന പിന്തുണ IRTC നൽകുന്നുണ്ടോ?

3കരാർ പ്രകാരം ഇനോക്കുലം നൽകി വരുന്നുണ്ടോ?

4.വളം പാക്ക് ചെയ്ത് വിൽക്കുവാൻ പരിശീലനം നൽകിയിട്ടുണ്ടോ?
20,33,701 രൂപാ മുതൽമുടക്കിയ പദ്ധതി കൊണ്ട് ജില്ലാ പഞ്ചായത്തിനുണ്ടായ വരുമാനവർദ്ധനയുടെ വിവരങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണ്.

പദ്ധതി അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ നേടി എന്ന ബോദ്ധ്യമാകാത്ത സാഹചര്യത്തിൽ ഇതുനായി ചെലവഴിച്ച തുക തടസ്സത്തിൽ വക്കുന്നു.

വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റ് പ്രവർത്തന ക്ഷമമായതിന്റെയും, വളം ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നതിന്റെ രേഖകളും, യൂണിറ്റിൽ പ്രവർത്തിക്കുന്ന ജോലിക്കാർക്ക് ആരോഗ്യകരമായ ജോലി സാഹചര്യം ഉറപ്പാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-54 ആധുനിക കോഫി കിയോസ്കുകൾ -ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല - 9,00,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ: 399/21-22

വകയിരുത്തിയ തുക: 9,00,000 (വികസന ഫണ്ട് ജനറൽ)

ചെലവായ തുക: 9,00,000
(ബിൽ നമ്പർ CNT07/21-22, 19.03.2022)

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നമ്പർ 873/ജെ 1/ 2020 കെ എസ് എച്ച് ഒ തിയതി 09.07.2021 പ്രകാരമാണ് 21-22 വാർഷിക കർമ്മ പദ്ധതിയിലുൾപ്പെടുത്തി കുടുംബശ്രീ പിങ്ക് കഫേ കിയോസ്കുകൾ സ്ഥാപിച്ചിട്ടുള്ളത്. ആവിയിൽ പാകം ചെയ്ത ഭക്ഷണ സാധനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് രുചിയേറിയതും, വൈവിധ്യമുള്ളതും, ആരോഗ്യപ്രദവുമായ, കാഴ്ചയിലും, പ്രവർത്തനത്തിലും, ഭക്ഷണ സാധനങ്ങളിലും എല്ലാം തന്നെ ഒരേ മാതൃകയിൽ കുടുംബശ്രീ കിയോസ്കുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതു സംബന്ധിച്ച വിശദമായ മാർഗ്ഗ രേഖ മേൽ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 21-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി മൂന്ന് പിങ്ക് കഫേ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 9 ലക്ഷം രൂപ വികസനഫണ്ടിൽ നിന്നും ചെലവാക്കിയിട്ടുണ്ട്.

ഈ തുക ചെലവ് ചെയ്ത് 3 കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്.
1. റോസ് ഹിൽ ഫുഡ്സ്, കറുകുറ്റി
2. ഗ്രീൻ കഫേ, വാർഡ് 6, ആവോലി
3. കോഫീ കോർണ്ണർ, എളങ്കുന്നപ്പുഴ

എറണാകുളം ജില്ലാ കുടുംബശ്രീ മിഷൻ, ജില്ലാ കോ-ഓർഡിനേറ്ററുടെ 19.03.2022 ലെ ഉത്തരവ് നമ്പർ

1763/MKT/2022/KSEKM പ്രകാരം ഒരു കിയോസ്ക് സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപയാണ് ധന സഹായം. ജില്ലാ പഞ്ചായത്ത് ഫണ്ട് 3 ലക്ഷം രൂപ, ബാങ്ക് ലോൺ 1.5 ലക്ഷം, സ്റ്റാർട്ടപ്പ് ഫണ്ട് 50,000 രൂപ എന്നിങ്ങനെയാണ് 5 ലക്ഷം രൂപ സമാഹരിക്കേണ്ടത്.

പിങ്ക് കഫേ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം കഫേക്കു വേണ്ട സ്ഥലം കണ്ടെത്തേണ്ടതും, നടത്തിപ്പിനായി ഗുണഭോക്താക്കളെ നിശ്ചയിച്ച് പരിശീലനം നൽകേണ്ടതും ജില്ലാ മിഷന്റെ ചുമതലയാണ്. കിയോസ്കിന്റെ സ്ഥാപന ചുമതലയും, ഉടമസ്ഥാവകാശവും, അതാത് ജില്ലാമിഷനാണെന്നും, പ്രവർത്തന മേൽനോട്ട ചുമതല മാത്രമാണ് 3 (കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം) പേരടങ്ങുന്ന സംരഭക യൂണിറ്റിന് ഉണ്ടാവുകയെന്നും വ്യക്തമാക്കിയിട്ടുണ്ട്.

കിയോസ്കുകളുടെ നിർമ്മാണം നടത്തേണ്ടത് Kerala Cafe Project നായി സംസ്ഥാന മിഷൻ എം പാനൽ ചെയ്ത ഏജൻസികളോ സർക്കാർ അക്രഡിറ്റേഷനുള്ള ഏജൻസികളോ ആണ്. കുറഞ്ഞത് 3 ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ തുക ക്വോട്ട് ചെയ്ത ഏജൻസിക്ക് നിർമ്മാണ ചുമതല നൽകേണ്ടതും, ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഏറ്റവും കുറവ് 300 ച.അടി വിസ്തീർണ്ണം നിശ്ചയിച്ചിട്ടുള്ള കഫേകൾക്ക് ഏകീകൃത നിറം, ഇന്റീരിയർ, ഫർണീച്ചർ എന്നിവയും നിർദ്ദേശിച്ചിട്ടുണ്ട്.

തുകകളുടെ വിനിയോഗ വിവരം പരിശോധിക്കുന്നതിനായി മൂന്ന് കിയോസ്ക് യൂണിറ്റുകളുടെയും ബാങ്ക് പാസ്ബുക്ക് പരിശോധനക്ക് ഹാജരാക്കുവാനും, മേൽസർക്കാർ നിർദ്ദേശങ്ങൾ പദ്ധതി നടത്തിപ്പിൽ പാലിച്ചിട്ടുണ്ട് എന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുവാനും പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് താഴെ അവശ്യപ്പെട്ട വിവരങ്ങൾ നൽകുവാനും ഓഡിറ്റ് എൻക്വയറി (നം.23/16.01.23) നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല.

1. നിലവിൽ കഫേ നടത്തുന്ന സംരംഭകരുടെ പേരു വിവരങ്ങൾ അറിയിക്കേണ്ടതാണ്. ഏറ്റെടുത്ത സംരഭകർ മാറിയിട്ടുണ്ടോ എന്നുമറിയിക്കേണ്ടതാണ്.
2. കഫെകളുടെ നിലവിലെ അവസ്ഥാ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.
3. പ്രോജക്ട് വഴി സംരഭകർക്ക് വരുമാനം ലഭിക്കുന്നുണ്ടോ എന്നതും ആയതു പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ എന്നും അറിയിക്കേണ്ടതാണ്.
4. പദ്ധതി മേൽനോട്ടം സംബന്ധിച്ച് വാർഷിക റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

കൂടാതെ മൂന്ന് യൂണിറ്റുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച ലൈസൻസ്, ME Registration, പരിശീലനം ലഭിച്ചതിന്റെ രേഖകൾ തുടങ്ങിയവയും പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമായില്ല.

ഓഡിറ്റ് സ്ഥല പരിശോധന നടത്തിയ എളംകുന്നപ്പുഴ കോഫീ കോർണ്ണർ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള പ്രവർത്തനമല്ല നടത്തുന്നത് എന്നത് ബോദ്ധ്യമായിരുന്നു.

ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവായ 9,00,000 രൂപ തടസ്സത്തിൽ വക്കുന്നു.

1-55 ജീവ രഥം-പട്ടികജാതി യുവജനങ്ങൾക്ക് ഇ ഓട്ടോ- രേഖകൾ ഹാജരാക്കിയിട്ടില്ല -6,00,000 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0195/22 |
| പ്രോജക്ടിന്റെ പേര് | ജീവ രഥം-പട്ടികജാതി യുവജനങ്ങൾക്ക് ഇ ഓട്ടോ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ പട്ടിക ജാതി വികസന ഓഫീസർ |
| അടങ്കൽ തുക(പൊതു വിഭാഗം ജനറൽ)<br>മറ്റുള്ളവ | 7,00,000<br>14,70,000 |

| | |
|---|---|
| ചെലവ് (പൊതു വിഭാഗം ജനറൽ)<br><br>മറ്റുള്ളവ | 6,00,000 രൂപ<br>(ബിൽനമ്പർ-21110152013401383015/19.03.22 -1,00,000)<br>21110152013401383026/19.03.22 -1,00,000<br>21110152013401383077/19.03.22 -1,00,000<br>21110152013401383086/19.03.22 -1,00,000<br>21110152013401525554/30.03.22-2,00,000)<br><br>0 |

50വയസ്സിൽ തഴെയുള്ള പട്ടിക വർഗ്ഗത്തിൽ പെട്ട യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ ചെയ്തു വരുമാനം ആർജ്ജിക്കുന്നതിനായി ഇലക്ട്രിക്ക് ഓട്ടോറിക്ഷാ വാങ്ങുന്നതിനായി ധനസഹായം നൽകുന്ന മേൽ പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്ക് 1,00,000 രൂപ വീതം വായ്പാ ബന്ധിത സബ്സിഡി അനുവദിച്ചിട്ടുണ്ട്.

1.സുരേഷ് വി കെ, വിളങ്ങലത്തേൽ, മാമലശ്ശേരി, രാമമംഗലം
2. പ്രിയ കെ തങ്കം, കല്ലേലിമറ്റത്തിൽ, പാമ്പാക്കട പി ഒ
3. അനൂപ് കെ എ, കാട്ടിപ്രയിൽ ഹൌസ്, ചക്കളം, സൌത്ത് പറവൂർ
4. കുട്ടപ്പൻ ടി എ, തടത്തിപ്പാറയിൽ, പുളിന്താനം പിഒ
5. രാജു പിപി, പുത്തൻകായി, പീച്ചിങ്ങച്ചിറപ്പാട്ട്, വേളൂർക്കര, പുത്തൻകുരിശ്
6. ബാബു പിറ്റി, കേക്കേക്കുട്ടം, നെടുങ്ങപ്ര, വേങ്ങൂർ
എന്നീ ഗുണഭോക്താക്കൾക്ക് സബ്സിഡി തുക ബാങ്കിലേക്ക് കൈമാറി നൽകിയിട്ടുണ്ട്.

മേൽ തുക ഉപയോഗിച്ച് വാങ്ങിയ ഇലക്ട്രിക്ക് ഓട്ടോ റിക്ഷയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഗുണഭോക്താക്കളുടെ പാസ്ബുക്കുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.17/30.11.2022) മുഖേന ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാകാത്ത സാഹചര്യത്തിൽ 6,00,000 രൂപ തടസ്സത്തിൽ വക്കുന്നു.

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, മറ്റ് ആധികാരിക രേഖകൾ സഹിതം ഹാജരാക്കി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

1-56 തീര സമൃദ്ധി പദ്ധതി- ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല - 3,45,000 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0182/22 |
| പ്രോജക്ടിന്റെ പേര് | തീര സമൃദ്ധി -<br>ഒരു നെല്ലും ചെമ്മീനും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് ഡെ.ഡയറക്ടർ |
| അടങ്കൽ തുക (പൊതു വിഭാഗം ജനറൽ)<br>ഗുണഭോക്തൃ വിഹിതം | 20,00,000 രൂപ<br>20,00,000 രൂപ |
| സ്റ്റാംന്റിംഗ് കമ്മിറ്റി | വികസന കാര്യം |
| മോണിട്ടറിംഗ് ഗ്രൂപ്പ് | മത്സ്യബന്ധന വർക്കിംഗ് ഗ്രൂപ്പ് |

| | |
|---|---|
| ചെലവ്<br>(പൊതു വിഭാഗം ജനറൽ)<br>ഗുണഭോക്തൃ വിഹിതം | 20,00,000 രൂപ<br>0 |

പദ്ധതി പ്രകാരം യൂണിറ്റ് കോസ്റ്റ് മൂന്ന ലക്ഷം രൂപയാണ്, ഒരു വ്യക്തിക്ക് പരമാവധി രണ്ടു ഹെക്ടർ കൃഷിയിടത്തിന് ആനുകൂല്യം ലഭിക്കുന്നു. ഒരു ഹെക്ടറിന് 3 ലക്ഷം രൂപ. ഗുണഭോക്താവ് 3 ലക്ഷം രൂപാ ചെലവഴിച്ചതിന്റെ ബില്ലും വൌച്ചറും ഹാജരാക്കുന്ന മുറക്ക് 1.5 ലക്ഷം രൂപാ ആണ് സബ്സിഡി നൽകുന്നത്. ഓഡിറ്റ് വർഷം ധനസഹായം നൽകിയിട്ടുള്ളത് 15 ഗുണഭോക്താക്കൾക്കാണ്.

ഫയൽ പരിശോധനയിൽ മുൻ വർഷങ്ങളിൽ ഈ പദ്ധതി ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതേ പദ്ധതി മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തുന്നതിനാൽ കർഷകർ ഉൾപ്പെടുന്ന തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നും, ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യ പത്രവും ഹാജരാക്കിയിട്ടില്ല. ഒരു കരാർ രേഖയും, എഴുതി പൂർണ്ണമാക്കുകയോ ഗുണഭോക്താവും, നിർവ്വഹണ ഉദ്യോഗസ്ഥനും ഒപ്പുവെയ്ക്കുകയോ ചെയ്തിട്ടില്ല.

കെ കെ സുകുമാരൻ കാക്കാലശ്ശേരി എന്ന കർഷകൻ ഹാജരാക്കിയ രേഖകൾ പ്രകാരം 1.04 ഹെക്ടർ സ്ഥലത്താണ് പദ്ധതി പ്രകാരമുള്ള കൃഷി നടത്തിയിട്ടുള്ളത്. കൃഷിഓഫീസറുടെ സാക്ഷ്യപത്രപ്രകാരം 1 ഏക്കർ 65 സെന്റ് സ്ഥലത്താണ് പൊക്കാളി കൃഷി ചെയ്തിട്ടുള്ളത്. ടിയാൾക്ക് രണ്ടു ബില്ലുകൾ പ്രകാരം 1,50,000 രൂപ (1,05,000+45,000) രൂപ സബ്സിഡി നൽകിയിട്ടുണ്ട്. ഇത് അനുവദിക്കപ്പെട്ട നിരക്കിലും കൂടുതൽ ആണെന്നതിനാൽ വിശദീകരണം നൽകേണ്ടതാണ്.
മരിയാദാസൻ എന്ന ഗുണഭോക്താവ് ഹാജരാക്കിയ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം, തിയതി ഇല്ലാത്ത ഒരു പകർപ്പ് മാത്രമാണ്. ഇത് അംഗീകരിക്കാവുന്നതല്ല.

പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം, ചെമ്മീൻ കുഞ്ഞുങ്ങളെ വാങ്ങി നിക്ഷേപിക്കുന്ന ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന് മോണിട്ടറിംഗിനുള്ള ചുമതല ഉണ്ട്. എന്നാൽ കൃഷിയുടെ ഒരു ഘട്ടത്തിലും നിർവ്വഹണ ഉദ്യോഗസ്ഥൻ മോണിട്ടറിംഗ് നടത്തിയതായി രേഖകളില്ല. മേൽ നിരീക്ഷണങ്ങൾക്ക് ആവശ്യമായ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 13/21.11.23) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ആവശ്യമായ രേഖകൾ ഹാജരാക്കുന്നതു വരെ, ശ്രീ മരിയാദാസനു നൽകിയ 3 ലക്ഷം രൂപ, ശ്രീ സുകുമാരൻ കാക്കാലശ്ശേരിക്കു നല്കിയ അധിക തുകയായ 45,000 രൂപ എന്നീ ചെലവുകൾ തടസ്സപ്പെടുത്തുന്നു.

1-57 എസ്.ടി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് - നിർവഹണത്തിൽ ക്രമക്കേട് - 3,30,000 രൂപ തടസ്സപ്പെടുത്തുന്നു.

ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ നിർവഹണം നടത്തിയ എസ്.ടി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്ന പ്രൊജക്ടിന്റെ (പ്രൊജക്ട് നം. 83/22) പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
1. പൊതുവായ അപാകതകൾ

(എ). സ.ഉ (കൈ) നം. 22/2018/ത.സ്വ.ഭ.വ/14.02.2018 മാർഗ്ഗരേഖയിലെ 7.2.5 പ്രകാരം ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ കൂടി സാധൂകരിക്കേണ്ടതാണ്. എന്നാൽ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസറുടെ 20.07.2021 ലെ ഡി-1930/21 നം. കത്ത് പ്രകാരം ലോക്ക് ഡൗൺ കാരണം ഊരുകൂട്ടങ്ങളും ഗ്രാമസഭകളും ചേരാൻ സാധിക്കാത്തതിനാൽ 21-22 വർഷം പ്രൊജക്ടിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പത്രമാദ്ധ്യമങ്ങളിലൂടെ പ്രചാരണം നൽകി അപേക്ഷ സ്വീകരിക്കുന്നതിന് അനുമതി നൽകണം എന്ന് ജില്ലാ പഞ്ചായത്തിനോട് അഭ്യർത്ഥിച്ചതായി കാണുന്നു. സ.ഉ. (കൈ ) നം. 11/2018/ത.സ്വ.ഭ.വ/29.01.2018 ഉത്തരവിലെ 11.3.1 പ്രകാരം ഗുണഭോക്താക്കളുടെ മുൻഗണന ലിസ്റ്റ് ഭരണ സമിതി അംഗീകരിച്ച് നിർവഹണ ഉദ്യോഗസ്ഥന് നൽകണം എന്നിരിക്കെ നിർവഹണ ഉദ്യോഗസ്ഥൻ ഇത്തരത്തിൽ ഒരു അഭ്യർത്ഥന നടത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

(ബി). 18.08.2021 ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരുമാനം 5(16) പ്രകാരം, പട്ടിക വർഗ്ഗ പ്രൊമോട്ടർമാരുടെ ക്രിയാത്മകമായ ഇടപെടൽ അപേക്ഷകൾ ലഭ്യമാക്കുന്നതിൽ ഉണ്ടാകണമെന്നത് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ ഉറപ്പ് വരുത്തണമെന്ന നിർദ്ദേശത്തോടെ മേൽ അഭ്യർത്ഥന അംഗീകരിച്ചതായി കാണുന്നു.

ഇത്തരത്തിലുള്ള ക്രിയാത്മക ഇടപെടലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നം.20/17.12.2022) പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി നൽകിയില്ല.

(സി). എ-1930/21/14.09.21 നം. കത്ത് പ്രകാരം ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ, എറണാകുളം ജില്ലാ ഇൻഫൊർമേഷൻ ഓഫീസർക്ക് മേൽ പ്രൊജക്ടിന്റെ വിജ്ഞാപനം ജില്ലയിലെ പ്രമുഖ ദിന പത്രങ്ങളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് കത്ത് നൽകി. ഏതൊക്കെ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചു എന്ന വിവരം ലഭ്യമല്ല. ആയത് തെളിവ് സഹിതം ലഭ്യമാക്കുക.

2. ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ

(എ). 2021 ൽ പഠനം പൂർത്തിയാക്കിയവർക്ക് 2021-22 ൽ സ്കോളർ ഷിപ്പ് നൽകിയിരിക്കുന്നു.

മാർഗ്ഗ രേഖ 7.2.5 പ്രകാരം കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക വർഷങ്ങളിലുമാണ് സ്കോളർഷിപ്പ് നൽകാവുന്നത്. ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് കോഴ്സ് കാലാവധി കഴിഞ്ഞ അക്കാദമിക വർഷങ്ങളിലും സ്കോളർഷിപ്പ് നൽകിയതായി കാണുന്നു.

(A). ഐശ്വര്യ മണികണ്ഠൻ, മുക്കത്ത് കരി വീട്, പൂത്തോട്ട,ഉദയംപേരൂർ എന്ന ഗുണഭോക്താവിന്റെ ബിരുദാനന്തര ബിരുദ കോഴ്സ് (എം.എ. ഇംഗ്ലീഷ്, 2019-21) 2021 ൽ പൂർത്തിയായതായി കാണുന്നു. (ബിൽ നം. 499/23.12.21 പ്രകാരം 30,000 രൂപ നൽകി)

(B). ദേവിക ദാസ്, കൊച്ചു വീട്ടിൽ, പിണവൂർ കുടി, കുട്ടമ്പുഴ എന്ന ഗുണഭോക്താവിന്റെ ബിരുദ കോഴ്സ് (അപേക്ഷയിൽ ബയോടെക്നോളജി ഫൈനൽ ഇയർ, 2020-21) 2021 ൽ പൂർത്തിയായതായി കാണുന്നു. (ബിൽ നം. 499/23.12.21 പ്രകാരം 20,000 രൂപ നൽകി)

(C). ജിഷ്ണു ജയൻ, നക്ലിക്കാട്ട്, അല്ലപ്ര എന്ന ഗുണഭോക്താവിന്റെ ബിരുദ കോഴ്സ് (BSC, കാറ്ററിംഗ് സയൻസ് & ഹോട്ടൽ മനേജ്മെന്റ്, 2018-21) 2021 ൽ പൂർത്തിയായതായി കാണുന്നു. (ബിൽ നം. 499/23.12.21 പ്രകാരം 20,000 രൂപ നൽകി).

മേൽ അപാകതയ്ക്ക് വിശദീകരണം നൽകുക. അതോടൊപ്പം എല്ലാ ഗുണഭോക്താക്കളുടെയും കോഴ്സ് കാലാവധിയുടെ തുടക്കം മുതലുള്ള ബാങ്ക് പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റിന്റെ ഒറിജിനലും വിതരണ വിവരങ്ങളും കൂടി ഹാജരാക്കേണ്ടതാണ്.

(ബി). ഫയലിൽ ഹാജരാക്കിയ ബാങ്ക് അക്കൗണ്ട് നമ്പരും തുക നൽകിയ ബില്ലിലെ അക്കൗണ്ട് നമ്പരും വ്യത്യാസപ്പെട്ടിരിക്കുന്നു.

(A). അമേയ ബാബു, കലവറയിൽ വീട്, പിണവൂർ കുടി, കുട്ടമ്പുഴ എന്ന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിന്റെ ഐ.എഫ്.എസ്.സി കോഡ് പാസ്സ്ബുക്ക് പകർപ്പ് പ്രകാരം SBIN0070149 എന്നും ബിൽ നം. 499/23.12.21 ൽ SBIN0070532 എന്നും കാണുന്നു. (ബിൽ നം. 499/23.12.21 പ്രകാരം 30,000 രൂപ നൽകി)

(B). ഹരിത ആർ.എസ്, ഫാക്ട് ടൗൺഷിപ്പ്, അമ്പലമേട്, എന്ന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിന്റ ഐ.എഫ്.എസ്.സി കോഡ് പാസ്സ്ബുക്ക് പകർപ്പ് പ്രകാരം SBIN0070162 എന്നും ബിൽ നം. 499/23.12.21 ൽ SBIN0010567 എന്നും കാണുന്നു. (ബിൽ നം. 499/23.12.21 പ്രകാരം 30,000 രൂപ നൽകി)

(C). ഹരിത എസ്, പൊങ്ങിൻ ചുവട്, ഇടമലയാർ പി.ഒ എന്ന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിന്റ ഐ.എഫ്.എസ്.സി കോഡ് പാസ്സ്ബുക്ക് പകർപ്പ് പ്രകാരം CNRB00006247 എന്നും ബിൽ നം. 499/23.12.21 ൽ CNRB0000712 എന്നും കാണുന്നു. (ബിൽ നം. 499/23.12.21 പ്രകാരം 20,000 രൂപ നൽകി)

(D). രാഗി എൻ.കെ, നക്ളിക്കാട്ട് കുടി, അല്ലപ്ര, എന്ന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ പാസ്സ്ബുക്ക് പകർപ്പ് പ്രകാരം 857210110003769/BKID0008572 എന്നും ബിൽ നം. 565/04.01.22 ൽ 67247190989/SBIN0070558 എന്നും കാണുന്നു. (ബിൽ നം. 565/04.01.22 പ്രകാരം 15,000 രൂപ നൽകി)

ആയതിന് വിശദീകരണം നൽകുക. അതോടൊപ്പം എല്ലാ ഗുണഭോക്താക്കളുടെയും ബാങ്ക് പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റിന്റെ ഒറിജിനൽ കൂടി ഹാജരാക്കേണ്ടതാണ്.

(സി). ഓഡിറ്റ് വർഷം ഒന്നിലധികം തവണ തുക നൽകിയിരിക്കുന്നു.

(A). ജ്യോതിക സജീവൻ, കുന്നക്കാട്ട് മോളം, അറയ്ക്കപ്പടി എന്ന ഗുണഭോക്താവിന് ഓഡിറ്റ് വർഷം രണ്ട് ബില്ലുകളിൽ 50,000 രൂപ വീതം നൽകിയിരിക്കുന്നു. ( ബിൽ നം. 565/04.01.22, ബിൽ നം. 606/11.01.22 )

(B). വൈശാഖ് പ്രേംകുമാർ, വടക്കേവേലിക്കര വീട്, മുപ്പത്തടം എന്ന ഗുണഭോക്താവിന് ഓഡിറ്റ് വർഷം രണ്ട് ബില്ലുകളിൽ 25,000 രൂപ വീതം നൽകിയിരിക്കുന്നു. (ബിൽ നം. 955/18.02.22, ബിൽ നം. 1347/21.03.22)

ആയതിന് വിശദീകരണം നൽകുക. അതോടൊപ്പം എല്ലാ ഗുണഭോക്താക്കളുടെയും ബാങ്ക് പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റിന്റെ ഒറിജിനൽ കൂടി ഹാജരാക്കേണ്ടതാണ് .

(ഡി). രേഖകൾ ഹാജരാക്കിയില്ല.

(A). അമിത ഷാജി, തണ്ടത്തിൽ വീട്, ഉരുളൻ തണ്ണി എന്ന ഗുണഭോക്താവിന്റെ രേഖകൾ ഹാജരാക്കിയില്ല. (ബിൽ നം. 499/23.12.21 പ്രകാരം 20,000 രൂപ നൽകി)

(B). അമൽ ടി.എം, തീപ്പുഴിക്കുന്നേൽ വീട്, നെല്ലിമറ്റം എന്ന ഗുണഭോക്താവിന്റെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ഉണ്ടായിരുന്നില്ല. ( ബിൽ നം. 955/18.02.22 പ്രകാരം 20,000 രൂപ നൽകി)

(C). ബെന്റില ബെന്നി, വാറ്റുപുരത്തിട്ടയിൽ വീട്, കല്ലൂർക്കാട് എന്ന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് പകർപ്പ് ഫയലിൽ ഉണ്ടായിരുന്നില്ല. (ബിൽ നം. 1347/18.02.22 പ്രകാരം 20,000 രൂപ നൽകി)

മേൽ ഗുണഭോക്താക്കളുടെ മുകളിൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുക.

(ഇ). മറ്റ് അപാകതകൾ

(A). ജോബിയ ജെ.ബി, ശാന്തിഭവനം, തോട്ടുക്കര, മേമടങ്ങ് എന്ന ഗുണഭോക്താവിന് ബിൽ നം. 606/11.01.22 പ്രകാരം 20,000 രൂപ നൽകി. ടി ഗുണഭോക്താവ് ശ്രീ വെങ്കിടേശ്വര പദ്മവതി കോളേജ് ഓഫ് നഴ്സിംഗ്, ഉണ്ടയ്ക്കൽ എന്ന സ്ഥാപനത്തിലാണ് പഠിക്കുന്നത്. സംസ്ഥാനത്തിന് പുറത്തുള്ള അംഗീകൃത സർവ്വകലാശാലകളുടെ കോഴ്സുകൾക്ക് 50,000 രൂപ നൽകാമെന്നിരിക്കെ മേൽ ഗുണഭോക്താവിന് 20,000 മാത്രം രൂപ നൽകാനുണ്ടായ കാരണം വ്യക്തമാക്കുക. ടി ഗുണഭോക്താവിന്റെ അക്കൗണ്ട് വിവരങ്ങൾ പാസ്സ് ബുക്ക് പകർപ്പ് പ്രകാരം 857510110001097 എന്നും ബിൽ നം. 606/11.01.22 ൽ 857510510000042 എന്നും കാണുന്നു. ടി ഗുണഭോക്താവിന്റെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ഉണ്ടായിരുന്നില്ല.

(B). സുകു ടി, തേരക്കുടി വീട്, കല്ലേലിമേട്, പൂയംകുട്ടി എന്ന ഗുണഭോക്താവിനെ എം.ഫിൽ പ്രോഗ്രാമിന് സെലക്ട് ചെയ്തിട്ടുണ്ടെന്നും 20.12.2021 ൽ ഫീസടച്ച് കോഴ്സിന് ചേരണമെന്നും രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനത്തിന്റെ കത്താണ് ഹാജരാക്കിയിരിക്കുന്നത്. ടി ഗുണഭോക്താവ് പ്രസ്തുത കോഴ്സിന് ചേർന്നോ എന്ന് വ്യക്തമല്ല. (ബിൽ നം. 955/18.02.22 പ്രകാരം 30,000 രൂപ നൽകി).

മേൽ അപാകതകൾക്ക് വിശദീകരണം നൽകുക. ആവശ്യപ്പെട്ട രേഖകളും ഹാജരാക്കുക

രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ മേൽ ഗുണഭോക്താക്കൾക്ക് നൽകിയ 3,30,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-58 രേഖകളിൽ ക്രമക്കേട് - 2,36,334 രൂപ തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, ഒക്കൽ എന്ന സ്ഥാപനത്തിന് വിവിധ രീതിയിൽ നൽകിയ തുകകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉത്തരവ് നം. | തുക |
|---|---|---|
| 1 | ഡി.പി4-913/21/- 06/05/2021 | 1,10,320 |
| 2 | ഡി.പി4-913/21/- 08/07/2021 | 32,130 |
| 3 | ഡി.പി4-913/21/- 23/07/2021 | 2,79,798 |
| 4 | ഡി.പി4-913/21/- 30/07/2021 | 6,466 |
| 5 | ഡി.പി4-913/21/- 07/09/2021 | 4,90,061 |
| 6 | ഡി.പി4-913/21/- 23/09/2021 | 27,803 |
| 7 | ഡി.പി4-1158/21/- 29/06/2021 | 13,043 |

| | | |
|---|---|---|
| 8 | ഡി.പി4-1158/21/-30/07/2021 | 15,388 |
| 9 | ഡി.പി4-1158/21/-23/09/2021 | 13,043 |
| 10 | ഡി.പി4-1158/21/-22/12/2021 | 13,043 |
| 11 | ഡി.പി4-1553/21/-08/10/2021 | 22,349 |
| 12 | ഡി.പി4-1553/21(1)/-28/10/2021 | 2,16,706 |
| 13 | ഡി.പി4-1553/21(2)/-28/10/2021 | 11,569 |
| 14 | ഡി.പി4-1553/21(3)/-28/10/2021 | 8,000 |
| 15 | ഡി.പി4-1553/21/-30/11/2021 | 2,34,991 |
| 16 | ഡി.പി4-1553/21/-22/12/2021 | 4,08,124 |
| 17 | ഡി.പി4-1553/21/-10/01/2022 | 17,675 |
| 18 | ഡി.പി4-1553/21/-10/01/2021 | 84,373 |
| 19 | ഡി.പി4-1553/21/-16/02/2022 | 6,47,984 |
| 20 | ഡി.പി4-1553/21/-22/03/2022 | 2,08,527 |
| 21 | ഡി.പി4-1553/21/-22/03/2022 | 28,975 |
| 22 | ഡി.പി4-1553/21/-27/03/2022 | 2,49,402 |
| | ആകെ | 31,39,770 |

(1). ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ക്രമ നം. 1 ഉത്തരവ് പ്രകാരം നൽകിയ 1,10,320 രൂപയിൽ കമ്പയിൻഡ് ഹാർവെസ്റ്ററിനും ആയതിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനുമായി 77,625 രൂപ എം.എം കമ്പനി, കുന്നുകര എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്. ഈയിനത്തിൽ 7,500 രൂപ അധികം നൽകിയതായി കാണുന്നു. വിശദവിവരങ്ങൾ ഖണ്ഡിക 3-4 ൽ ചേർത്തിട്ടുണ്ട്.

(2). ക്രമ നം.2 ഉത്തരവ് പ്രകാരം ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ 32,130 രൂപ ശ്രീ ജോണി സി.പി, ചിറ്റുപറമ്പൻ വീട് ഒക്കൽ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ആയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(A). ശ്രീ.ജോണി സി,പി. 10.11.2020 തിയതിയിലെ ഒരു ഇൻവോയ്സ് ആണ് ഹാജരാക്കിയത്. ആയതിൽ 10 ദിവസത്തെ യാത്രയുടെ വിവരങ്ങൾ ഒരുമിച്ച് ചേർത്തിരിക്കുകയാണ്. ഓരോ ദിവസത്തെയും ട്രിപ്പ് ഷീറ്റ് ഹാജരാക്കിയില്ല.

(B). ശ്രീ.ജോണി സി.പി.ഹാജരാക്കിയ ഇൻവോയ്സിൽ സഞ്ചരിച്ച കി.മി മാത്രമാണുള്ളത്. ഓരോ ദിവസത്തെയും ഇനിഷ്യൽ റീഡിംഗും ഫൈനൽ റീഡിംഗും ഇല്ലായിരുന്നു.

(C). 10.11.2020 തിയതിയിലെ ഇൻവോയ്സിൽ 07.12.2020 ലെ യാത്ര സംബന്ധിച്ച വിവരം ചേർത്തിരുന്നു.

(D). 24.09.2020 തിയതിയിൽ ടിയാൻ 7 കൃഷിഭവനകളിൽ യാത്ര ചെയ്ത് വിത്തുകൾ വിതരണം ചെയ്തതായി കാണുന്നു. കൃഷി ഭവനകളും സഞ്ചരിച്ച ദൂരവും ചുവടെ ചേർക്കുന്നു.

കുന്നുകര – 56 കി.മി, പാറക്കടവ് - 50 കി.മി, ചെങ്ങമനാട് - 46 കി.മി, പുത്തൻവേലിക്കര – 72, കി.മി നെടുമ്പാശ്ശേരി - 30 കി.മി, ശ്രീമൂലനഗരം - 24 കി.മി, അശമന്നൂർ - 38 കി.മി, ആകെ 316 കി.മീ. ഫാമിൽ നിന്ന് ഓരോ കൃഷിഭവനകളിലേക്കും തിരിച്ചും ഉള്ള ദൂരം കണക്കിലെടുത്തിട്ടുണ്ട്. ശരാശരി 35-40 കി.മി ഒരു മണിക്കൂറിന് സഞ്ചരിക്കാം എന്ന് കണക്കാക്കിയാൽ 8-10 മണിക്കൂർ യാത്ര ചെയ്യുന്നതിന് സമയം വേണം. വിത്തുകളുടെ കയറ്റിറക്കത്തിന് പിന്നെയും സമയമെടുക്കും. ഒരു ദിവസം ഇത്രയും കാര്യങ്ങൾ ചെയ്ത് തീർത്തത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നും ഒന്നിലധികം വാഹനം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് തെളിവ് സഹിതം വ്യക്തമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് കൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയില്ല.

(3). ക്രമ നം.5 ഉത്തരവ് പ്രകാരം ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ 2,04,204 രൂപ ശ്രീ ജോണി സി.പി, ചിറ്റുപറമ്പൻ വീട് ഒക്കൽ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ആയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

ഹാജരാക്കിയ ഇൻവോയ്സിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | യാത്ര ചെയ്ത തിയതി | യാത്ര ചെയ്ത സ്ഥാപനം | നൽകിയ ഗ്രോബാഗ് | യാത്ര ചെയ്ത ദൂരം |
|---|---|---|---|---|
| 1 | 28.01.2021 മുതൽ 10.02.2021 വരെ | കൃഷിഭവൻ, ഏലൂർ | 4975 | 2014 കി.മീ. |
| 2 | 15.02.2021മുതൽ 06.03.2021 വരെ | കൃഷിഭവൻ, കടുങ്ങല്ലൂർ | 1245 | 723 കി.മീ. |
| 3 | 08.03.2021 മുതൽ 12.03.2021 വരെ | കൃഷിഭവൻ, ഏലൂർ | 2100 | 856 കി.മീ. |
| 4 | 28.05.2021 മുതൽ 31.05.2021 വരെ | കൃഷിഭവൻ, അശമന്നൂർ | 2150 | 454 കി.മീ. |
| 5 | 15.06.2021 മുതൽ 21.06.2021 വരെ | കൃഷിഭവൻ, ഒക്കൽ | 2975 | 421 കി.മീ. |

(A). 28.01.2021 മുതൽ 21.06.2021 വരെയുള്ള ദിവസങ്ങളിലെ യാത്രയുടെ വിവരങ്ങൾ ഒരുമിച്ച് ചേർത്തിരിക്കുകയാണ്. ഓരോ ദിവസത്തെയും ട്രിപ്പ് ഷീറ്റ് ഹാജരാക്കിയില്ല.

(B). ഓരോ കൃഷിഭവനകളിലേക്കും ഒന്നിലധികം തവണ ഒരു ദിവസം തന്നെ യാത്ര ചെയ്തിട്ടുണ്ടെന്ന് വ്യക്തമാണ്. ഓരോ കൃഷിഭവനകളിലേക്കും നടത്തിയ യാത്രകളുടെ എണ്ണവും കൊണ്ടുപോയ ഗ്രോ ബാഗുകളുടെ എണ്ണവും തമ്മിൽ വൻവ്യത്യാസം കാണുന്നു. ഏലൂർ കൃഷിഭവനിലേക്കും തിരിച്ചുമുള്ള ദൂരം 74 കി.മി യാണെന്ന് ടിയാൻ 10.11.2020 ൽ നൽകിയ ഇൻവോയ്സിൽ കാണുന്നു. ഇതനുസരിച്ച് ക്രമ നം. 1,3 എന്നിവയിൽ യഥാക്രമം 27, 11 എന്നിങ്ങനെ തവണ യാത്ര ചെയ്തതായി കാണാവുന്നതാണ്. ഇതനുസരിച്ച് ഓരോ യാത്രയിലും യഥാക്രമം 184, 190 എന്നിങ്ങനെ ഗ്രോബാഗുകൾ നൽകിയതായി കാണാവുന്നതാണ്. കടുങ്ങല്ലൂർ കൃഷിഭവനിലേക്ക് നൽകിയ 1245 ഗ്രോബാഗുകൾ 180 ഗ്രോബാഗ്/യാത്ര നിരക്കാണെങ്കിൽ 7 യാത്രയാണ് നടത്തേണ്ടത്. ആ സാഹചര്യത്തിൽ ഓരോ യാത്രക്കും സഞ്ചരിച്ച ദൂരം 723/7 = 103 കി.മി വരും. ആയത് യുക്തിസഹമല്ല. പ്രസ്തുത അപാകതകക്ക് വിശദീകരണം നൽകുന്നതിനും കൃഷിഭവന്റെ കീഴിലുള്ള വിവിധ പ്രദേശങ്ങളിലാണ് വിതരണം ചെയ്തതെങ്കിൽ ആയത് വ്യക്തമാക്കുന്ന രേഖകളും ഓരോ യാത്രയിലും എത്ര ഗ്രോബാഗുകൾ വിതരണം ചെയ്യാൻ കഴിയുമെന്നുള്ളതും വ്യക്തമാക്കണമെന്നും എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിത് വരെ മറുപടി ഹാജരാക്കിയില്ല.

(C). 15.06.2021 മുതൽ 21.06.2021 വരെ ഒക്കൽ കൃഷിഭവനിൽ 2975 ഗ്രോബാഗുകൾ നൽകിയതായി ക്രമ നം.5 ൽ ചേർത്തിട്ടുണ്ട്. ഒക്കൽ കൃഷിഭവൻ സംസ്ഥാന വിത്തുത്പാദനകേന്ദ്രത്തിന്റെ തൊട്ടടുത്ത കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു യാത്രയിൽ 180 ഗ്രോ ബാഗുകൾ എന്ന നിരക്കിൽ സൂചിപ്പിച്ച നിരക്ക് കണക്കാക്കുകയാണെങ്കിൽ 17 യാത്രകളാണ് നടത്തേണ്ടത്. ഒരു യാത്രക്ക് ശരാശരി 25 കി.മി. സഞ്ചരിച്ചതായി കാണാം. Www.dop.lsgkerala.gov.in എന്ന പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ വെബ്സൈറ്റ് പ്രകാരം ഒക്കൽ പഞ്ചായത്തിന്റെ വിസ്തീർണ്ണം 12.8 ച.കി.മിയാണ്. പഞ്ചായത്ത് മുഴുവൻ രണ്ടോ മൂന്നോ പ്രാവശ്യം ചുറ്റിക്കറങ്ങുന്നതിന് തുല്യമായ 17 യാത്രകളാണ് നടത്തിയിരിക്കുന്നത് എന്നത് പ്രഥമ ദൃഷ്ട്യാ വിശ്വസനീയമല്ല. വിശദീകരണം നൽകേണ്ടതാണ്.

(D). 03.07.2021 തിയതിയിൽ രണ്ട് ഇൻവോയ്സുകളിലാണ് തുക നൽകിയിരിക്കുന്നത്. രണ്ട് ഇൻവോയ്സിലും ചുവടെ ചേർത്തിരിക്കുന്ന തിയതിയിൽ വിതരണം നടത്തിയതായി കാണാവുന്നതാണ്.

01.03.2021, 06.03.2021 തിയതികളിൽ കടുങ്ങല്ലൂർ കൃഷിഭവനിൽ ഗ്രോബാഗ് നൽകിയതായി ഒരു ഇൻവോയ്സിൽ രേഖപ്പെടുത്തിയപ്പോൾ രണ്ടാമത്തെ ഇൻവോയ്സിൽ 01.03.2021 ൽ കാഞ്ഞൂർ, കാലടി, തുറവൂർ കൃഷിഭവനുകളിലും, 06.03.2021 ൽ കുവപ്പടി, വേങ്ങൂർ, രായമംഗലം, പെരുമ്പാവൂർ കൃഷിഭവനുകളിലും പച്ചക്കറി വിത്ത് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. 10.03.2021, 17.06.2021, 21.06.2021 തിയതികളിൽ യഥാക്രമം ഏലൂർ, ഒക്കൽ കൃഷിഭവനുകളിൽ ഗ്രോബാഗ് നൽകിയതായി ഒരു ഇൻവോയ്സിൽ രേഖപ്പെടുത്തിയപ്പോൾ പ്രസ്തുത തിയതികളിൽ ആയവന, മാറാടി, മുടക്കുഴ, കുന്നത്ത് നാട്, പുത്തൻകുരിശ്, പെരുമ്പാവൂർ, രായമംഗലം എന്നീ കൃഷിഭവനുകളിൽ പച്ചക്കറി വിത്തുകൾ നൽകിയതായി രണ്ടാമത്തെ ഇൻവോയ്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. ട്രിപ് ഷീറ്റിന്റെ അഭാവത്തിൽ സഞ്ചരിച്ച ദൂരം, സമയം, ഉപയോഗിച്ച വാഹനം/വാഹനങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തതയില്ല. പ്രസ്തുത അപാകതയ്ക്കും വിശദീകരണം നൽകേണ്ടതാണ്.
രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ മേൽ ഇനങ്ങൾക്ക് ചിലവായ തുകയായ 2,36,334 (32,130+2,04,204) രൂപ തടസ്സപ്പെടുത്തുന്നു.

4. 22.06.2020 മുതൽ 19.03.2021 വരെയുള്ള കാലയളവിലെ ഇന്ധനം വാങ്ങിയതിന് ചെലവായ 89,695 രൂപയുടെ ബില്ലുകൾ 05.08.2021 ൽ O.F5/21 നം. റിക്വിസിഷൻ പ്രകാരമാണ് സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചതായി കാണുന്നത്. ഇത്രയും വൈകി സമർപ്പിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുന്നതിനും മേൽ ഇന്ധനം എന്തിനാണ് ഉപയോഗിച്ചത് എന്നും വ്യക്തമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയില്ല. 08.10.2020 ൽ 120 ലിറ്റർ ഡീസൽ ഉപയോഗിച്ചതായി കാണുന്നുണ്ട്. ആയതും വ്യക്തമാക്കേണ്ടതാണ്.

5. ടെണ്ടർ നോട്ടീസിന്റെ പത്ര പരസ്യത്തിനായി ചുവടെ ചേർക്കുന്ന തുകകൾ നൽകിയതായി കാണുന്നു.

(എ). ദേശാഭിമാനി പത്രം 17,693 രൂപ – (ഇൻവോയ്സ് നം. CHN/21-22/0983/30.07.2021)

(ബി). ദേശാഭിമാനി പത്രം 10,113 രൂപ – (ഇൻവോയ്സ് നം. CHN/21-22/1066/05.08.2021)

(സി). മാതൃഭൂമി പത്രം 17,693 രൂപ – (ഇൻവോയ്സ് നം. 21-22/570/14.08.2021)

(ഡി). ജനയുഗം പത്രം 3,780 രൂപ – (ഇൻവോയ്സ് നം. 2021070292/23.07.2021)

(ഇ). ജനയുഗം പത്രം 2,693 രൂപ – (ഇൻവോയ്സ് നം. 2021080037/06.08.2021)

മേൽ പത്ര പരസ്യത്തിന്റെ പതിപ്പ് ഹാജരാക്കുക. ജില്ലാ പഞ്ചായത്തിന്റെ 25.06.2021 ലെ 2(12) തീരുമാനപ്രകാരം സർക്കുലേഷൻ കൂടുതലുള്ള രണ്ട് പത്രങ്ങളിൽ പരസ്യം നൽകാനാണ് നിർദ്ദേശിച്ചിരുന്നത്. ഇവിടെ 3 പത്രങ്ങളിൽ പരസ്യം നൽകിയതായി കാണുന്നു. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-59 പെണ്ണെഴുത്ത് നൂതന പദ്ധതി -64,587 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | 1241/22 |
| അടങ്കൽ | 2,00,000 രൂപ (തനത് ഫണ്ട്) |
| ചെലവ് | 64,587 രൂപ<br>ബിൽ നമ്പർ |

| | 1497/25.03.22 |
|---|---|

എറണാകുളം ജില്ലയിലെ വനിതകളുടെ സാഹിത്യവാസന പ്രോത്സാഹിപ്പിക്കുന്നതിനായി, ഗ്രാമീണ സ്ത്രീകളായ എഴുത്തുകാരിൽ നിന്ന് തെരഞ്ഞെടുത്ത നൂറു കവിതകൾ പുസ്തകമായി പ്രസിദ്ധീകരിക്കുന്നതിനും വ്യാപകമായി വിതരണം ചെയ്യുന്നതിനുമായി വിഭാവനം ചെയ്തതാണ് ഈ നൂതന പ്രോജക്ട്. ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1)ക്വട്ടേഷൻ നടപടിക്രമങ്ങളിലെ അപാകങ്ങൾ.

പെണ്ണെഴുത്ത് എന്ന പുസ്തകം പ്രിന്റ് ചെയ്യുന്നതിനായി 19/11/2021 ൽ WCD/EKM/A3-1276/21 നമ്പർ ആയി ക്വട്ടേഷൻ ക്ഷണിച്ചു.( 1000 Copies Of Book On Pennezuthu In 14*21 Cm Size Having 124 + Cover.Text Single Black Colour Printing In 70gsm Mapilitho Paper And Cover 4 Colour Printing In 170 Gsm Art Paper With Mat Lamination & Perfect Binding ) എന്നതായിരുന്നു സ്പെസിഫിക്കേഷൻ.

KPBS 05.11.2021ൽ PL-1554/2021/3414 പ്രകാരം മേൽ സേപെസിഫിക്കേഷനിൽ 1000 ബുക്ക് അച്ചടിച്ച് നൽകുന്നതിന് 39350+ ടാക്സ് എന്ന ക്വട്ടേഷൻ നൽകി. തുടർന്ന്കോപ്പികളുടെ എണ്ണം 2000 എന്ന് പുനർ നിർണ്ണയിക്കപ്പെടുകയും ഇതിന് 62960+ ടാക്സ് എന്ന റീവൈസ്ഡ് എസ്റ്റിമേറ്റ് 15.12.2021 ൽ (PL1554/2021/3780) KPBS നൽകുകയും ചെയ്തു.

ഈ റീവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് 18.12.21 ൽ DWCD/EKM/A-42276/21 ആയി വർക്ക് ഓർഡർ നൽകിയിട്ടുള്ളത്. 2021 ഡിസംബർ 28നു മുമ്പായി കോപ്പികൾ എത്തിക്കണമെന്നാണ് വർക്ക് ഓർഡറിൽ പറഞ്ഞിരുന്നത്. എന്നാൽ ഇതു സംബന്ധിച്ച് KPBS മായി എഗ്രിമെന്റിൽ ഏർപ്പെട്ട രേഖകൾ ഫയലിൽ ലഭ്യമല്ല. 28.02.2022 ന് KPBS വീണ്ടും റീവൈസ്ഡ് ക്വട്ടേഷൻ നൽകുകയും. 176+കവർ എന്ന വ്യത്യാസത്തോടെ 2000 കോപ്പിക്ക് 79280+ ടാക്സ് എന്ന തുക ക്വോട്ട് ചെയ്യുകയും ചെയ്തു. ഇപ്രകാരം സ്പെസിഫിക്കേഷൻ മാറ്റിയതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.പുതുക്കിയ ക്വട്ടേഷൻ സ്വീകരിക്കുന്നതിനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

2)പുസ്തകപ്രസാധന തിയ്യതിലെ വൈരുദ്ധ്യം- 64587 രൂപ തടസ്സപ്പെടുത്തുന്നു.

ഫയൽ പരിശോധനയിൽ പുസ്തകം അച്ചടിച്ച് നൽകിയത് 19.03.2022 നാണെന്നു കാണുന്നു.വർക്ക് ഓർഡറിലെ നിർദ്ദേശം പാലിക്കാതിരുന്നതിന് യാതൊരു നടപടിയും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നും ഉണ്ടായില്ല. ഇപ്രകാരം അച്ചടിച്ച് നൽകിയ പുസ്തകങ്ങൾ മഷി പടർന്നിറങ്ങിയതും ഗുണനിലവാരമില്ലാത്തുമായിരുന്നുവെന്ന് ഫയലിലെ രേഖപ്പെടുത്തലിൽനിന്നും വ്യക്തമാകുന്നു. എഗ്രിമെന്റ് വെയ്ക്കുക,ഗുണനിലവാരം ഉറപ്പു വരുത്താനായി ഡ്രാഫ്റ്റ് പ്രതി വരുത്തി പരിശോധിക്കുക തുടങ്ങിയ കാര്യങ്ങളൊന്നും നടത്തിയിട്ടില്ല എന്നും വ്യക്തമാകുന്നു.തുടർന്ന് വീണ്ടും പ്രിന്റ് ചെയ്യാൻ നിർദ്ദേശിച്ചതനുസരിച്ച് (കത്ത് നം.WCD/EKM/A31276 തി.24.3.2022) പുസ്തകം വീണ്ടും അച്ചടിക്കുകയും 31.3.2022ന് ലഭ്യമാക്കുകയും ചെയ്തതായി ഫയലിലെ രേഖകളിൽ കാണുന്നു. ഇതിനെ തുടർന്ന് FA6/PR(Misc)2021-22/KPBS/1728/31.03.22 ബിൽ പ്രകാരം 2000 പ്രതികളുടെ തുകയായി 88794 രൂപാ 26/08/22-ന് നൽകുകയും ചെയ്തിട്ടുണ്ട്. ഈ 2000 പുസ്തകം സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമല്ല. നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ വർക്ക് ഓർഡർ പ്രകാരം നൽകേണ്ട തുക 70516 രൂപാ മാത്രമാണ്.(62960+ 3778(SGST6%)+3778(CGST6%). നൽകിയത് 88794 രൂപയാണ്. (79280+ടാക്സ്). ഈയിനത്തിൽ 18278/- രൂപാ അധികം നൽകിയിട്ടുണ്ട്.

പുസ്തകം അച്ചടിച്ചു ലഭിച്ചത് 31.03.2022 നാണെങ്കിലും പുസ്തക പ്രകാശനം 28.12.2021 ൽ നടത്തിയ വകയിൽ 64587 /- രൂപാ വിവിധയിനങ്ങളിൽ ചെലവ് ചെയ്തിട്ടുണ്ട്. പുസ്തകം അച്ചടിച്ചു ലഭിക്കുന്നതിനു മുൻപേ പുസ്തക പ്രകാശനം നടത്തിയതിലെ സാംഗത്യം വിശദീകരിക്കേണ്ടതുണ്ട്. പുസ്തക പ്രകാശനം സംബന്ധിച്ച വിശദാംശങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈയിനത്തിലെ ചെലവ് തുക 64587 /- രൂപാ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 അപ്രന്റീസ് ആക്ട് പ്രകാരമുള്ള തുക പ്രതിപൂരണം ചെയ്തു ലഭിച്ചിട്ടില്ല - 72,000 രൂപ വരവ് നഷ്ടം

ഫയൽ നമ്പർ : DP2-3809/19

വൌച്ചർ നമ്പർ : 395/-09/21

അപ്രന്റീസ് ആക്ട് 1961, സെക്ഷൻ8(1), 11 എ പ്രകാരം ജില്ലാ പഞ്ചായത്തിൽ നിയമിതരായ അപ്രന്റീസ് ട്രെയിനികളുടെ എണ്ണം, ഇവർക്കു വേണ്ടി പഞ്ചായത്ത് ഫണ്ടിൽ നിന്നും, 21-22 വർഷം ചെലവ് ചെയ്ത തുകയുടെ വിവരങ്ങൾ, കേന്ദ്ര സർക്കാരിൽ നിന്നും റീ ഇംബേഴ്സ് ചെയ്തു ലഭിക്കേണ്ട തുകയുടെ വിവരങ്ങൾ എന്നിവ ഓഡിറ്റ് എൻക്വയറി നമ്പർ 24/16.01.2023 പ്രകാരം അവശ്യപ്പെട്ടിരുന്നു. മറുപടിയിൽ എൽ എസ് ജിഡി വിഭാഗത്തിൽ 25.02.2021 മുതൽ 24.02,2022 വരെയുള്ള കാലയളവിൽ 3 സിവിൽ ഡ്രാഫ്റ്റ്സ്മാൻ അപ്രന്റീസുകളെയും, ജില്ലാ പഞ്ചായത്ത് ഓഫീസിൽ 26.02.2021 മുതൽ 25.02.2022 വരെയുള്ള കാലയളവിൽ സ്റ്റെനോ അപ്രന്റീസായി ഒരാളെയും നിയമിച്ചിരുന്നതായി അറിയിച്ചു. പ്രതിമാസം 7000/-രൂപാ നിരക്കിൽ ആകെ 3,36,000 രൂപ ഇവർക്ക് ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. സ്റ്റൈപ്പന്റ് തുകയുടെ 25% അല്ലെങ്കിൽ പരമാവധി ഒരാൾക്ക് 1,500 രൂപ എന്ന നിരക്കിൽ ഈയിനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും 72,000 രൂപ പ്രതിപൂരണം ചെയ്തു ലഭിക്കുവാനുണ്ടെന്ന് ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

മേൽ തുക ലഭ്യമാക്കി ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാർ ലംഘിച്ച് പശുവിനെ വിറ്റു - 60,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ക്ഷീരവർദ്ധിനി 2- പശുക്കൾ, തൊഴുത്ത്-പാക്കേജ് പദ്ധതി (പ്രൊജക്ട് നം. 1112/22) എന്ന പദ്ധതി പ്രകാരം ശ്രീ വർഗീസ് പി.വി, പുളയ്ക്കൽ, ഏഴക്കരനാട്, മണീട് എന്ന ഗുണഭോക്താവിന് രണ്ട് പശുക്കളെ വാങ്ങാൻ 60,000 രൂപ ജില്ലാ പഞ്ചായത്ത് നൽകിയിരുന്നു. (ടാഗ് നം 420053-516866, 420040-870862). നൽകിയ രണ്ട് പശുക്കളെയും, പ്രാദേശിക പരിശോധന സമയത്ത് ടിയാന് ഹാജരാക്കാൻ കഴിഞ്ഞില്ല. ടിയാന് മറ്റു പശുക്കളും ഇല്ലായിരുന്നു. ലഭ്യമായി മൂന്ന് വർഷത്തിനുള്ളിൽ പശുവിനെ വിൽക്കരുത് എന്ന കരാറിലെ ഒന്നാം നമ്പർ നിബന്ധന ലംഘിച്ചതിനാലും പകരം പുതിയ പശുക്കളെ വാങ്ങി ക്ഷീരോത്പാദനം തുടരാതിരുന്ന സാഹചര്യത്തിലും ടിയാന് പശുവിനെ വാങ്ങാൻ ജില്ലാ പഞ്ചായത്ത് നൽകിയ ധനസഹായമായ 60,000 രൂപ ഓഡിറ്റ് നിരാകരിക്കുന്നു. (ബിൽ നം.2171/26.03.2021, പ്ളാൻ ഫണ്ട്, ജനറൽ). ആയത് തിരികെ ലഭ്യമാക്കി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

### 3-2 റിടെൻഷൻ ഇനത്തിൽ 23,352 രൂപ അധികം തിരികെ നൽകി.

പ്രൊജക്ട് നം. 985/2020 - മുളവ്കാട് എസ്.സി സാംസ്കാരിക നിലയം എന്ന പ്രൊജക്ടിന് ബിൽ നം. 72/11.04.2020 പ്രകാരം 41,698 രൂപയാണ് റിടെൻഷൻ ഇനത്തിൽ ഈടാക്കിയത്. എന്നാൽ സെക്രട്ടറിയുടെ ഡി.പി.15/805/21/06.05.21 ഉത്തരവ് പ്രകാരം 65,050 രൂപ റിടെൻഷൻ തിരികെ നൽകിയതായി കാണുന്നു. (വൗച്ചർ നം. 94/05-21). 23,352 രൂപ മേൽ വേലയ്ക്ക് റിടെൻഷൻ ഇനത്തിൽ അധികം നൽകിയതായി കാണുന്നു.ആയത് തിരികെ ഈടാക്കേണ്ടതാണ്.

### 3-3 ജി.എസ്.ടി ചേർത്ത തുകയിൽ വീണ്ടും ജി.എസ്.ടി ഈടാക്കി - 10,212 രൂപ അധികച്ചെലവ്

സൂപ്രണ്ട് ജില്ലാ ആശുപത്രി, ആലുവ നിർവഹണ ഉദ്യോഗസ്ഥയായ പ്രൊജക്ട് നം. 26/22 - ഡയാലിസിസ് സെന്ററിലേക്ക് റിയേജന്റ്സ് വാങ്ങൽ എന്ന പദ്ധതിയുടെ ടെണ്ടർ നടപടിക്രമങ്ങൾ പ്രകാരം ഡിസ്പോവാൻ നൽകിയ ഫാൽക്കൺ ഇന്റർ നാഷണൽ ഡ്രഗ് കമ്പനി ക്വാട്ട് ചെയ്തത് 7.6 രൂപയാണ് (Without Tax). എന്നാൽ ഇൻവോയ്സ് നം. FD-08826/12.08.2021 പ്രകാരം 10,000 സിറിഞ്ച് നൽകിയിരിക്കുന്നത് 8.51 രൂപയ്ക്കാണ്. ക്വാട്ട് ചെയ്ത 7.6 രൂപയുടെ കൂടെ ഇനത്തിന് ബാധകമായ 12 ശതമാനം ജി.എസ്.ടി കൂടി ചേർന്ന തുകയാണ് 8.51 രൂപ.

യഥാർത്ഥത്തിൽ നൽകേണ്ട തുക = 7.6 * 10,000 Nos = 76,000 * 1.12 = 85,120 രൂപ

നൽകിയ തുക = 8.51 * 10,000 = 85,100 * 1.12 =95,312 രൂപ

അധികം നൽകിയ തുക = 95,312-85,100 = 10,212 രൂപ

ഈ ഇനത്തിൽ 10,212 രൂപ അധികം നല്കിയതായി കാണുന്നു. പ്രസ്തുത അധികച്ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു. ആയത് തിരിച്ച് പിടിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 തുക കണക്കാക്കിയതിലെ അപാകത- 7,500 രൂപ അധികം നൽകി

(1). സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ, സംസ്ഥാന വിത്തുത്പാദന കേന്ദ്രം, ഒക്കൽ നൽകിയ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഡി.പി4-913/21/06/05/2021 ഉത്തരവ് പ്രകാരം നൽകിയ 1,10,320 രൂപയിൽ കമ്പയിൻഡ് ഹാർവെസ്റ്ററിനും ആയതിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനുമായി 77,625 രൂപ എം.എം കമ്പനി, കുന്നുകര എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ കാഷ് ബിൽ നം.987383/22.03.21 പ്രകാരമുള്ള ഡാറ്റകൾ ചുവടെ ചേർക്കുന്നു.

സ്റ്റാർട്ടിംഗ് റീഡിംഗ് - 475.25

ക്ളോസിംഗ് റീഡിംഗ് - 505

വർക്കിംഗ് റീഡിംഗ് - 32.75

Idle Hours – 2.5

ബാക്കി 30.25 മണിക്കൂറിന് 2500 രൂപ നിരക്കിൽ 75,625 രൂപയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ 2000 രൂപയുമടക്കമാണ് 77,625 രൂപ നൽകിയത്. എന്നാൽ സ്റ്റാർട്ടിംഗ് ക്ളോസിംഗ് റീഡിംഗുകൾ തമ്മിലുള്ള വ്യത്യാസം 29.75 ആണ്. ഇതിൽ നിന്നും Idle Hours കുറച്ചാൽ 27.25 മണിക്കൂർ ആണ്. 3 മണിക്കൂറിന് 7,500 രൂപ അധികം നൽകിയതായി കാണുന്നു. ഓഡിറ്റ് എൻക്വയറി (നം.22/05.01.2023) മൂലം മേൽ അപാകതയ്ക്ക് വിശദീകരണം തേടിയെങ്കിലും നാളിത് വരെ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽതുക ഓഡിറ്റ് നിരാകരിക്കുന്നു. ആയത് തിരിച്ച് പിടിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ തിയതി |
|---|---|---|
| 2021-2022 | 26.09.2022 | കെഎസ്എ/ഇകൈ എം/ഡിപി/ഇ2/60 /22/29.03.2023 |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാറക്കടവ് ബ്ലോക്ക് | 2021-22 | 50000 | ക്യാൻസർ സെന്റർ | 0 | 50000(തിരിച്ചടച്ചു) |
| വിവിധ ഗ്രാമ പഞ്ചായത്തുകൾ(*) | 21-22 | 6078344 | കാരുണ്യസ്പർശം -തുടർചികിത്സാ പദ്ധതി | 3999482 | 2062862(തിരിച്ചടച്ചു) (16000 നീക്കിബാക്കി.) |
| വിവിധ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ(**) | 2021-22 | 1057500 | കുട്ടികൾക്കായുള്ള ജില്ലാ വെബ് പോർട്ടൽ | 0 | 1057500 |
| വിവിധ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ(***) | 2021-22 | 2290000 | സ്വന്തം -ഏർളി ഇൻവെൻഷൻ സെന്റേർസ് | 2109306 | 180694( തിരിച്ചടച്ചു) |

*അനുബന്ധം 8

**അനുബന്ധം 9

***അനുബന്ധം 10

4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | KWA PH Division Moovattupuzha | പാറത്താഴം കോളനി പൈപ്പ് ലൈൻ നീട്ടൽ- ആയവന ഗ്രാമ പഞ്ചായത്ത് | 22101321 | 18,67,900 | | | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല |
| 2 | KWA PH Division Moovattupuzha | മുളകല്ല് ലക്ഷം വീട് എസ്.സി കോളനി - പമ്പ് സെറ്റ് ,ടാങ്ക്, പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കൽ | 22101941 | 44,39,700 | | | “ |
| 3 | KWA PH Division Moovattupuzha | ഏറ്റുംപുറം പനച്ചാൽ വട്ടമറ്റം പുന്നേക്കാട്, പൈപ്പ് ലൈൻ നീട്ടൽ കീരംപാറ | 22102358 | 20,00,000 | | | “ |
| 4 | KWA PH Division Moovattupuzha | കാലാനിമറ്റത്തുനിന്നും കുറുമല ടാങ്കിലേക്ക് ജി ഐ പൈപ്പ് ലൈൻ നീട്ടൽ | 22102398 | 11,92,000 | | | “ |
| 5 | KWA PH Division Moovattupuzha | ആവോലി ഗ്രാമ പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 22102322 | 11,80,000 | | | “ |
| 6 | KWA PH Division Moovattupuzha | ആവുണ്ട എൽ പി എസ് കല്ലുവെട്ടികുഴിത്താഴം റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ വാളകം | 22102359 | 3,60,000 | | | “ |
| 7 | KWA PH Division Moovattupuzha | പാണാട്ടു പടി തോട്ടുപാടം റോഡിൽ പൈപ്പ് ലൈൻസ്ഥാപിക്കൽ, വാളകം | 22102362 | 2,00,000 | | | “ |
| 8 | KWA PH Division Moovattupuzha | എടക്കാട്ടുപടി പേരിയിൽ റോഡിൽപൈപ്പ് ലൈൻ സ്ഥാപിക്കൽ- വാളകം | 22102365 | 2,50,000 | | | “ |
| 9 | KWA PH Division Moovattupuzha | കടാതി റാക്കാട് മേക്കടമ്പ് എൽപിഎസ് കരവട്ടെ വാളകം പൈപ്പ് ലൈൻ സ്ഥാപിക്കൽ | 22102363 | 2,50,000 | | | “ |
| 10 | KWA PH Division Moovattupuzha | ഡോക്ടർ ക്വാർട്ടേഴ്സ് സ്റ്റേഡിയം റോഡിൽപൈപ്പ് ലൈൻ സ്ഥാപിക്കൽ -വാളകം | 22102361 | 1,40,000 | | | “ |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | KWA PH Division Moovattupuzha | ഒലിയപ്പുറം നോർത്ത് വാട്ടർ സപ്ളൈ സ്കീം പൂർത്തീകരണം-തിരുമാറാടി ഗ്രാമപഞ്ചായത്ത് | 22102366 | 20,00,000 | | | " |
| 12 | KWA PH Division Moovattupuzha | ആമ്പല്ലൂർ കുടിവെള്ള പദ്ധതി-ആമ്പല്ലൂർ | 22102845 | 5,00,000 | | | " |
| 13 | KWA PH Division Aluva | ആമത്തറ കുടിവെള്ള പദ്ധതി- കറുകുറ്റി | 22102011 | 10,00,000 | | | " |
| 14 | KWA PH Division Aluva | തോണ്ടൽ പാലത്തിന് മുകളിലുള്ള കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ-പുത്തൻവേലിക്കര | 22102357 | 1,62,000 | | | " |
| 15 | KWA PH Division Aluva | എത്തിലിതെറ്റ എസ്.സി കോളനി കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ-കറുകുറ്റി | 22101961 | 10,00,000 | 709925 | 290075 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല |
| 16 | KWA PH Division Aluva | പാറക്കടവ് ശുദ്ധ ജല പദ്ധതി-(മാമ്പ്ര)-പാറക്കടവ്. | 22102360 | 10,00,000 | | | " |
| 17 | KWA PH Division Aluva | ശിവജി പുരം കിടങ്ങൂർ റോഡ് കുടിവെള്ള കണക്ഷൻ-ഉറവൂർ ഗ്രാമ പഞ്ചായത്ത് | 22102323 | 20,00,000 | | | " |
| 18 | KWA PH Division Aluva | മാല്യങ്കര കയർസംഘം റോഡിൽ കലുങ്കിന്റെ മുകളിലൂടെ പോകുന്നപൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ വടക്കേക്കര ഗ്രാമ പഞ്ചായത്ത് | 22102010 | 2,00,000 | 171074 | 28926 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല |
| 19 | KWA Water Supply Division,kochi-18 | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ-വാരാപ്പുഴ ഗ്രാമ പഞ്ചായത്ത് | 22102060 | 8,47,000 | | | " |
| 20 | KWA Water Supply Division,kochi-18 | കൈപ്പത്തുർ വെടിമററോഡിൽപൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ-ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത് | 22101885 | 20,00,000 | 1538356 | 461644 | |
| 21 | KWA Water Supply Division,kochi-18 | കോട്ടയിൽ കോവിലകം കുടിവെള്ള പദ്ധതി-ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത് | 22102113 | 30,00,000 | | | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല |
| 22 | KWA Water | മാനാന്തടം എസ്സി | 22102367 | 20,00,000 | | | " |

| | | | | | | | |
|---|---|---|---|---|---|---|---|
| | Supply Division,kochi-18 | കോളനി പെരുന്താറമുഗൾ കുടിവെള്ള പദ്ധതി-തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത് | | | | | |
| 23 | KWA Water Supply Division,kochi-18 | നേൽപ്പുര പറമ്പ് റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ-കരുമാല്ലൂർ ഗ്രാമ പഞ്ചായത്ത് | 22102400 | 2,80,000 | | | “ |
| 24 | KWA Water Supply Division,kochi-18 | കൈപ്പട്ടി റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ കരുമാല്ലൂർ ഗ്രാമ പഞ്ചായത്ത് | 22102399 | 2,49,000 | | | “ |
| 25 | KWA Water Supply Division,kochi-18 | കട്ടപ്പാടം ജംക്ഷൻ മുതൽ ചെറിയത്ത് ജംങ്ഷൻ വരെ പിവിസി പൈപ്പ് ലൈൻ സ്ഥാപിക്കൽ കരുമാല്ലൂർഗ്രാമ പഞ്ചായത്ത് | 22102396 | 25,00,000 | | | “ |
| 26 | KWA Water Supply Division,kochi-18 | വളഞ്ഞമ്പലം വടക്കേടത്തു പറമ്പ് കനാൽ റോഡ് കുടിവെള്ള പൈപ്പിടൽ കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് | 22102078 | 1,40,000 | | | “ |
| 27 | KWA Water Supply Division,kochi-18 | തോപ്പ് റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ-കരുമാല്ലൂർ ഗ്രാമ പഞ്ചായത്ത് | 22102397 | 1,40,000 | | | “ |
| 28 | KWA Water Supply Division,kochi-18 | വട്ടത്തറ കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ കുമ്പളങ്ങി ഗ്രാമ പഞ്ചായത്ത് | 22101988 | 4,70,000 | | | “ |
| 29 | KWA Water Supply Division,kochi-18 | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ പുനരുദ്ധരിക്കൽ മുളവുകാട് ഗ്രാമ പഞ്ചായത്ത് | 22102085 | 20,00,000 | | | “ |
| 30 | KSEB Electrical Section Keerampara | കണാശ്ശേരി ട്രൈബൽ ഷെൽട്ടർ വൈദ്യുതി എത്തിക്കൽ-കുട്ടമ്പുഴ ഗ്രാമ പഞ്ചായത്ത് | 22102364 | 6,94,460 | | | ““ |
| 31 | Minor Irrigation Division Eranakulam | പാലാപ്പുഴ ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം-പാറക്കടവ് ഗ്രാമ പഞ്ചായത്ത് | 22102386 | 10,00,000 | | | “ |

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

